# മ്ശീഹായ്ക്കടുത്ത പഠിപ്പ്.

3.434

മാർ തിമോഥിയൂസ് മെത്രാപ്പോലീത്ത

വില 60 പൈസ.

മാർ നർസൈ പ്രസ്സ്, തൃശ്ശൂർ.

# MESSIANIC TEACHINGS

# മ്ശിഹായുടെ പഠിപ്പ്.

(സുറിയാനിയിൽനിന്ന് ഭാഷാന്തരം ചെയ്യപ്പെട്ടതു്)

434

"ഒരുത്തൻ ഈ പഠിപ്പുംകൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ
വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്,
അവനോട്ട് കുശലം പറയുകയുമരുത്" (2 യോഹ 10)

LIBRARY
12265

പരിഭാഷകൻ:

മലയാളത്തിന്റേയും ഇന്ത്യയുടേയും

**നി. വ. ദി. ശ്രീ.**

**മാർ തിമോഥെയൂസ് മെത്രാപ്പോലീത്ത.**

(പകർപ്പവകാശം പരിഭാഷകനുള്ളതാകുന്നു.)

(ഒമ്പതാംപതിപ്പ് കോപ്പി 1000)

**1971**

പരിഭാഷകന്റെ പ്രത്യേക മുദ്രയില്ലാത്ത പ്രതികൾ
വ്യാജനിർമ്മിതങ്ങളാണ്.

DHARMARAM VIDYA KSHETRAM
Central Library
BANGALORE-560 029

| | | | |
|---|---|---|---|
| 1st | Edition | 1914 | 2500 |
| 2nd | ,, | 1926 | 2000 |
| 3rd | ,, | 1935 | 1000 |
| 4th | ,, | 1948 | 1000 |
| 5th | ,, | 1952 | 1000 |
| 6th | ,, | 1953 | 2000 |
| 7th | ,, | 1960 | 3000 |
| 8th | ,, | 1969 | 1000 |
| 9th | ,, | 1971 | 1000 |


ARMARAM VIDYA KSHETRAM
LIBRARY
. No. ..............................
l No. ..............................
17/268.434

Printed at the
MAR NARSAI PRESS,
Trichur.

ചോദ്യോത്തര രീതിയിൽ
ഉണ്ടാക്കിയ

# മ്ശിഹായ്ക്കടുത്ത പഠിപ്പ്

# പ്രാൎത്ഥനകൾ.

(1)

ഞങ്ങളുടെ കൎത്താവും ദൈവവുമായുള്ളോവേ! ദൈവീകവും ജീവിപ്പിക്കുന്നതുമായ നിൻെറ കല്പനകളുടെ മധുരമുള്ള സ്വരത്തെ ശ്രദ്ധയോടെ കേൾക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നുമായി ഞങ്ങളുടെ ഉള്ളിന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുകയും, ഞങ്ങളുടെ ആത്മശരീരങ്ങൾക്കു് ഉതകുന്ന ഗുണങ്ങളായ സ്നേഹം പ്രത്യാശ, രക്ഷ എന്നിവയെ നിൻെറ കരുണയാലും കൃപയാലും അവയിൽനിന്നു് പെറുക്കി എടുക്കുവാനും, ഞങ്ങൾ ഇടവിടാതെ എല്ലായ്പോഴും നിനക്കു് സ്തോത്രം പാടേണ്ടുന്നതിന്നും ഞങ്ങൾക്കു നല്കുകയും, ചെയ്യുമാറാകേണമേ; എന്നന്നേക്കും സൎവ്വനാഥനായ പിതാവും പുത്രനും റൂഹാദ്കുദ്ദശായും ആയുള്ളോവേ! ആമീൻ.

(2)

കൎത്താവേ! ഞങ്ങളുടെ ജീവകാലം മുഴുവനും ഞങ്ങൾ നിൻേറതാകുവാനും, നിന്നെ ഭയപ്പെടുവാനും, നിൻെറ വചനത്തിങ്കൽ നടുങ്ങുവാനും, നിൻെറ ന്യായവിധിയിൽനിന്നു് വിറെക്കുവാനും, നിൻെറ കല്പനകളെ സൂക്ഷിക്കുവാനും, നീതിയുടെ സൽപ്രവൃത്തികളാൽ നിൻെറ ദൈവത്വത്തെ പ്രസാദിപ്പിപ്പാനും ഞങ്ങൾക്കു് നല്കുമാറാകേണമേ! സൎവ്വനാഥനായ പിതാവും പുത്രനും റൂഹാദ്കുദ്ദശായുമായുള്ളോവേ! ആമീൻ.

# മുഖവുര.

ദൈവകൃപയാൽ മലയാളത്തിന്റെയും,

ഇന്ത്യയുടേയും

## തിമോഥെയൂസ് മെത്രാപ്പോലീത്താ.

സുറിയാനിനാമവും ആചാരാദികളും അഭിമാന

ത്തോടെ പിടിച്ചുനില്ക്കുന്ന മലയാളത്തിലുള്ള

സഭയുടെ മക്കളായ എല്ലാ സംഘക്കാർക്കും

നമ്മുടെ കർത്താവിൽ സമാധാനം

വർദ്ധിക്കുമാറാകട്ടെ.

---

മലയാളത്തിലുള്ള ഈ സുറിയാനിസഭ കിഴക്കിന്റെ വിശുദ്ധ ശ്ലീഹായ്ക്കടുത്ത മാതൃസഭയുടെ സന്താനങ്ങളിലൊന്നല്ലാതെ മറ്റൊന്നുമല്ലെന്നു വിവേകമുള്ള ഏവർക്കും പ്രത്യക്ഷമായിട്ടുള്ളതാണ്. അതിന്റെ പരിപാലകനും, പിതാവുമായ ദേഹം സാലിക്—ക്റെറസിഫൺ എന്ന നഗരങ്ങളിൽ "കോക്കി" എന്ന ഭദ്രാസനപ്പള്ളിയിൽ സിംഹാസനാരൂഢനായിരുന്നു. സർവ്വസമ്മതമായ പൊതുകാനോൻ നിയമങ്ങളാൽ കിഴക്കിന്നടുത്ത ഈ സഭയുടെ അനുസരണവും കീഴ്‌വഴക്കവും അദ്ദേഹത്തിനു് യോഗ്യമായിട്ടുള്ളതാകുന്നു. കിഴക്കിന്റെ ശ്ലീഹായ്ക്കടുത്ത പാത്രിയർക്കാസിംഹാസനത്തിൽനിന്നു് ആദിമുതൽക്കേ മലയാളത്തിലേക്കു് തക്കസമയങ്ങളിൽ പരിപാലകന്മാരും ശിഷ്യന്മാരെ ഉണ്ടാക്കുന്ന ഉപദേഷ്ടാക്കന്മാരുമായി പിതാക്കന്മാർ അയയ്ക്കപ്പെട്ടിരുന്നു.

എന്നാൽ ഇപ്പോഴം ജ്ഞാനികളായുള്ളോരേ! താഴെ പറയുന്ന ലജ്ജാവഹമായ സംഗതികളെ സൂക്ഷ്മമായി ആലോചിച്ച് നിഷ്കളങ്കഹൃദയത്തോടെ വിവേചിപ്പിൻ. ഈ കഴിഞ്ഞ രണ്ടോ മൂന്നോ ശതാബ്ദങ്ങൾക്കുള്ളിൽ സഭാചരിത്രത്തിൽ "ഇന്നലെയും മിനിഞ്ഞാന്നും" — സത്യത്തെ ദ്വേഷിക്കുന്നവരാൽ അടിമകളാക്കപ്പെട്ട വഞ്ചനയുടെ വയലിൽ നാശത്തിന്റെ കളകളെ വളർത്തുവാനായി പ്രയത്നിപ്പാൻ ഭയമില്ലാത്ത നുകം കഴുത്തിൽ

കെട്ടപ്പെട്ടിരിക്കുന്നവർ യഥാർത്ഥ മാതാവായ വിശുദ്ധസഭയെ കുറിച്ച് തങ്ങൾ ഒരിക്കലും അവരുടെ സന്തതികളല്ലെന്നും എന്നാൽ തങ്ങളെ നിർദ്ദയമായി അടിമപ്പെടുത്തി പിതാവായ പാതിർയക്കീസിനെയും, മാതാവായ പൂർവ്വീക സഭയേയും സംബന്ധിച്ച് തങ്ങളെ അറിയിക്കയും ഓർപ്പിക്കയും ചെയ്യുന്നു. എല്ലാ അടയാളങ്ങളും രേഖകളും വേരോടെ പറിച്ചുകളകയും, ഹോമിച്ച് നശിപ്പിക്കുകയും, പൊളിച്ചു നിലമ്പരിശാക്കുകയും ചെയ്തു. "വിശുദ്ധന്മാരുടെ രക്തംകൊണ്ടും ഈശോവിന്റെ സാക്ഷികളുടെ രക്തംകൊണ്ടും മത്തയായിരിക്കുന്ന" ആ ദുഷ്ടസ്ത്രീയുടെ മക്കളാകുന്നു എന്നും വൃഥാ സംസാരിക്കുകയും, ശ്ലീഹാസ്ഥൂട്ടത്ത വിശുദ്ധ കിഴക്കെ സഭയായ സ്വന്തമാതാവിനെ ശകാരിക്കയും ചെയ്യുന്നു! നിർദ്ദോഷികളായ സാധുക്കളും എന്നാൽ അഹമ്മതികളായ മൂഢന്മാരും ആയിട്ടുള്ള ഇവർ തങ്ങളെ അടിമപ്പെടുത്തിയവരെ അനുഗമിച്ച് തങ്ങളുടെ അമ്മയല്ലാത്ത അമ്മയുടെ സ്തുതികൾ ഉരുവിടുന്നു. അവരെ അടിമപ്പെടുത്തിയവരോ, അന്നു് മുതൽ ഇന്നുവരെ തങ്ങളുടെ അടിമകളുടെ മതവിശ്വാസാചാരനടവടി ക്രമങ്ങൾ എന്നുവേണ്ട, നിവൃത്തിയുണ്ടെങ്കിൽ മൂർത്തിയും ശരീരവും കൂടെ ഉരുക്കി പാശ്ചാത്യലത്തീൻകാരുടെ അച്ചിൽ വാർത്തെടുപ്പാൻ അക്ഷീണമായി പ്രയത്നിക്കുകയും ജാഗ്രതയോടെ ഉറക്കമൊഴിച്ചിരിക്കയും ചെയ്യുന്നു. അവരുടെ ശ്രമം മിക്കവാറും സാധിച്ചിരിക്കുന്നു; ഇപ്പോഴും സാധിച്ചുവരുന്നു.

എന്നാൽ അന്ധന്മാരായ മേൽപറഞ്ഞ അടിമവർഗ്ഗത്തിൽ സ്വാതന്ത്ര്യത്തിന്നുള്ള ആഗ്രഹവും അടയാളവും ഇനിയും വല്ലതും ശേഷിച്ച് കിടപ്പുണ്ടെങ്കിൽ അവർ ഏതു് വർഗ്ഗത്തിൽപ്പെട്ടവരാണെന്നും, ഏതു് സംഘക്കാരാണെന്നും, അവർ പാശ്ചാത്യരോടല്ല, പൂർവ്വികന്മാരോടുതന്നെ ചേർന്നവരാണെന്നും, മലയാളത്തിലുള്ള സഭ ആദിമുതലെ മാർപ്പാപ്പയുടെ ഭരണത്തിൻ കീഴിലായിരുന്നു...." എന്നിങ്ങിനെ ഘോഷിക്കുന്നതു് അവാസ്തവമാണെന്നും, അങ്ങിനെ ഉണ്ടെന്നു പറയുന്ന സംബന്ധം അവർ അവരുടെ പിതാക്കന്മാരുടെ പേരിൽ ഉന്തിക്കയററുന്നതാണെന്നും സ്പഷ്ടമായി കാണിപ്പാൻ മതിയായ അടയാളങ്ങളും ലക്ഷ്യങ്ങളും അവരുടെ അധീനത്തിലും കൈവശംതന്നെയുമുണ്ടു*.

അടിമകളായ തങ്ങളുടെ നിലയെ പാലിക്കുവാൻ ശ്രമിക്കുന്നവരേ! നിങ്ങൾ അടിസ്ഥാനമില്ലാതെ പറയുന്നതുപോലെ തന്നെയാണ് നിങ്ങളുടെ നിലയും, എന്നാൽ പ്രിയപ്പെട്ടവരേ! സൂക്ഷിപ്പിൻ. എന്തുകൊണ്ടെന്നാൽ നിങ്ങൾ കേവലം അജ്ഞന്മാരായി നിങ്ങളുടെ പിതാക്കന്മാരുടെ പേരിൽ മേൽപറഞ്ഞവിധം വാസ്തവമല്ലാത്ത സംബന്ധത്തെ ചുമത്തി അവരെ ധിക്കരിക്കയും ശകാരിക്കയും ചെയ്യുന്നുവെങ്കിൽ അതു് വലിയ പാപവും അക്രമവുമാകുന്നു. നിർദ്ദോഷികളായ അവർ മാധുര്യമേറിയ വിശിഷ്ടനാമധേയത്തോടുകൂടെ കിഴക്കിന്റെ ശ്ലീഹായ്ക്കടുത്ത വിശുദ്ധസഭയുടെ സത്യവിശ്വാസത്തിൽ ഈ ലോകത്തിൽനിന്നു് കടന്നുപോയിരിക്കുന്നു. നിങ്ങൾ ന്യായമായി വിധിക്കയും നിഷ്പക്ഷമായി സംസാരിക്കയും ചെയ്യുമെങ്കിൽ, സത്യം സാക്ഷി, നാം നമ്മുടെ പൂർണ്ണഹൃദയത്തോടെ നിങ്ങളെ സ്നേഹിക്കുന്നു. നമ്മുടെ വന്ദിക്കപ്പെട്ടവനായ കർത്താവു് യൂദന്മാർക്കു് ഇസ്രായിലിന്റെ പ്രത്യാശ താൻ തന്നെയാണെന്നു് വെളിപ്പെടുത്തുവാൻ ഇഷ്ടപ്പെട്ടപ്പോൾ അവരോടു് കല്പിച്ചുപറഞ്ഞു: "നിങ്ങൾക്കു് അവയിൽ നിത്യജീവനുണ്ടു് എന്നു് നിങ്ങൾ ആശ്രയിക്കുന്ന പുസ്തകങ്ങളെ (തിരുവെഴുത്തുകളെ) പരിശോധിപ്പിൻ. അവതന്നെ എന്നെ കുറിച്ചു് സാക്ഷിപ്പെടുത്തുന്നു". * നാമും കല്പനപ്രകാരമുള്ള ഈ പ്രമാണത്തിനു് കീഴ്പ്പെട്ടുകൊണ്ടു് നിങ്ങളോടു് അപേക്ഷിക്കയും ആവശ്യപ്പെടുകയും ചെയ്യുന്നതു്, നിങ്ങൾ ആശ്രയിച്ചിരിക്കുന്ന പുസ്തകങ്ങളെ—അതായതു്, ശ്ലീഹന്മാരുടെ കൂദാശ തക്കസ, മരിച്ചവരുടെ ശവസംസ്കാരശുശ്രൂഷക്രമം, കാനോൻ നിയമപ്രകാരമുള്ള നമസ്കാരപുസ്തകം, ബാക്കി നിങ്ങളുടെ കൈവശം ശേഷിപ്പുള്ള സുറിയാനി പുസ്തകങ്ങൾ—ഇവയെത്തന്നെ പരിശോധിപ്പിൻ. എന്നാൽ, നിങ്ങൾ പാശ്ചാത്യന്മാരുടെ കീഴിലല്ലായിരുന്നുവെന്നും, നേരെ മറിച്ചു് നിങ്ങൾ ഇന്നും നിഷേധിക്കയും ധിക്കരിക്കയും ചെയ്യുന്ന നിങ്ങളുടെ അമ്മയായ കിഴക്കെ സഭയോടുകൂടെ ആയിരുന്നുവെന്നും നാം പറയുന്നതു് സത്യമാണെന്നു് അവ തന്നെ നമ്മെ കുറിച്ചു് സാക്ഷിപ്പെടുത്തും; സംശയമില്ല. പുത്രൻ ആയിരം പ്രാവശ്യം പിതാവിനെ ശകാരിച്ചാലും അവന്റെ പിതൃത്വം നിഷേധിച്ചാലും, പുത്രൻ പിതാവിന്റെ പുത്രൻതന്നെ

* യോഹ: 5: 39

യാകുന്നു ആ മകൻ, ആക്രമിയും ക്രൂരനുമായ ഒരു യജമാനന്റെ ദാസനും അടിമയുമായിതീന്നാലും തന്റെ പിതാവിന്റെ മകന ല്ലെന്നു് ഒരുകാലത്തും സ്ഥാപിക്കപ്പെടാവുന്നതല്ല.

മേൽപ്പറഞ്ഞ ഗണത്തിന്നു പുറമെ വേറൊരു വകുപ്പുകാരും ഉണ്ടു്. അവരും കൈ ഉയത്തിക്കൊണ്ടു് ആലോചന കൂടാതെ വിളിച്ചുപറയുന്നതു്: "അല്ല മലയാളത്തിലുള്ള ഈ സഭ ആദിമുത ലേ ഞങ്ങളുടേതായിരുന്നു...." എന്നാണു്. മുൻപറഞ്ഞ അടിമ കളായ തങ്ങളുടെ സഹോദരന്മാരെപ്പോലെ ഇരുവരും അടിസ്ഥാ നമില്ലാത്ത കളവുകളെക്കൊണ്ടു് തങ്ങളെത്തന്നെ തൃപ്തിപ്പെടുത്തു കയും സന്തോഷിപ്പിക്കയും ചെയ്യുന്നു. എന്നാൽ ഒടുവിൽ പറ ഞ്ഞ നമ്മുടെ പ്രിയപ്പെട്ട സഹോദരന്മാർ, തെററായിട്ടും അറി വില്ലാതെയും കുഴിയിൽ വീണുപോയി. ആ കുഴിയിലെ അന്ധ കാരം അവക്കു് പ്രിയമായിട്ടുള്ളതാണെങ്കിലും ദൈവം തന്നെ തന്റെ കൃപയാൽ അവരുടെ വാത്സല്യമേറിയ അമ്മയുടെ മാറ്വി ടമായ സമാധാനത്തിന്റെ വാസസ്ഥലത്തെക്കു തങ്ങളുടെ വഴി തിരിക്കുവാൻ അറിവിന്റെ വെളിച്ചം അവരുടെ മേൽ പ്രകാശി ക്കുമാറാകട്ടെ

ഇവരും തങ്ങളുടെ സഹോദരന്മാരോടുകൂടെ ഒരു കൂട്ടമായി നിഷ്ഠൂരാക്രമികളാൽ നിർദ്ദയമായവിധം അടിമകളാക്കപ്പെട്ട വരാണു്. എന്നാൽ സത്യത്തെയും അവരെയും പകക്കുന്നവരായി തങ്ങളെ അടിമപ്പെടുത്തിയവരുടെ ദുരാന്തരവും കപടസ്നേഹവും തൽക്ഷണം അറിഞ്ഞതിനാൽ തങ്ങളുടേയും തങ്ങളുടെ ആത്മാ ക്കളുടേയും രക്ഷക്കും വാഗ്ദത്തം ചെയ്യപ്പെട്ട ജീവന്നുവേണ്ടി ത ങ്ങളുടേയും തങ്ങളുടെ വിശുദ്ധ സഭയുടേയും ബഹുമാനത്തെ മുൻ നിറുത്തിക്കൊണ്ടു് ആ സന്ധ്യയിലെ ചെന്നായ്ക്കളുടെ ഇടയിൽ നിന്നു് ഓടിപ്പോയി. എങ്കിലും അവർ തങ്ങളുടെ വാത്സല്യമേ റിയ അമ്മയുടെ മാറ്വിടത്തിലേക്കുള്ള ഓട്ടത്തിൽ മേൽഗതി നല്ല വണ്ണം ആലോചിക്കാത്തതുകൊണ്ടു് – ഹാ കഷ്ടം!—വഴിക്കു വെള്ളമില്ലാത്ത കുഴിയിൽ ഉരുണ്ടുവീണു. ഇന്നും ആ കുഴിയിൽ തന്നെ കിടക്കുന്നു. എന്നാൽ അവരുടെ കൂട്ടുകാരായ അടിമകളാ വട്ടെ, ലജ്ജതന്നെ തല്ക്കാലം മാനമെന്നുവെച്ചു പൂർവ്വികസഭയുടെ നാശഹേതുകന്മാരായ ലത്തീൻ പറങ്കികളുടെ അടിമയിൽ സസ ന്തോഷം വാസമുറപ്പിക്കയും ചെയ്തു. ഇപ്പോഴും വസിച്ചുവരിക യും ചെയ്യുന്നു.

ഈ രണ്ടുകൂട്ടക്കും പുറമെ, ദൈവീകമുൻകരുതലാൽ, സത്യ ത്തെ ദ്വേഷിക്കുന്നവരുടെ അടിമയിൽനിന്നും, കുഴിയിൽ വീഴുന്ന തിൽനിന്നും തെററിയൊഴിഞ്ഞ ഒരു ചെറിയ സംഘം സത്യവി ശ്വാസികൾ, താൻ അറിയുന്നപ്രകാരം, തൻെറ മുൻകരുതലിൻെറ സദുദ്ദേശനിവൃത്തിക്കായി നിലനിന്നുവരുന്നുണ്ട്. അവർ അവ സാനത്തോളം വിശ്വസ്തന്മാരായി നില്ക്കുമെങ്കിൽ അവക്കു സംശ യംകൂടാതെ മലയാളത്തിലെങ്ങും ചിതറിക്കിടക്കുന്ന ഈ പൊടി മാവു് മുഴുവൻ പുളിപ്പിച്ചു് കിഴക്കിൻെറ ശ്ലീഹായ്ക്കടുത്ത വിശുദ്ധ സഭയാകുന്ന ഏകപിണ്ഡത്തോടു ചേക്കുന്നതിന്നു മതിയായ പുളി മാവായിത്തീരുവാൻ കഴിയും.

കിഴക്കിൻെറ വിശുദ്ധ സഭയായ തങ്ങളുടെ വാത്സല്യമാതാ വോടുകൂടെ സ്ഥിരമായി നില്ക്കുന്ന നമ്മുടെ പ്രിയപ്പെട്ട മക്കളും, പറങ്കികളാൽ ദയയില്ലാത്തവിധം അടിമകളാക്കപ്പെട്ട സഹോ രന്മാരും, തെററായി കുഴിയിൽ വീണ നമ്മുടെ സഹോദരന്മാ രായ പ്രിയ സ്നേഹിതന്മാരും സഭയുടെ അനുസരണത്തിൽനിന്നും തങ്ങളുടെ ഇടയൻെറ കീഴ്‌വഴക്കത്തിൽനിന്നും തോറം വലിച്ചു കളഞ്ഞു് തങ്ങളെത്തന്നെ — നാശത്തിന്നായി "സ്വതന്ത്രന്മാർ" എന്നു വിളിച്ചുകൊണ്ടു് ശ്ലീഹായുടെ സഭക്കു പുറത്തു ജീവിക്കയും മരിക്കയും ചെയ്യുന്നവരും ആയുള്ളോരേ! ചുരുക്കമായി നാം മേ ലെഴുതിയ കാര്യങ്ങൾ നിങ്ങൾക്കു പകൽ എന്നപോലെ സ്പഷ്ടമാ യിട്ടുള്ളതാണല്ലോ.

എന്നാൽ നമ്മുടെ പ്രിയപ്പെട്ട മക്കളേ! നമ്മുടെ ഈ വിശു ദ്ധ സഭയുടെ അംഗങ്ങളായ സാധുക്കളുടെ വിശ്വാസത്തിന്നു ഹാ നിവരുത്തുവാൻ അന്യായമായി നമ്മുടെ പേരിൽ ദോഷാരോ പണം ചെയ്യുന്നവർ ശ്ലീഹായ്ക്കടുത്തതും ന്യൂനതയില്ലാത്തതുമായ നമ്മുടെ പഠിപ്പിനെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും രാവുപക ലില്ലാതെ അസത്യമായ ദുശ്രുതികൾ നടത്തുകയും, പൈശാചിക മായ ദൈവദൂഷണങ്ങൾ കെട്ടിയുണ്ടാക്കി "ഇതാണു് നെസ്തോറി സു് (കിഴക്കെ) സഭക്കാരുടെ വിശ്വാസം" എന്നു് പറയുകയും ചെയ്യുന്നുണ്ടെന്നു നമുക്കു നല്ല ബോദ്ധ്യമുണ്ടു്. നമ്മുടെ സ്നേഹി ക്കപ്പെട്ട പ്രിയമക്കളെ! ഇതിൻെറ ഫലമായി അവർ നിങ്ങളെ തെററിദ്ധരിപ്പിക്കുന്നു എന്നുമാത്രമല്ല, അവർതന്നെ കിഴക്കെ സഭ

ഷ്ഠുണ്ടെന്നു വാദിക്കുന്നതായ വ്യാജവും പൈശാചികവുമായ ആ മതം അടിമയാകുന്നതിന്നുമുമ്പു് തങ്ങളുടെ പിതാക്കന്മാൎക്കുണ്ടായിരുന്ന മതത്തെയും വിശ്വാസത്തെയും നിഷേധിക്കുന്നതിന്നു ലജ്ജയില്ലാതെ അസത്യംപറയുവാൻ അവൎക്കു വഴി ഒരുക്കുകയുംകൂടെ ചെയ്യുന്നു. ഇതുംകൂടാതെ അവർ ഇപ്പോൾ ധിക്കരിക്കുന്ന നിങ്ങളുടേയും അവരുടേയും അമ്മയായവളുടെ മാൎവ്വിലേക്കുള്ള സത്യവഴിയിൽകൂടെ സഞ്ചരിക്കുന്നതിന്നു് അവരുടെ മനസ്സാക്ഷിയുടെ പാഥ ഇരുളാക്കപ്പെട്ടുമിരിക്കുന്നു.

ഇതിനാൽ വളരെ ബുദ്ധിമുട്ടീട്ടും നമ്മുടെ കഴിവിന്നപ്പുറമാണെങ്കിലും—മലയാളഭാഷയിൽ നമുക്കലേശംപാണ്ഡിത്യമില്ല—നമ്മുടെ മാതാവായ കിഴക്കിന്റെ വിശുദ്ധസഭയുടെ ശ്ലീഹായ്ക്കടുത്തും സത്യവുമാകുന്ന വിശ്വാസത്തിന്റെ സൌരഭ്യമുള്ള നാനാതരം പുഷ്പങ്ങളെക്കൊണ്ടുള്ള ഒരു മാലയെ "ശ്ലീഹായ്ക്കടുത്ത പഠിപ്പ്" എന്നു വിളിക്കപ്പെടുന്ന ഈ പുസ്തകത്തെതന്നെ—നിങ്ങൾക്കു നല്കുന്നു. നമ്മുടെ ശരീരങ്ങളുടേയും ആത്മാക്കളുടേയും രക്ഷക്കും നിത്യജീവനും അത്യന്തം ആവശ്യമുള്ളതായി അത്മേനികളായവർ പഠിച്ചിരിക്കേണ്ടതും വിശ്വസിക്കേണ്ടതും അതിൽ കല്പിച്ചപ്രകാരം സത്യമായി ജീവിക്കേണ്ടതുമായ സത്യവിശ്വാസത്തിന്റെ എല്ലാ അടിസ്ഥാനങ്ങളും വേരുകളും ഇതിൽ സംക്ഷിപ്തമായി അടങ്ങീട്ടുണ്ടു്. വലിപ്പത്തിൽ ചെറിയതും കാൎയ്യത്തിൽ വലിയതും വിസ്താരമുള്ളതുമായ ഈ പുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നപോലെയുള്ള വിശ്വാസമില്ലെങ്കിൽ രക്ഷയാകട്ടെ, വാഗ്ദത്തം ചെയ്യപ്പെട്ട ജീവനാകട്ടെ പ്രാപിക്കാവുന്നതല്ല ആകയാൽ നമ്മുടെ പ്രിയപ്പെട്ട മക്കളോടു നാം ഉപദേശിക്കുന്നതു്, നിങ്ങൾ ഈ പുസ്തകത്തെ ഒരു പ്രാവശ്യം വായിച്ചു് പതിവുപോലെ ദൂരെ കളയാതെ ഇടവിടാതെ വായിക്കുകയും അതിന്റെ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന രഹസ്യങ്ങളിൽ ധ്യാനിക്കുകയും അതിൽ കല്പിക്കപ്പെട്ടപ്രകാരം വിചാരത്തിലും സംസാരത്തിലും പ്രവൎത്തിയിലും ജീവിപ്പാൻ ശ്രദ്ധവെക്കുകയും പരിശ്രമിക്കുകയും ചെയ്വിൻ.

നമുക്കു നിങ്ങളുടെ നേരെയുള്ള സ്നേഹത്തിന്റെ ദാനമായി നിങ്ങളുടെ ആത്മാക്കളുടെ രക്ഷക്കുവേണ്ടി ഇപ്പോൾ നിങ്ങൾക്കു

നല്കുന്ന ഈ പുസ്തകം സുറിയാനിയിൽനിന്നു നിങ്ങളുടെ മലയാളഭാഷയിലേക്കു പരിഭാഷപ്പെടുത്തപ്പെട്ടതാണ്. പരിഭാഷകനു മാത്രമേ ഈ ജോലി എത്ര പ്രയാസമുള്ളതാണെന്നു അറിവാൻ സാധിക്കയുള്ളു നിങ്ങളുടെനേരെയുള്ള സ്നേഹത്താൽ അതിന്റെ പൂർത്തിവരെ നിർബ്ബന്ധിക്കപ്പെട്ടിരുന്നില്ലെങ്കിൽ നാം വിചാരിക്കുന്ന പ്രകാരം, കുറെ ചെയ്തശേഷം പിന്തിരിഞ്ഞു് ഓടിക്കളയുമായിരുന്നു. എന്നാൽ, ദൈവകൃപയാൽ, തന്റെ ഇഷ്ടപ്രകാരം — അവന്നു സ്തുതി — നമ്മുടെ ഉദ്ദേശം; അതായതു്. വിശ്വാസികൾക്കു നമ്മുടെ കിഴക്കെ സഭയുടെ സത്യവിശ്വാസത്തിന്റെ സത്തായുള്ളതും അത്മേനികൾക്കു് അത്യന്തം ആവശ്യമുള്ളതുമായ അടിസ്ഥാനങ്ങളും മൂലങ്ങളും അടങ്ങിയ ഒരു പുസ്തകം നല്കേണമെന്നുള്ളതു് സാധിച്ചിരിക്കുന്നു.

സത്യവിശ്വാസികളുടെ ആവശ്യങ്ങളെ നിറവേററികൊടുക്കേണമെന്നുള്ള നമ്മുടെ ഉന്നത്തിന്നും പുറമെ അടിമകളായ നമ്മുടെ സഹോദരന്മാരും സ്നേഹിതന്മാരും ആയവരോടും നമ്മിൽനിന്നു് ഓടിപ്പോയി ശ്ലീഹാക്കടുത്ത നമ്മുടെ വിശ്വാസത്തെകുറിച്ചു്-വ്യാജശ്രുതികൾനടത്തി സാധുക്കളായ വിശ്വാസികളെഭയപ്പെടുത്തുന്ന മത്സരികളോടും നമുക്കുള്ള പ്രതിവാദവും എന്നു മാത്രമല്ല; കുഴിയിൽ വീണുകൊണ്ടു് അവരുടെ ആദ്യമാതാവിന്നു വിപരീതമായി ആലോചിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ പ്രിയപ്പെട്ട സഹോദരന്മാർക്കു് ഈ ചെറുപുസ്തകം ഒരു സഹായവും കൂടിയാകുമെന്നു നാം ആശിക്കുന്നു. നമ്മുടെ പ്രിയ സഹോദരന്മാരേ! വിശുദ്ധ വേദപുസ്തകം എഴുതീട്ടുള്ള ആ ആത്മാവിൽതന്നെ ഇതിനെ വായിപ്പിൻ. എന്തുകൊണ്ടെന്നാൽ ഈ പുസ്തകത്തിലെ മിക്കവാറും ഭാഗങ്ങൾ അതിൽനിന്നുതന്നെ ശേഖരിക്കപ്പെട്ടവയാകുന്നു. വായിച്ചു് നിങ്ങൾ നമ്മെകുറിച്ചു്, സത്യം സംസാരിച്ചിരുന്നുവോ, സംസാരിക്കുന്നുവോ ഇല്ലയോ എന്നു നോക്കുവിൻ. നേരോടെ വിധിപ്പിൻ അക്രമത്തിൽനിന്നോടിപ്പോകുവിൻ.

മുമ്പുതന്നെ, നാം മലയാളഭാഷയിൽ പാണ്ഡിത്യമുള്ളവനല്ലെന്നു സമ്മതിച്ചുവല്ലോ. അതുനിമിത്തം വേറൊരു ഭാഷയിൽനിന്നു തർജ്ജമ ചെയ്യുന്നതു് എത്രയോ പ്രയാസമാകുന്നു തീർച്ചയായും ഈ പുസ്തകം യോഗ്യമായ ഭാഷയിൽ എഴുതപ്പെട്ടിട്ടില്ല എന്നു

നാം അറിയുന്നു. എന്നാൽ ഇതിന്നു തക്ക പ്രാപ്തി നമുക്കില്ലായ്ക യാൽ അതിനെപ്പററി അത്ര ശ്രദ്ധിച്ചിട്ടുമില്ല—കഴിവുള്ളേടത്തോളം സാധാരണ ഭാഷയായാലും സത്യം വെളിപ്പെടേണമെന്നു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു. ഇതു ദൈവകൃപയാൽ സാധിച്ചിട്ടുമുണ്ടു്. എന്നാൽ പണ്ഡിതന്മാരായ വായനക്കാർ ഭാഷയുടെ പോരായ്മ കൊണ്ടു് നമ്മെ കുററം ചുമത്താതെ തങ്ങളുടെ കൈകളിൽ വെക്കുന്ന ഈ പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന സത്യ അവകാശത്തിൽ നമ്മോടുകൂടെ പങ്കകാരും നമ്മുടെ സഹോദരന്മാരുമായിത്തീരുവാൻ നാം അവരോടു് അപേക്ഷിക്കുന്നു.

ഈ ഘട്ടത്തിൽ ഈ പുസ്തകം തർജ്ജമ ചെയ്യുന്നതിൽ മററുള്ളവർ സഹായമായി ചെയ്ത നന്മയെ മറന്നുകളയുന്നതു നന്നല്ലെന്നും, അവൎക്കു് അതിന്നു് അൎഹതയുള്ളതുകൊണ്ടു് നമ്മുടെ സത്യ ഹൃദയത്തിൽനിന്നുള്ള ഉപകാരസ്മരണയെ അവൎക്കായി പ്രസ്താവിക്കുന്നതു് ഈ ലേഖനത്തിന്റെ ആന്തരത്തിന്നു വിപരീതമല്ലെന്നു നാം വിചാരിക്കുന്നു. ആകയാൽ, നാം ഈ പുസ്തകം തർജ്ജമചെയ്ത ശേഷം അതു വായിച്ചുനോക്കി ഭാഷയിൽ ചില ഭേദഗതികരം വരുത്തുന്നതിന്നു് അഭിപ്രായപ്പെടുകയും ഇതു പരസ്യം ചെയ്യുന്നതിന്നു മറെറാരോപ്രകാരത്തിൽ സഹായിക്കുകയും ചെയ്തവരായ എല്ലാവരോടും നമുക്കുള്ള നന്ദിയെ പ്രസ്താവിച്ചുകൊള്ളുന്നു.

നിങ്ങളുടെ സ്നേഹത്തിന്നു് ഇപ്പോരം നാം നല്കുന്ന ഈ ചെറു പുസ്തകത്തിന്റെ "ക്രൂശിഹാശ്ശൂടുത്ത പഠിപ്പു്" എന്ന നാമത്തിൽനിന്നുതന്നെ ഇതിന്റെ ഉദ്ദേശം നിങ്ങരംക്കു മനസ്സിലാക്കാമല്ലോ. ഈ വാക്യത്തിന്റെ അൎത്ഥം പൂൎണ്ണമായി വ്യാഖ്യാനിപ്പാൻ തീൎച്ചയായും നാം പ്രാപ്തനല്ല എന്തുകൊണ്ടെന്നാൽ അധികമായി ദൈവ ഭക്തിയല്ല വെറും വാഗ്വാദം മാത്രം കാൎയ്യമാക്കിയിരിക്കുന്ന ചിലർ പക്ഷേ "ഈ പുസ്തകം ക്രൂശിഹാശ്ശൂടുത്ത പഠിപ്പാണെങ്കിൽ, പിന്നെ വിശുദ്ധവേദപുസ്തകം എന്താണു്! എന്നുംമററും പറയുമായിരിക്കാം എന്നാൽ പ്രിയപ്പെട്ടവരേ! സൂക്ഷിപ്പിൻ. എന്തുകൊണ്ടെന്നാൽ,ഏതെങ്കിലും ഒരു സംഗതിയെക്കുറിച്ചു് വിശുദ്ധവേദപുസ്തത്തിൽ അങ്ങുമിങ്ങും ചിതറിക്കിടക്കുന്ന വാക്യങ്ങളെ ശേഖരിച്ചു മനസ്സിലാക്കുന്നതിന്നു സാധുക്കളും പഠിപ്പില്ലാത്തവരുമായവൎക്കു സാദ്ധ്യമല്ലാത്തതുകൊണ്ടു് ഈ പുസ്തകത്തിൽ ക്രൂശിഹാശ്ശൂടുത്തപഠിപ്പു

കളുടെയും കല്പനകളുടെയും ഒരു സംഗ്രഹം മാത്രം അടക്കിയിരിക്കുന്നു. ആകയാൽ, ഇതിനാൽ നിങ്ങൾ വിശുദ്ധ വേദപുസ്തകം വായിക്കരുതെന്നു നാം മുടക്കുകയല്ല; എന്നാൽ അധികമധികമായി, സ്നേഹത്തോടും പ്രീതിയോടുംകൂടെ അതിൽനിന്നു പഠിപ്പാനും നിങ്ങൾക്കു ജീവനെ സമ്പാദിപ്പാനുമായി വായിപ്പിൻ എന്നു നിങ്ങളെ ഉത്സാഹിപ്പിക്കയത്രെ ചെയ്യുന്നതു്.

മ്ശീഹായ്ക്കടുത്ത പഠിപ്പിന്റെ ഈ പുസ്തകം, വായിക്കയും, പഠിച്ചു് വിശ്വസിക്കയും, വിചാരത്തിലും സംസാരത്തിലും പ്രവൃത്തിയിലും അതിൻപ്രകാരം ജീവിക്കയും ചെയ്യുന്നവരോടു്, രക്ഷിതാവു് ആ യവ്വനക്കാരോടു് പറഞ്ഞപ്രകാരം "നീ ദൈവരാജ്യത്തിൽനിന്നു് ദൂരെയല്ല" * എന്നു് ധൈര്യത്തോടുകൂടെ പറയപ്പെടുമെന്നു് തന്റെ വാഗ്ദത്തങ്ങളിൽ വിശ്വസ്തനും സ്നേഹവുമായ ദൈവത്തിൽ നാം വിശ്വസിക്കുന്നു.

നമ്മുടെ ഇടവകയിലെ പ്രിയപ്പെട്ട വിശ്വാസികളുടെ ആത്മാക്കളുടെ ഉപയോഗത്തിന്നും രക്ഷക്കും തന്റെ മാറ്വിൽനിന്നു് അകന്നുപോയവരെച്ചൊല്ലി പരിതപിച്ചിരിക്കുന്ന തങ്ങളുടെ അമ്മയുടെ പാലിനെ മറന്നുകളഞ്ഞ ചിന്നപ്പെട്ട സഹോദരന്മാരുടെ തിരിച്ചുവരവിന്നും ഈ പുസ്തകം ഉപയോഗപ്പെടേണമെന്നു് നാം പ്രാൎത്ഥിക്കയുംചെയ്യുന്നു. ഈ പ്രമാണത്തിലൂടെ നടക്കുന്നവരുടെമേലും ദൈവത്തിന്റെ ഇസ്രായേലിന്മേലും സമാധാനവും കരുണയും ഉണ്ടാകുമാറാകട്ടെ" § അതെ, അങ്ങിനെതന്നെ; ആമീൻ.

കൃപയും ആശീൎവ്വാദങ്ങളും സമാധാനവും സ്നേഹവും നിങ്ങളോടെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ; ആമീൻ.

ദൈവത്തിനു് പ്രസാദമുള്ളപ്രകാരം, നമുക്കു് ശേഷിപ്പുള്ള ആയുഷ്കാലം കഴിക്കുന്നതിനു് നമുക്കുവേണ്ടി പ്രാൎത്ഥിപ്പിൻ.

നമ്മുടെ കൎത്താവിൽ നിങ്ങൾ കാക്കപ്പെട്ടവരും, സൌഖ്യമുള്ളവരുമായിരിപ്പിൻ.

| | |
|---|---|
| മെത്രാപ്പോലീത്തായ്ക്കടുത്ത നമ്മുടെ അരമനയിൽവെച്ചു് 1914 ഫെബ്രുവരി 27-ാംനു- എഴുതപ്പെട്ടതു്. | ✠ ബലഹീനനായ തിമോഥെയൂസ് ദൈവകൃപയാൽ മലയാളത്തിന്റേയും ഇന്ത്യയുടേയും മെത്രാപ്പോലീത്ത |

* മാൎക്കൊ 12: 54 § ഗലാ: 6:16

# രണ്ടാം പതിപ്പിൻെറ മുഖവുര

ശ്ലീഹാക്കൂട്ടത്ത പഠിപ്പ് എന്ന ഈ ചെറുപുസ്തകം അതിൻെറ രണ്ടാം പതിപ്പിലേക്ക് എത്തിയിരിക്കുന്നതിനെക്കുറിച്ച് നാം സന്തോഷിക്കുന്നു. പൂർവ്വീക സുറിയാനി സഭയുടെ വിശ്വാസത്തെപ്പററി അടിസ്ഥാനരഹിതങ്ങളായ പ്രസ്താവനകൾ നടത്തി സാധുക്കളെ തെററിക്കയും ഭീരുക്കളെ ഭയപ്പെടുത്തുകയും മററോരോ തരത്തിൽ സഭയെ ഉപദ്രവിക്കയും ചെയ്തുവന്നവരുടെ അബദ്ധശ്രുതികൾ നീങ്ങിവരുമാറ് ഈ പുസ്തകം ഉപയോഗപ്രദമായിത്തീന്നിട്ടുണ്ടെന്നുള്ളതു് കൃതാത്ഥജനകമാണ്.

ഇതിൻെറ ഭാഷയിലും മററും ചില പരിഷ്കാരങ്ങൾ വരുത്തേണമെന്നു് ഉദ്ദേശിച്ചിരുന്നതു് പല അസൌകര്യങ്ങൾ നിമിത്തം സാധിച്ചിട്ടില്ല.

സഭയുടെ സത്യമക്കൾക്ക് തങ്ങളുടെ വിശ്വാസത്തിൻെറ അടിസ്ഥാനങ്ങളെ വെളിപ്പെടുത്തുന്നതിനും തെററിദ്ധാരണകൾ നീങ്ങി സുറിയാനി ക്രിസ്ത്യാനികൾ എവരും തങ്ങളുടെ മാതാവിൻെറ മാർവ്വിടത്തിലേക്ക് തിരിച്ച് ഓടി എത്തുന്നതിനും ഇങ്ങിനെ ദൈവനാമം മഹിമപ്പെടുന്നതിനും ഈ പുസ്തകം ഉപയോഗപ്പെടട്ടെ എന്നുള്ള പ്രാത്ഥനയോടുകൂടി ഈ രണ്ടാം പതിപ്പ് നാം പുറത്തിറക്കുന്നു.

മെത്രാപ്പോലീത്താക്കൂട്ടത്ത നമ്മുടെ
അരമനയിൽവെച്ച്
1926 ഡിസമ്പർ 24-ാംനു-
എഴുതപ്പെട്ടതു്.

✠ ബലഹീനനായ തീമോഥെയൂസ്
ദൈവകൃപയാൽ
മലയാളത്തിൻേറയും ഇന്ത്യയുടേയും
മെത്രാപ്പോലീത്ത.

PALACKAL JEEVASS ... LIBRARY ... DRAM
12265

# വിഷയാനുക്രമണിക


നമ്മുടെ കർത്താവിൻെറ പ്രാർത്ഥന .... 1

നിഖ്യാവിശ്വാസപ്രമാണം .... 1

പത്തു കല്പനകൾ .... 2

പത്തു കല്പനകളുടെ സാരം .... 4

മിശിഹാസ്ലൂട്ടത്ത പൊതുവിശ്വാസം .... 5

പരിശുദ്ധ ത്രിത്വം .... 7

പരിശുദ്ധ ത്രിത്വത്തിൻെറ ഒന്നാം ആളായ പിതാവു് .... 9

പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാം ആളായ പുത്രൻ .... 14

വചനമായ ദൈവം മനുഷ്യസ്വഭാവം എടുത്തതിനെ കുറിച്ചു് .... 19

മിശിഹായുടെ പുനരുത്ഥാനം, ആരോഹണം, രണ്ടാമത്തെ ആഗമനം .... 32

പരിശുദ്ധ ത്രിത്വത്തിൻെറ മൂന്നാം ആളായ റൂഹാദ്കുദ്ശാ .... 39

തിരുസഭ .... 43

മാമോദീസാ .... 60

വിശുദ്ധ കുർബ്ബാന .... 66

പത്തു കല്പനകൾ (വ്യാഖ്യാനം) .... 78

പ്രാർത്ഥന .... 88

ഉപവാസം .... 93

ധർമ്മം .... 96

✝

# നമ്മുടെ കർത്താവിൻെറ പ്രാർത്ഥന.

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ! / നിൻെറ നാമം പരിശുദ്ധമാക്കപ്പെടട്ടെ / നിൻെറ രാജ്യം വരേണമേ. നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ / ഭൂമിയിലും ആകട്ടെ / ഞങ്ങളുടെ ആവശ്യത്തിനുള്ള അപ്പം / ഇന്നു ഞങ്ങൾക്കു തരികയും, ഞങ്ങളുടെ കടക്കാരോടു് / ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളെ / ഞങ്ങളോടു ക്ഷമിക്കുകയും / ചെയ്യേണമേ. ഞങ്ങളെ പരീക്ഷയിലേക്കു് / പ്രവേശിപ്പിക്കയും അരുതേ / എന്നാൽ / ദുഷ്ടനിൽനിന്നു / ഞങ്ങളെ / വീടുവിക്കേണമേ / എന്തുകൊണ്ടെന്നാൽ / രാജ്യവും / ശക്തിയും / മഹത്വവും / എന്നന്നേക്കും / നിനക്കുള്ളതാകുന്നു / ആമീൻ.

# നിഖ്യാവിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവും / കാണപ്പെടുന്നവയും / കാണപ്പെടാത്തവയുമായ / സകലത്തിൻേറയും / സൃഷ്ടികർത്താവുമായ ഏകദൈവത്തിൽ / ഞങ്ങൾ / വിശ്വസിക്കുന്നു.

ദൈവത്തിൻെറ ഏകജാതനായ പുത്രനും / സർവ്വസൃഷ്ടികൾക്കും / ആദ്യജാതനുമായ / ഈശോമ്ശിഹാ (എന്ന) ഏക കർത്താവിലും / (ഞങ്ങൾ വിശ്വസിക്കുന്നു) / അവൻ / സർവ്വലോകങ്ങൾക്കും മുമ്പെ / തൻെറ പിതാവിൽനിന്നു / ജനിക്കപ്പെട്ടു / ഉണ്ടാക്കപ്പെട്ടവനല്ല / സത്യദൈവത്തിൽനിന്നു സത്യദൈവം / തൻെറ പിതാവിനോടു് / ഏക സ്വഭാവമുള്ളവൻ / അവൻെറ കൈകളാൽ / ലോകങ്ങൾ ഉണ്ടാക്കപ്പെടുകയും / സകലവും സൃഷ്ടിക്കപ്പെടുകയും

ചെയ്തു/ അവൻ മനുഷ്യരായ/ നമുക്കും നമ്മുടെ രക്ഷക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി/ റൂഹാദ്കുദ്ദശായാൽ/ ശരീരമെടുത്തു മനുഷ്യനായി തീരുകയും/കന്യകമറിയത്തിൽനിന്നു്/ഗർഭം ധരിക്കപ്പെടുകയും / ജനിക്കുകയും ചെയ്തു / പന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ / കഷ്ടമനുഭവിച്ചു / കുരിശിന്മേൽ തറക്കപ്പെട്ടു, അടക്കപ്പെടുകയും ചെയ്തു / എഴുതപ്പെട്ടിരിക്കുന്ന പ്രകാരം മൂന്നാം ദിവസം (ഉയിർത്തു) എഴുന്നേററ / സ്വർഗ്ഗത്തിലേക്കു കരേറി / തൻെറ പിതാവിൻെറ വലത്തുഭാഗത്തു ഇരുന്നു / മരിച്ചവരേയും/ ജീവനോടിരിക്കുന്നവരേയും/ വിധിപ്പാൻ/ വീണ്ടും/ വരുവാനിരിക്കുന്നു.

സത്യത്തിൻെറ ആത്മാവും/ പിതാവിൽനിന്നു പുറപ്പെടുന്നവനും/ജീവിപ്പിക്കുന്ന ആത്മാവുമായ/ഏക റൂഹാദ്കുദ്ശായിലും (ഞങ്ങൾ വിശ്വസിക്കുന്നു.)

പരിശുദ്ധവും/ശ്ലീഹായ്ക്കടുത്തതും/കാതോലീകിയുമായ/ഏക സഭയിലും / (ഞങ്ങൾ വിശ്വസിക്കുന്നു )

പാപങ്ങളുടെ മോചനത്തിന്നുള്ള/ ഏക മാമോദീസായേയും; നമ്മുടെ ശരീരങ്ങളുടെ ഉയിർത്തെഴുന്നില്പിനേയും / എന്നേക്കുമുള്ള ജീവനേയും / ഞങ്ങൾ ഏററുപറയുന്നു: ആമീൻ.

---

## പത്തു കല്പനകൾ

(പുറപ്പാട് 20. 3—7)

---

### 1

ഞാൻ ഒഴികെ, അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്.

### 2

മീതെ സ്വർഗ്ഗത്തിലുള്ളവയുടേയോ, താഴെ ഭൂമിയിലുള്ളവയുടേയോ ഭൂമിക്കുതാഴെ വെള്ളത്തിലുള്ളവയുടേയോ, യാതൊരു വിഗ്രഹമാകട്ടെ, യാതൊരു പ്രതിമയാകട്ടെ നിനക്കുണ്ടാകരുതു്. നീ

അവയെ ആരാധിക്കുകയും, അവയെ സേവിക്കുകയും ചെയ്യരുതു്; എന്തുകൊണ്ടെന്നാൽ നിൻെറ ദൈവമായ കർത്താവു് ഞാനാകുന്നു. വൈരാഗ്യമുള്ള ദൈവം (തന്നെ) എന്നെ പകെക്കുന്നവരെ മൂന്നാമത്തേയും നാലാമത്തേയും തലമുറവരെ പിതാക്കന്മാരുടെ കുററങ്ങളെ മക്കളിൽനിന്നും പകരം ചോദിക്കുന്നവനും, എന്നെ സ്നേഹിച്ചു്, എൻെറ കല്പനകളെ പ്രമാണിക്കുന്നവൎക്കു് ആയിരം തലമുറവരെ കൃപ ചെയ്യുന്നവനുമാകുന്നു.

## 3

നീ നിൻെറ കർത്താവായ ദൈവത്തിൻെറ നാമത്താൽ കളവായിട്ടു് ആണയിടരുതു്; എന്തുകൊണ്ടെന്നാൽ തൻെറ നാമത്താൽ കളവായിട്ടു് ആണയിടുന്നവനെ കർത്താവു് നീതികരിക്കുന്നില്ല.

## 4

സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക. നീ ആറു ദിവസം അദ്ധ്വാനിക്കുകയും, നിൻെറ വേല ഒക്കെയും പ്രവർത്തിക്കുകയും ചെയ്യണം. എന്നാൽ ഏഴാം ദിവസം നിൻെറ കർത്താവായ ദൈവത്തിനു സ്വസ്ഥതയാകുന്നു. അതിൽ നീയും, നിൻെറ പുത്രനും, നിൻെറ പുത്രിയും, നിൻെറ ദാസനും, നിൻെറ ദാസിയും, നിൻെറ കന്നുകാലികളും, നിൻെറ ഗ്രാമങ്ങളിലുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു്. എന്തുകൊണ്ടെന്നാൽ ആറു ദിവസത്തിൽ കർത്താവു് ആകാശത്തേയും, ഭൂമിയേയും, സമുദ്രങ്ങളേയും അവയിലുള്ളവയെ ഒക്കെയും ഉണ്ടാക്കി; ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിക്കുകയും, അതിനെ ശുദ്ധീകരിക്കുകയും ചെയ്തു.

## 5

നിൻെറ കർത്താവായ ദൈവം നിനക്കു തരുന്ന ദേശത്തിൽ നിൻെറ നാളുകൾ വർദ്ധിക്കുവാനായിട്ടു നിൻെറ പിതാവിനേയും നിൻെറ മാതാവിനേയും ബഹുമാനിക്കുക.

**6**

നീ കൊല്ലരുതു്.

**7**

നീ വ്യഭിചാരം ചെയ്യരുതു്.

**8**

നീ മോഷ്ടിക്കരുതു്.

**9**

നീ നിൻെറ കൂട്ടുകാരൻെറ നേരെ കള്ളസാക്ഷ്യം പറയരുതു്.

**10**

നീ നിൻെറ കൂട്ടുകാരൻെറ ഭവനത്തെ മോഹിക്കരുതു്. നീ നിൻെറ കൂട്ടുകാരൻെറ ഭാൎയ്യയേയും, അവൻെറ ദാസനേയും, അവൻെറ ദാസിയേയും, അവൻെറ കാളയേയും, അവൻെറ കഴുതയേയും, നിൻെറ കൂട്ടുകാരനുള്ള യാതൊന്നിനേയും മോഹിക്കരുതു്.

## പത്തു് കല്പനകളുടെ സാരം

ഇസ്രായേലേ കേൾക്ക. നമ്മുടെ ദൈവമായ കൎത്താവു ഏകകൎത്താവാകുന്നു. നീ നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂൎണ്ണഹൃദയത്തോടും, നിൻെറ പൂൎണ്ണആത്മാവോടും, നിൻെറ പൂൎണ്ണമനസ്സോടും, നിൻെറ പൂൎണ്ണശക്തിയോടും സ്നേഹിക്കണം; ഇതാകുന്നു ഒന്നാമത്തെ കല്പന. രണ്ടാമത്തേതും ഇതിന്നു തുല്യമാകുന്നു. നീ നിൻെറ അയല്ക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഇവയേക്കാൾ വലുതായ മറെറാരു കല്പന ഇല്ല: ഈ രണ്ടു കല്പനകളിൽ ന്യായപ്രമാണവും നചീയന്മാരും അടങ്ങിയിരിക്കുന്നു.

(മാൎക്കോസ് 12: 29, 31 മത്തായി 22: 40)

# ചോദ്യോത്തരം.

ഒന്നാം അദ്ധ്യായം.

## മ്ശീഹായ്ക്കടുത്ത പൊതുവിശ്വാസത്തെ കുറിച്ച്.

1. **ചോദ്യം:** നിന്റെ പേർ എന്തു്?
**ഉത്തരം:** (........ഇന്ന) എന്നു്.

2. **ചോ:** ഈ പേർ എപ്പോൾ നിനക്ക കിട്ടി?
**ഉ:** ഞാൻ മാമോദീസാ മുങ്ങിയപ്പോൾ ഈ പേർ എനിക്ക കിട്ടി.

3. **ചോ:** മാമോദീസാ മുങ്ങിയപ്പോൾ നീ ആരായി?
**ഉ:** ഞാൻ ഒരു ക്രിസ്ത്യാനിയായി.

4. **ചോ** പണ്ട ക്രിസ്ത്യാനികൾക്ക വേറെ എന്തു പേർ വിളിക്കപ്പെട്ടിരുന്നു?
**ഉ:** നസ്രാണികൾ.

"നസ്രാണി" എന്നാൽ അൎത്ഥമെന്തു്?
**ഉ:** നസ്രായക്കാരനായ ഈശോവിന്റെ മതം അനുസരിക്കുന്നവനും (അ: പ്ര. 24: 5, 14) നസ്രായക്കാരന്റെ (മത്തായി. 2: 23.) ശിഷ്യനും ആകുന്നു എന്നൎത്ഥം.

6. **ചോ:** പിന്നെ ഈ പേർ ആൎക്കുപയോഗിച്ചിരുന്നു?
**ഉ:** പണ്ട പാർസിയാരാജ്യത്തിലുള്ള ക്രിസ്ത്യാനികൾക്കും അവരോടുകൂടെ ചേരുന്ന എല്ലാവൎക്കും വിളിച്ചിരുന്നു. ഇതുവ

രേയും പഴയ ക്രിസ്ത്യാനികളായ കിഴക്കെ സഭക്കാക്ക് ഉപ യോഗിച്ചുവരുന്നു എന്നാൽ യൂറോപ്പ് ക്രിസ്ത്യാനികളോടു ചേരുന്നവക്കും പ്രത്യേകം ഓരോ പേരുകറം ഉണ്ടു്. "പറ ങ്കികറം" അല്ലെങ്കിൽ "പാപ്പക്കാർ" എന്നു പാപ്പാമതത്തിൽ ചേരുന്നവക്കും, ബാക്കിയുള്ളവക്ക് "പ്രൊട്ടെസ്റ്റാണ്ടുകാർ" എന്ന പൊതുപേരും വിളിച്ചുവരുന്നു.

7. ചോ: നീ "ഒരു ക്രിസ്ത്യാനി" എന്നു എന്തുകൊണ്ടാണ് വിളിക്കപ്പെടുന്നതു്?

ഉ: "പിതാവിൻേറയും, പുത്രൻേറയും, റൂഹാദ്കുദ്ശായുടേയും നാമത്തിൽ" മ്ശീഹായുടെ കല്പനപ്രകാരം വിശുദ്ധവെള്ള ത്തിൽ മാമോദീസമുങ്ങി, (മത്താ: 28: 19) അതുമൂലം മ്ശിഹാ യുടെ ഒരു അവയവമായി തീന്നതുകൊണ്ടു്.

8. ചോ: ഈ അവയവത്വത്താൽ പിന്നെ എന്തുണ്ടായി?

ഉ: ഞാൻ ദൈവത്തിൻെറ പുത്രനും, സ്വഗ്ഗരാജ്യത്തിന്നു് അവകാശിയുമായിത്തീന്നു.

9. ചോ: എല്ലാ ക്രിസ്ത്യാനികളും എന്താണ് വിശ്വസിക്കേ ണ്ടതു്?

ഉ: മ്ശിഹാ തൻെറ സഭയെ പരിശുദ്ധാത്മാവിനാൽ ഒരി ക്കൽ മാത്രം പഠിപ്പിച്ചതും തിരുവെഴുത്തുകളിൽ അടങ്ങി യിരിക്കുന്നതുമായ ആ വിശ്വാസത്തെതന്നെ വിശ്വസിക്കേ ണ്ടതാകുന്നു. "വിശുദ്ധന്മാക്ക് ഒരിക്കലായിട്ടു ഭരമേല്പിക്ക പ്പെട്ട വിശ്വാസത്തിന്നുവേണ്ടി പോരാടേണ്ടതിന്നു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു" എന്നു യൂദാശ്ലീഹാ പറ യുന്നു. യൂദ: 3.)

10. ചോ: നീ ഈ വിശ്വാസത്തെ ഏതു വാക്യങ്ങളാൽ ഏററു പറയുന്നു?

ഉ: വിശ്വാസപ്രമാണത്താൽ തന്നെ.

11. ചോ: വിശ്വാസപ്രമാണത്തെ ചൊല്ലുക.

ഉ: സർവ്വശക്തിയുള്ള പിതാവും കാണപ്പെടുന്നവയും........ ശേഷവും (1-ാം ഭാഗം)

12. ചോ: ഈ വിശ്വാസപ്രമാണം എപ്പോൾ നിർമ്മിക്കപ്പെട്ടു?

ഉ: ക്രിസ്താബ്ദം 325-ൽ നിഖ്യായിൽ വെച്ചു 318 വിശുദ്ധപിതാക്കന്മാരാൽ "വിശുദ്ധന്മാൎക്കു ഒരിക്കലായിട്ടു ഭരമേല്പിക്കപ്പെട്ട വിശ്വാസ"ത്തിൽനിന്നു അവരുടെ വിശ്വാസത്തിന്റെ സംഗതികളും പഠിപ്പുകളും തിരഞ്ഞെടുക്കപ്പെട്ടവയാകുന്നു എന്നു അവർ സാക്ഷീകരിച്ചു *

---

രണ്ടാം അദ്ധ്യായം.

## പരിശുദ്ധ ത്രിത്വത്തെ കുറിച്ചു.

---

13. ചോ: എത്ര ദൈവങ്ങൾ ഉണ്ടു?

ഉ: ഒരുത്തൻ മാത്രം.

14. ചോ: ഇതു തെളിയിക്കുവാൻ ഒരു വേദവാക്യം പറയാമോ?

ഉ: ഉവ്വ്. "ഇസ്രായേലേ! കേൾക്ക, നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവാകുന്നു"

(ആവൎത്തനം: 6: 4, 5. മാർക്കോ: 12: 29, 30)

15. ചോ: ദൈവത്തിന്റെ മറെറാരു നാമം എന്താകുന്നു?

ഉ: പരിശുദ്ധത്രിത്വം എന്നത്രെ.

---

* "നിഖ്യായുടെ" എന്നു സാധാരണയായി വിളിക്കപ്പെട്ടുവരുന്ന, എന്നാൽ കുസ്തന്തീനാപോലീസിൽ ക്രിസ്താബ്ദം 381-ൽ കൂടിയ പൊതുവിശുദ്ധ സുൻഹദോസ്, നിഖ്യാവിശ്വാസപ്രമാണത്തിലെ ചില വാക്യങ്ങൾ എഴുതി അതിന്റെ അൎത്ഥം തെളിയിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തു. അന്നു മുതൽ ഇന്നു വരെ അതിനെ കിഴക്കെ സഭകളിൽ ഭേദപ്പെടുത്താതെ ഉപയോഗിച്ചുവരുന്നു. എന്നാൽ പടിഞ്ഞാറെ സഭ തങ്ങളുടെ പിതാക്കന്മാരുടെ ശാപം ഓർക്കാതെ അതിൽ "പുത്രനിൽനിന്നും" എന്ന പദത്തെ കൂട്ടിച്ചേൎത്തു.

16. **ചോ:** ഈ വിശുദ്ധ ത്രിത്വത്തിൽ എത്ര ആളുകൾ ഉണ്ടു്?

**ഉ:** മൂന്നു. പിതാവും, പുത്രനും, റൂഹാദ്കുദ്ശായും.

17. **ചോ:** അങ്ങിനെയായാൽ മൂന്നു ദൈവങ്ങൾ ഉണ്ടല്ലൊ?

**ഉ:** ഇല്ല ഒരുത്തൻ തന്നെ; എന്നാൽ ഇതു നമുക്കു് ഇപ്പോൾ മനസ്സിലാക്കുവാൻ സാധിക്കാത്തതും, പിന്നീടു വെളിപ്പെടുത്തപ്പെടുന്നതുമായ ഒരു വലിയ രഹസ്യമാകുന്നു

18. **ചോ:** പരിശുദ്ധത്രിത്വത്തിൻെറ ഈ മൂന്നാളുകൾ സമന്മാരാകുന്നുവോ?

**ഉ:** അതേ മൂവ്വരും ശക്തിയിലും അധികാരത്തിലും, മഹത്വത്തിലും സമന്മാരാകുന്നു. (ഏശായ 6:3) എന്തുകൊണ്ടെന്നാൽ അവർ ഒരൊററ ദൈവമാകുന്നു. എല്ലാവരും ആരംഭമില്ലാത്ത ആദി മുതൽ ഉള്ളവരുമാകുന്നു. (സങ്കീ: 90: 2)

19. **ചോ:** ഈ മൂന്നാളുകളും അന്യോന്യവിരുദ്ധമായി എന്തെങ്കിലും കല്പിക്കുന്നുവോ?

**ഉ:** ഇല്ല. ഇവർ മൂന്നു ദൈവങ്ങളല്ല, ഏക ദൈവമാകുന്നതുകൊണ്ടു് ഒരു ഉദ്ദേശം മാത്രമേ ഉള്ളു. ആകയാൽ കല്പനയിൽ വിരോധമായി യാതൊന്നും വരുവാൻ ന്യായമില്ല.

20. **ചോ:** ദൈവം ഒരുവൻ മൂവ്വരിലും മൂവ്വർ ഒന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നുവോ?

**ഉ:** ഉവ്വ്.

21. **ചോ:** ഇതിനെ തെളിയിക്കുവാൻ വല്ല ദൃഷ്ടാന്തവുമുണ്ടോ?

**ഉ:** ഉവ്വ്. പല ദൃഷ്ടാന്തങ്ങൾ ഉണ്ടു്.

22. **ചോ:** ഒന്നു തെളിവോടുകൂടെ പറയുക.

**ഉ:** സൂര്യൻ. അതിന്നു വസ്തുവും, പ്രകാശവും, ചൂടും ഉണ്ടു്; എന്നാൽ ഒരു സൂര്യൻ തന്നെ ആകുന്നു.

23. **ചോ:** ദൈവത്തിൻെറ മറെറാരു നാമം എന്താകുന്നു?

**ഉ:** യഹോവ.

24. **ചോ:** യഹോവ എന്നതിൻെറ അത്ഥം എന്താകുന്നു?

**ഉ:** സ്വയംഭൂ

മൂന്നാം അദ്ധ്യായം

# പരിശുദ്ധ ത്രിത്വത്തിലെ ഒന്നാം ആളായ പിതാവിനെ കുറിച്ച്.

25 ചോ: പരിശുദ്ധ ത്രിത്വത്തിൻെറ ഒന്നാമത്തെ ആളുടെ പേർ എന്ത്?

ഉ: **പിതാവായ ദൈവം.**

26. ചോ: അവനെ എന്തുകൊണ്ട് ഈ പേർ വിളിക്കുന്നു?

ഉ: നമ്മുടെ കർത്താവും ദൈവവുമായ ഈശോമ്ശിഹാ യുടെ പിതാവായിരിക്കുന്നതുകൊണ്ട്.

27. ചോ: ഇതു എങ്ങിനെ ആകുന്നു.

ഉ: ലോകങ്ങൾക്കും മുമ്പ് അനാദിയായി പുത്രൻ അവനിൽനിന്നു ജനിച്ചവനാകുന്നു.

28. ചോ: ഒരു പിതാവു പുത്രനേക്കാൾ മുമ്പുള്ളവനും വലിയവനുമല്ലേ?

ഉ: മനുഷ്യരുടെ ഇടയിൽ അങ്ങിനെ തന്നെ; എന്നാൽ ദൈവത്തിങ്കൽ അങ്ങിനെയല്ല.

29. ചോ: ഇതു എങ്ങിനെ ആകുവാൻ കഴിയും?

ഉ: പിതാവും, പുത്രനും, റൂഹാദ്കുദ്ശായും ആരംഭമില്ലാത്തവരും, മൂവ്വരും ഏകദൈവമാകുന്നതുകൊണ്ട്.

30. ചോ: ഒരു ഉദാഹരണം പറയുക.

ഉ: സൂര്യൻെറ ദൃഷ്ടാന്തംതന്നെ എടുക്കുക. ഗോളത്തോടുകൂടെ പ്രകാശവും ചൂടും ഉണ്ടല്ലോ.

31. ചോ: വേദപുസ്തകത്തിൽ വല്ല തെളിവുമുണ്ടോ?

ഉ: ധാരാളം "ഞാനും എൻെറ പിതാവും ഒന്നാകുന്നു" എന്നു മാത്രമല്ല; "ഞാൻ എൻെറ പിതാവിലും, എൻെറ പിതാവ് എന്നിലും, എന്നു നീ വിശ്വസിക്കുന്നില്ലയോ?" എന്നും ദൈവപുത്രൻ അരുളിച്ചെയ്തിരിക്കുന്നു (യോഹ. 10. 30; 14:10.)

32. ചോ: പിതാവായ ദൈവം നമ്മുടെ കർത്താവായ ഈശോ മ്ശീഹായുടെ പിതാവു മാത്രമെ ആകുന്നുള്ളു?

ഉ: അല്ല. എന്നാൽ ഒരുവിധത്തിൽ എല്ലാ മനുഷ്യരുടേയും, പ്രത്യേകിച്ച് ക്രിസ്ത്യാനികളുടേയും പിതാവാകുന്നു.

33. ചോ: ഇതു എങ്ങിനെ ആകുന്നു?

ഉ: അവൻ എല്ലാ മനുഷ്യരുടേയും സ്രഷ്ടാവാകുന്നു. (മാലാഖി 2:10) എന്നാൽ പരിശുദ്ധ മാമോദീസാമൂലം ക്രിസ്ത്യാനികൾ ദൈവത്തിൽനിന്നു ജനിച്ചവരാകുന്നു. (ഗലാ. 4:5,7)

34. ചോ: വിശ്വാസപ്രമാണത്തിൽ പിതാവിന്നു എന്തു നാമം വിളിക്കുന്നു.

ഉ: "സർവ്വശക്തിയുള്ള പിതാവ്" എന്നു".

35. ചോ: എന്നാൽ പുത്രനും റൂഹാദ്കുദ്ശായും സർവ്വശക്തന്മാരല്ലേ?

ഉ: അതേ. മൂവ്വരും സമന്മാരാകുന്നു. ഓരോരുത്തനും സർവ്വശക്തനുമാകുന്നു.

36. ചോ: വിശ്വാസപ്രമാണത്തിൽ പിതാവിനെ പിന്നെ എന്തു പേർ വിളിക്കുന്നു?

ഉ: "കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടികർത്താവ്" എന്നു്.

37. ചോ: ദൈവത്തിന്റെ കാണപ്പെടാത്തതായുള്ള സൃഷ്ടികളിൽ ചിലത് പറയുക?

ഉ: നല്ലവരായ മാലാകന്മാരും, മനുഷ്യരുടെ ആത്മാക്കളും, ദുരാത്മാക്കളായ പിശാചുക്കളും ആകുന്നു.

38. ചോ: കാണപ്പെടുന്നവയിൽനിന്നും ചിലതു പറയുക.

ഉ: ഈ ലോകം, മനുഷ്യർ, മൃഗങ്ങൾ ഇത്യാദികൾ.

39. ചോ: ദൈവം പൂർണ്ണമായി നല്ലവനാണോ?

ഉ: അതെ. ദൈവം പൂർണ്ണമായി നല്ലവനാണ്.

40. ചോ: സൃഷ്ടികളും എല്ലാം നല്ലവയാകുന്നുവോ?

**ഉ:** അല്ല. മാലാഖമാരിൽനിന്നു പലരും ദുഷ്ടന്മാരായിത്തീൎന്നു. എല്ലാ മനുഷ്യരും പാപികളാകുന്നു.

41. **ചോ:** ഈ മാലാഖമാർ എങ്ങിനെ ദുഷ്ടന്മാരായിത്തീൎന്നു?

**ഉ:** അവർ ഗൎവ്വിഷ്ടന്മാരായിത്തീൎന്നു, ദൈവത്തിന്നെതിരായിനിന്നു അവന്നു സമന്മാരാകുവാൻ ശ്രമിക്കയാൽ തന്നെ. ഇതുനിമിത്തമത്രെ നാം നമ്മെത്തന്നെ ഉയൎത്തി സാത്താനെപ്പോലെ വീണുപോകാതിരിപ്പാൻ വേദപുസ്തകം നമ്മെ സൂക്ഷിപ്പിക്കുന്നതു (ലൂക്ക 18: 14: 1. തിമൊ 3: 6 മറവം) *

42. **ചോ:** എന്നാൽ ആദ്യത്തിൽ എല്ലാ സൃഷ്ടികളും നല്ലവയായിരുന്നുവോ?

**ഉ:** അതെ, സൃഷ്ടിക്കപ്പെട്ടപ്പോൾ എല്ലാം നല്ലവയായിരുന്നു. (ആദ്യ. 1: 31) എന്നാൽ അതിന്റെ ശേഷം സൃഷ്ടികളിൽനിന്നു ചിലർ സ്വമനസ്സാൽ ദുഷ്ടന്മാരായിത്തീൎന്നു. (യൂദാ: 6)

---

* മാലാഖമാർ സൎവ്വമഹത്വത്തോടും പ്രതാപത്തോടുംകൂടി സ്വൎഗ്ഗത്തിൽ വസിക്കുന്നവരും തങ്ങളുടെ ഉത്ഭവത്തെപ്പററി നിശ്ചയമില്ലാത്തവരുമായിരുന്നു നബീയന്മാരിൽ പ്രഥമനായ മോശെ റൂഹാദ്കുദശാമൂലം എഴുതപ്പെട്ട സൃഷ്ടിയുടെ ഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടതായ "വെളിച്ചം ഉണ്ടാകട്ടെ" (ആദ്യ. 1: 3) എന്ന ആജ്ഞയുടെ ശബ്ദം മാലാഖമാർ കേട്ടപ്പോൾ മാലാഖമാരായ "നാം പ്രകാശങ്ങളാകുന്നതുകൊണ്ടു" (സങ്കീ 104: 4) (എബ്രായ 1: 7) നമ്മെ സൃഷ്ടിച്ചതും "വെളിച്ചം ഉണ്ടാകട്ടെ" എന്നു കല്പിച്ചവൻ തന്നെയായിരിക്കും എന്നു കരുതി ആ കല്പന പുറപ്പെടുവിച്ചവനെ അവർ ആരാധിക്കുവാൻ ആരംഭിച്ചു എന്നാൽ ആറാം ദിവസം "ദൈവം നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക" (ആദ്യ. 1: 26) "ആദ്യജാതനെ വീണ്ടും ഭൂതലത്തിലേക്കു പ്രവേശിപ്പിക്കുമ്പോൾ; ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്കരിക്കേണം" എന്നു പൌലൂസ് ശ്ലീഹാ പറയുന്നു (എബ്ര 1: 6) ആ സൃഷ്ടിയെ കാണ്മാൻ അതിവാഞ്ഛയോടെ മാലാഖമാർ നോക്കിക്കൊണ്ടിരുന്നു. എന്നാൽ സ്രഷ്ടാവായ ദൈവം നിലത്തുനിന്നു മണ്ണു എടുത്തു തന്റെ സ്വന്തസ്വരൂപത്തിൽ മനുഷ്യനെ മനഞ്ഞു അവനിൽ ജീവന്റെ ശ്വാസത്തെ ഊതിയതു മാലാഖമാർ കണ്ടപ്പോൾ, ഇപ്രകാരമുള്ള സൃഷ്ടിയെ ഞങ്ങൾ നമസ്കരിക്കുകയില്ലെന്നു മാലാഖമാരിൽ ചിലർ ഗൎവ്വിഷ്ഠരായി പറഞ്ഞു തങ്ങൾക്കു ലഭിച്ചിരുന്ന കല്പനയെ ലംഘിച്ചു ദുഷ്ടന്മാരായിത്തീൎന്നു.

43. ചോ: എല്ലാററിന്നും മുമ്പെ ദൈവം ആരെ സൃഷ്ടിച്ചു?
ഉ: മാലാകിന്മാരെ സൃഷ്ടിച്ചു.

44. ചോ: മാലാകിന്മാൎക്കു ദേഹമുണ്ടോ?
ഉ: അവൎക്കു ദേഹമില്ല.

45. ചോ: വേദപുസ്തകം ഇവരെക്കുറിച്ചു് എന്തു പറയുന്നു?
ഉ: "അവൻ തന്റെ ദൂതന്മാരെ (മാലാകിന്മാരെ) ആത്മാവും, തന്റെ ശുശ്രൂഷക്കാരെ അഗ്നിജ്വാലയുമായി ഉണ്ടാക്കി". (സങ്കീ 104. 4 എബ്രായ. 1: 7) എന്നു പറയുന്നു.

46. ചോ: വളരെ മാലാകിന്മാരുണ്ടോ?
ഉ: വളരെ വളരെയുണ്ടു്.

47. ചോ: വേദപുസ്തകം അവരുടെ സംഖ്യയെകുറിച്ചു വല്ലതും പറഞ്ഞിട്ടുണ്ടോ?
ഉ: ഉവ്വു്. "ആയിരം ആയിരങ്ങളും പതിനായിരം പതിനായിരങ്ങളും" (ദാനി. 7: 10 മററം) എന്നു വിവരിക്കുന്നു.

48. ചോ: ഇത്ര മാത്രമേയുള്ളു?
ഉ: അല്ല ഒരു വലിയ സംഖ്യയെ കുറിക്കുവാൻ ഇങ്ങിനെ പറയുന്നതു് വേദപുസ്തകത്തിൽ പതിവാകുന്നു.

49. ചോ: ഈ അസംഖ്യമായ സ്വൎഗ്ഗീയ സൈന്യങ്ങൾ എത്ര ഗണങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു?
ഉ: ഒമ്പതു ഗണങ്ങളായി.

50. ചോ: ഈ ഒമ്പതു ഗണങ്ങളുടെ പേരുകൾ പറയാമോ?
ഉ: പറയാം. ക്രോവെ, സ്രാപ്പെ, മോത്ത്വെ, ഹൈലി, ശുൽത്താനെ, മാറാവാഥാ, അക്കോസ്, റൈഷെ മാലാകി, മാലാകെ.

51. ചോ: ഈ ഒമ്പതു് ഗണങ്ങൾ സഭയുടെ പിതാക്കന്മാരാൽ എന്തിനോടു സാദൃശമാക്കപ്പെടുന്നു?
ഉ: സത്യസഭയിലുള്ള ഒമ്പതു പട്ടങ്ങളോടുതന്നെ. (ഇവയെ കുറിച്ചു് 8-ാം അദ്ധ്യായത്തിൽ വിസ്താരമായിട്ടു പഠിക്കാം.)

52. ചോ: മാലാകിന്മാർ എന്തു ചെയ്യുന്നു?

ഉ: അവർ ഇടവിടാതെ ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നു.

53. ചോ: അവർ മനുഷ്യന് എന്തു ചെയ്യുന്നു?

ഉ: മനുഷ്യനു സഹായിക്കുന്നു. പലപ്പോഴും ദൈവത്തിന്റെ ഇഷ്ടം അവനെ അറിയിക്കയും ചെയ്യുന്നു

54. ചോ: ഇങ്ങിനെയായിരുന്നാൽ ഇവർ ദാസവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണല്ലോ?

ഉ: മനുഷ്യരായ നാം 'ദാസവർഗ്ഗം ഗ്രഹിക്കുന്ന പ്രകാരം അല്ല. എന്നാൽ "അവർ ഒക്കെയും ജീവനെ പ്രാപിപ്പാനിരിക്കുന്നവരുടെ നിമിത്തം ശുശ്രൂഷയ്ക്ക് അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?" എന്നു ഇവരെക്കുറിച്ചു എഴുതിയിരിക്കുന്നു. (എബ്രാ: 1; 14)

55. ചോ: ഏതെല്ലാം വിധത്തിൽ അവർ സേവാത്മാക്കളാകുന്നു?

ഉ: പലതരത്തിലുമുണ്ട്. എന്നാൽ പ്രധാനമായുള്ളവ ഇവയാകുന്നു:—

(1) പരിശുദ്ധന്മാരുടെ പ്രാർത്ഥനകളെ ദൈവമുമ്പാകെ കാഴ്ച വെക്കുന്നു വെളി: 8: 3, 4.)

(2) മരിച്ച സത്യവിശ്വാസികളുടെ ആത്മാക്കളെ പറുദീസയിലേക്കു കൊണ്ടുപോകുന്നു. (ലൂക്ക. 16: 22.)

(3) ന്യായവിധി ദിവസത്തിൽ കൊയ്ത്തുകാരാകും (മത്താ 13: 59.)

56. ചോ: മാലാകന്മാരാൽ സഹായിക്കപ്പെട്ട ചില ആളുകളുടെ പേർ പറയാമോ?

ഉ: പറയാം. നമ്മുടെ കർത്താവായ ഈശോമ്ശീഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും ആയിരുന്നുവെങ്കിലും ഞെരുക്കസമയത്തിൽ സഹായിക്കപ്പെട്ടു. (മത്താ. 4: 11; ലൂക്ക. 24 :43)

57. ചോ: ഇനി ഇല്ലയോ?

ഉ: ഉവ്വ്. പറയാം; നമ്മെപ്പോലെ ചെറിയ കുട്ടികളും അവരാൽ സഹായിക്കപ്പെടുന്നു. (മത്താ. 18: 10)

58 ചോ: മുതിൎന്ന ആളുകൾ അവരുടെ കൈകളിൽനിന്നു സഹായം പ്രാപിച്ചിട്ടുണ്ടോ?

ഉ: ഉവ്വ്. ശിമോൻകീഫാപോലും (അ: പ്ര. 12: 7.)

59. ചോ: മാലാകന്മാർ ദൈവത്തിൻെറ ഇഷ്ടം അറിയിച്ച ചില ആളുകളുടെ പേരുകൾ പറയാമോ?

ഉ: പറയാം (1) അബ്രാഹം (ആദ്യ. 12: 1, 2; 17: 2, 8; 22: 11, 12. മുതലായവ)

(2) ശിംശോൻെറഅമ്മ (ന്യായ. 13: 3—5.)

(3) യോഹന്നാൻ മാംദാനയുടെ അപ്പനായ സ്കർയാ. ലൂക്ക. 1: 11—20.)

(4) ഭാഗ്യവതിയായ മാൎത്ത്മറിയം. (ലൂക്ക. 1: 26—38)

60. ചോ: ദൈവം നിന്നെ സൃഷ്ടിച്ചതു് എന്തിനു?

ഉ: ഞാൻ അവനെ എന്നേക്കും സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും, സേവിക്കുവാനും, ആരാധിക്കുവാനുമായിട്ടത്രെ.

നാലാം അദ്ധ്യായം.

# പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാം ആളായ പുത്രനെകുറിച്ച്.

61. ചോ: പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാമാൾ ആരാകുന്നു?

ഉ: **പുത്രനായ ദൈവം** ആകുന്നു.

62. ചോ: ഈ നാമത്താൽ മാത്രമെ താൻ അറിയപ്പെടുന്നുള്ളു?

ഉ: അല്ല അവനെ പല നാമങ്ങൾ വിളിക്കുന്നുണ്ടു്.

63. ചോ: അവയിൽ പ്രധാനമായുള്ളവ പറയാമോ?

ഉ: പറയാം. (1) ദൈവപുത്രൻ. (2) മനുഷ്യപുത്രൻ. (3) കൎത്താവു്. (4) ദൈവത്തിൻെറ വചനം. (5) മ്ശിഹാ. (6) ഈ

ശോ (7) ദൈവം നമ്മോടുകൂടെ ആകുന്നു എന്നൎത്ഥമുള്ള അമ്മാനുവയിൽ (8) ദൈവത്തിൻെറ ഏകജാതനായ പുത്രൻ.

64. ചോ: "ദൈവപുത്രൻ" എന്നു വിളിക്കുന്നതു് എന്തു കൊണ്ടു്?

ഉ: അവൻ തൻെറ പിതാവിൽനിന്നു ലോകങ്ങൾക്കു മുമ്പു് ജനിച്ചതുകൊണ്ടും, സത്യദൈവത്തിൽനിന്നു സത്യ ദൈവം ആകുന്നതുകൊണ്ടും.

65. ചോ: തിരുവെഴുത്തിൽനിന്നു ഇതു് തെളിയിക്കാമോ?

ഉ: ഉവ്വ്. "ഇവൻ എൻെറ പ്രിയപുത്രൻ ആകുന്നു; ഇവ ങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്നു പിതാവായ ദൈ വം തന്നെ സാക്ഷിപ്പെടുത്തുന്നു. (മത്താ. 3: 17; സങ്കീ. 2: 7.)

66. ചോ: "മനുഷ്യപുത്രൻ" എന്ന പേർ എന്തുകൊണ്ടു് അ വനെ വിളിക്കുന്നു?

ഉ: അവൻ പൂൎണ്ണമനുഷ്യസ്വഭാവത്തെ എടുത്തു സത്യമനു ഷ്യനായിത്തീൎന്നതുകൊണ്ടു്.

67 ചോ: "കർത്താവു്" എന്നു് നാം അവനെ വിളിക്കുന്നതു ന്യായമാണോ?

ഉ: ന്യായമാകുന്നു, സ്പഷ്ടം. എന്തുകൊണ്ടെന്നാൽ അവൻ പിതാവു് എന്നപോലെ സൎവ്വശക്തനാകുന്നു; സൎവ്വത്തി ൻെറയും രാജാവുമാകുന്നു. (അ. പ്ര. 2. 34, 36; മത്താ. 22: 42—45. എഫെസ്യർ. 1. 20—22.)

68. ചോ: "ദൈവത്തിൻെറ വചനം" എന്നു വിളിക്കുന്നതു് എന്തു തെളിയിക്കുന്നു?

ഉ: മനുഷ്യൻെറ വചനം തൻെറ രഹസ്യവിചാരങ്ങളെ വെളിപ്പെടുത്തുന്നപ്രകാരം അവനും പിതാവിൻെറ അഗാ ധമുള്ള ചിന്തകളെ (ആലോചനകളെ) നമുക്കു വെളിപ്പെടു ത്തി. "ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല. (എ ന്നാൽ) തൻെറ പിതാവിൻെറ മാൎവ്വിടത്തിൽ ആയിരുന്ന ഏകജാതനായ ദൈവം വിവരം അറിയിച്ചു" എന്നും

മററം അവനെ കുറിച്ച എഴുതീരിക്കുന്നു (യോഹ. 1: 1, 2; 18; എബ്രാ: 1: 13.)

69. ചോ; അവൻ ഇതു എങ്ങിനെ ചെയ്തു?

ഉ: രഹസ്യമായിട്ട ലോകസൃഷ്ടിയാലും, യഹൂദന്മാരുടെ സഭയിൽ പ്രവചനത്താലും, എന്നാൽ ഈ അവസാന നാളുകളിൽ അവൻ എടുത്ത മനുഷ്യസ്വഭാവത്താൽ നമ്മോടു മുഖാമുഖമായിട്ടും അറിയിച്ചു. (എബ്രാ. 1: 1, 2.)

70. ചോ: "മ്ശീഹാ" എന്ന പദത്തിൻെറ അൎത്ഥമെന്താകുന്നു?

ഉ: അഭിഷിക്തൻ എന്നു്.

71. ചോ: അവനെ എന്തുകൊണ്ടാകുന്നു ഇങ്ങിനെ വിളിക്കുന്നതു്?

ഉ: നമ്മുടെ പ്രവാചകനും, പുരോഹിതനും, രാജാവുമായിത്തീരുവാൻ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടതുകൊണ്ടു്. "അതുകൊണ്ടു് നിൻെറ ദൈവമായ ദൈവം, നിൻെറ കൂട്ടുകാരേക്കാറം അധികം നിന്നെ ആനന്ദതൈലം കൊണ്ടു് അഭിഷേകം ചെയ്തു" എന്നു ഈ കാൎയ്യത്തെ കുറിച്ചു് എഴുതിയിരിക്കുന്നു. (സങ്കീ. 45: 7; അ: പ്ര. 10: 38.)

72. ചോ: ഇതു മ്ശീഹായെ കുറിച്ചാകുന്നു എന്നു നീ എങ്ങിനെ അറിയുന്നു?

ഉ: മ്ശീഹാ തമ്പുരാൻ തന്നെ ഇതു സമ്മതിച്ചതുകൊണ്ടു്, (ലൂക്ക. 4: 18, 21, 22.)

73. ചോ: "ഈശോ" എന്നും വിളിക്കുന്നതു് എന്തുകൊണ്ടാണു്?

ഉ: തമ്പുരാനായ ദൈവത്തിൻെറ കല്പനയായിരുന്നു. (ലൂക്ക. 1: 31; മത്ത. 1: 21.) എന്നു മാത്രമല്ല, എന്നാൽ ഈശോബർനൂൻ ഇസ്രായേൽ മക്കളെ രക്ഷിക്കുകയും കനാൻ ദേശത്തെ അവൎക്കു് അവകാശപ്പെടുത്തുകയും ചെയ്തപ്രകാരം നമ്മെ നമ്മുടെ പാപങ്ങളിൽനിന്നു രക്ഷിക്കുകയും സ്വൎഗ്ഗരാജ്യത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യുന്നു.

74. ചോ: "ദൈവം നമ്മോടുകൂടെ ആകുന്നു" എന്നത്ഥമുള്ള "അമ്മാനുവേൽ" എന്നു വിളിക്കുന്നില്ലേ?

ഉ: വിളിക്കുന്നുണ്ട്.

75. ചോ: എന്തുകൊണ്ടാണ് അങ്ങിനെ വിളിക്കുന്നതു്.

ഉ: നമ്മുടെ മാനുഷസ്വഭാവം വാസ്തവത്തിൽ എടുത്തതു കൊണ്ടു്. (പിലിപ്പ്. 2: 6, 9, ഏശാ. 7. 14; മത്താ. 1: 23)

76. ചോ: "ദൈവത്തിന്റെ ഏകജാതനായ പുത്രൻ" എന്ന പേർ അവനെ വിളിക്കുന്നതിനു എന്താകുന്നു കാരണം?

ഉ: പിതാവു മറെറാരു പുത്രനെ ജനിപ്പിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ ദൈവം തന്റെ **ഏകജാതനായ പുത്രനെ** അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തരുവാൻ തക്കവണ്ണം അത്രത്തോളം ലോകത്തെ സ്നേഹിച്ചു" എന്നു ഇതിനെക്കുറിച്ചു എഴുതിയിരിക്കുന്നു. (യോഹ. 3: 16)

77. ചോ: എന്നാൽ നാമും പിതാവായ ദൈവത്തിന്റെ പുത്രന്മാരാണ് എന്നു് നീ പറഞ്ഞുവല്ലോ?

ഉ: ഉവ്വ്. എന്നാൽ അതു മറെറാരു വിധത്തിലാണ്. നമ്മുടെ കർത്താവു് തന്റെ പിതാവിനോടു് ഏകസ്വഭാവമുള്ളവനാകുന്നു. എന്നാൽ നാം പുത്രസ്വീകാരത്താൽ പുത്രന്മാരാകുന്നു.

78. ചോ: ഇതു് നീ എങ്ങിനെ തെളിയിക്കും?

ഉ: "നമ്മുടെ പിതാവു്" എന്നു കർത്താവു് തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടില്ല; "എന്നാൽ എന്റെ പിതാവു്" എന്നും "നിങ്ങളുടെ പിതാവു്" എന്നും മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. (യോഹ. 20: 17)

79. ചോ: നമ്മുടെ കർത്താവിനെ വിശ്വാസപ്രമാണത്തിൽ എന്തു വിളിക്കുന്നു?

ഉ: "സത്യദൈവത്തിൽനിന്നു സത്യദൈവം."

80. ചോ: "സത്യദൈവത്തിൽനിന്നു സത്യദൈവം" എന്നാൽ അൎത്ഥമെന്തു്?

ഉ: എല്ലാററിലും സത്യദൈവവും പിതാവിൽനിന്നു് ആദിയില്ലാതെ ജനിച്ചവനും, പിതാവിനോടും റൂഹാദ്കുദ്ശായോടും സമനും, ഒരുനാളും അപൂൎണ്ണദൈവമല്ലാത്തവനും ആകുന്നു.

81. ചോ: തിരുവെഴുത്തുകളിൽനിന്നു തെളിയിക്കാമോ?

ഉ: തെളിയിക്കാം. "ഞാനും എന്റെ പിതാവും ഒന്നാകുന്നു" (യോഹ. 10: 30) എന്നും, "എന്റെ പിതാവു് എന്നിലും ഞാൻ എന്റെ പിതാവിലും ആകുന്നു." (യോഹ 10: 38) എന്നും, "എന്നെ കാണുന്നവൻ പിതാവിനെ കണ്ടു" (യോഹ. 14: 9) എന്നും കൎത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു.

82. ചോ: പുത്രൻ ഇല്ലാ എന്നു് ഒരു കാലം ഉണ്ടായിട്ടുണ്ടോ ഇല്ലയോ?

ഉ: ഒരു നാളും ഉണ്ടായിട്ടില്ല. എന്തുകൊണ്ടെന്നാൽ പുത്രൻ പിതാവിനെപ്പോലെയും റൂഹാദ്കുദ്ശായെപ്പോലെയും ആദ്യന്തമില്ലാത്തവനാകുന്നു.

83. ചോ: ഇതു് നീ എങ്ങിനെ അറിയുന്നു?

ഉ: "ആലപ്പും ഥാവും, ഒന്നാമനും, ഒടുക്കത്തവനും, ആദിയും അന്തവും ഞാൻ ആകുന്നു" (വെളി. 22: 13) എന്നും, "ഞാൻ ആലപ്പും ഥാവും ആകുന്നു എന്നു് ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനും, സൎവ്വശക്തനുമായ ദൈവമായ കൎത്താവു് പറയുന്നു." (വെളി 1: 8) എന്നും അവന്റെ തിരുവായ്മൊഴിയായി എഴുതപ്പെട്ടിരിക്കുന്നു എന്നു മാത്രമല്ല, ആദിയിൽ വചനം ഉണ്ടായിരുന്നു" എന്നും മററും അവനെ കുറിച്ചു എഴുതിയിരിക്കുന്നു. (യോഹ. 1; 1—5.)

84 ചോ: മ്ശിഹാ സൎവ്വശക്തനാകുന്നുവോ?

ഉ: അതെ; മ്ശിഹാ സൎവ്വശക്തനാകുന്നു. (1 കോരി. 8:6.)

എന്തുകൊണ്ടെന്നാൽ അവൻ ദൈവവുമാകുന്നു. അവൻ മററുള്ളവരെപ്പോലെ അല്ല, എന്നാൽ തന്റെ സ്വന്തശക്തിയാൽ അത്ഭുതങ്ങൾ ചെയ്തു.

85. ചോ: പുത്രനും സൃഷ്ടികർത്താവാകുന്നുവോ?

ഉ: അതേ. "സകലവും അവനാൽ ഉണ്ടായി, ഉണ്ടായതു് യാതൊന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല" എന്നു എഴുതിയിരിക്കുന്നു. (യോഹ. 1: 3.)

അഞ്ചാം അദ്ധ്യായം

## വചനമായ ദൈവം മനുഷ്യസ്വഭാവം എടുത്തതിനെക്കുറിച്ച്.

86. ചോ: വചനമായ ദൈവം ആരാകുന്നു?

ഉ: പരിശുദ്ധ ത്രിത്വത്തിന്റെ രണ്ടാം ആളായ പുത്രനായ ദൈവമാകുന്നു.

87. ചോ: ദൈവമായ പുത്രൻ ഈ അവസാന നാളുകളിൽ നമുക്കുവേണ്ടി എന്തു ചെയ്തു?

ഉ: നമ്മെപ്പോലെ ഒരു സാക്ഷാൽ മനുഷ്യനായിത്തീരുകയും, വിശുദ്ധകന്യക മാർത്ത്മറിയത്താൽ ഗർഭം ധരിക്കപ്പെടുകയും പ്രസവിക്കപ്പെടുകയും ചെയ്തു.

88. ചോ: "മനുഷ്യസ്വഭാവത്തെ എടുത്ത" എന്ന പദത്തിന്റെ അർത്ഥമെന്താകുന്നു?

ഉ: ദൈവമായ പുത്രൻ — പരിശുദ്ധത്രിത്വത്തിന്റെ രണ്ടാം ആൾ — മനുഷ്യന്റെ സാക്ഷാൽ ശരീരവും, മനുഷ്യന്റെ സാക്ഷാൽ ആത്മാവും അതായതു പൂർണ്ണമനുഷ്യ സ്വഭാവം തനിക്കു തന്നെ എടുക്കുകയും സാക്ഷാൽ മനുഷ്യനായിത്തീരുകയും ചെയ്തു.

89. ചോ: മനുഷ്യനായിത്തീൎന്നതിന്നുമുമ്പു അവൻ ഉണ്ടായിരുന്നുവോ?

ഉ: ഉവ്വ്. ലോകങ്ങൾക്കു മുമ്പും അനാദിയിൽനിന്നും പൂൎണ്ണദൈവസ്വഭാവത്താൽ പിതാവിനോടും റൂഹാദ്കുദ്ശായോടുംകൂടെ ഉണ്ടായിരുന്നു.

90. ചോ: വചനമായ ദൈവം എന്തിനായിട്ടു മനുഷ്യനായി?

ഉ: "അവൻ മനുഷ്യരായ നമുക്കും, നമ്മുടെ രക്ഷക്കുംവേണ്ടി" എന്നു വിശ്വാസപ്രമാണത്തിലും, "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുവാനായിട്ടു" എന്നു തിരുവെഴുത്തിലും (മത്താ. 1: 21) എഴുതിയിരിക്കുന്നു.

91. ചോ: അവൻ സൎവ്വശക്തനായിരുന്നില്ലേ?

ഉ: അവൻ എപ്പോഴും ഇടവിടാതെ സൎവ്വശക്തനാകുന്നു.

92. ചോ: അങ്ങിനെ ആകുന്നുവെങ്കിൽ എന്തുകൊണ്ടു ബലഹീനമായ മനുഷ്യസ്വഭാവത്താൽ ഇതു ചെയ്വാൻ ആവശ്യപ്പെട്ടു?

ഉ: "ഏകമനുഷ്യനാൽ പാപവും, പാപത്താൽ മരണവും ലോകത്തിൽ കടന്നു" എന്നും, "ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീൎന്നപ്രകാരം തന്നെ "ഏകമനുഷ്യന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും" (റോമ. 5: 12—19) എന്നും, "വിശുദ്ധീകരിക്കുന്നവനും, വിശുദ്ധീകരിക്കപ്പെട്ടവരും ഒക്കെയും ഒന്നിൽനിന്നാകുന്നുവല്ലോ." (എബ്ര. 2: 11; 5—18) എന്നും മററും ഈ സംഗതിയെക്കുറിച്ച് എഴുതിയിരിക്കുന്നു.

93. ചോ: തിരുവെഴുത്തുകൾ വചനമായ ദൈവത്തിന്റെ മനുഷ്യസ്വഭാവം എടുത്തതിനെക്കുറിച്ചു എന്തു പറയുന്നു?

ഉ: പിതാവിനോടും റൂഹാദ്കുദ്ശായോടും അനാദിയിൽനിന്നായിരുന്ന പുത്രനായ ദൈവം സാക്ഷാൽ മനുഷ്യസ്വഭാവത്തെ എടുക്കുകയും, കന്യക മാൎത്ത് മറിയത്താൽ ഗൎഭം ധരിക്കപ്പെടുകയും പ്രസവിക്കപ്പെടുകയും ചെയ്തു.

94. **ചോ:** വചനമായ ദൈവം മനുഷ്യസ്വഭാവത്തെ എടുത്ത തിനാൽ മനുഷ്യന്റെ സാക്ഷാൽ ശരീരത്തേയും സാക്ഷാൽ ആത്മാവിനേയും എടുത്തുവോ?

**ഉ:** ഉവ്വ്. അവൻ നമ്മിൽ ഒരുത്തനെപ്പോലെ ഒരു സത്യ മനുഷ്യശരീരത്തേയും, ഒരു സത്യാത്മാവിനേയും എടുക്ക കയും, അവന്റെ മനുഷ്യസ്വഭാവത്താൽ നാം സുഖദുഃഖ ത്തെ അനുഭവിക്കുന്നപ്രകാരം അവനും അനുഭവിക്കുകയും ചെയ്തു.

95. **ചോ:** അങ്ങിനെ ആയാൽ അവൻ നമ്മെപ്പോലെ ആയി ത്തീന്നുവോ?

**ഉ:** ഉവ്വ്. പാപം ഒഴികെ അവൻ എല്ലാററിലും നമ്മെ പ്പോലെ ഒരു സാക്ഷാൽ മനുഷ്യനായിത്തീന്നു.

96. **ചോ:** അങ്ങിനെ ദൈവവും മനുഷ്യനും ഒരാറം ആയിത്തീ ന്നുവോ?

**ഉ:** ഉവ്വ് "ഏകപുത്രൻ" എന്നും, "ഏകമ്ശീഹാ" എ ന്നും, "ഈശോ" എന്നും മററും ആ ആളെ പേർ വിളി ക്കുന്നു.

97. **ചോ:** "ശ്ലീഹാ" എന്ന വിളിയാൽ നീ എന്തു ഗ്രഹിക്കുന്നു?

**ഉ:** ദൈവമായ വചനവും, അവനാൽ എടുക്കപ്പെട്ട സാ ക്ഷാൽ മനുഷ്യത്വവും ഒരാറം ആകുന്നു എന്നും, ഞാൻ ഗ്രഹിക്കുന്നു.

98. **ചോ:** മ്ശീഹായിൽ എത്ര സ്വഭാവങ്ങറം ഉണ്ടെന്നു് നീ സമ്മതിക്കുന്നു?

**ഉ:** ദൈവസ്വഭാവവും, മനുഷ്യസ്വഭാവവും ഇങ്ങിനെ രണ്ടു സ്വഭാവങ്ങറം ഉണ്ടെന്നു ഞാൻ ഏററുപറയുന്നു.

99. **ചോ:** ദൈവം അനാദിയായുള്ളവനും അമർത്ത്യനുമാ ണല്ലോ?

**ഉ:** അതേ. അതിനു യാതൊരു സംശയവുമില്ല.

100. **ചോ:** പിന്നെ ഇതു് എങ്ങിനെയാകുന്നു?

**ഉ:** "അവൻ തന്റെ ദൈവത്വത്തിൽ കാലങ്ങറംക്കു മുമ്പ് പിതാവിൽനിന്നു അനാദിയായി ജനിച്ചവനും, തന്റെ മനുഷ്യത്വത്തിൽ കാലങ്ങളുടെ പൂണ്ണതയിൽ സംയോജിച്ച

ശരീരത്താൽ കന്യകമറിയത്തിൽനിന്നു ജനിച്ചവനുമാകുന്നു. അവൻെറ ദൈവത്വം അമ്മയുടെ സ്വഭാവത്തിൽ നിന്നല്ല അവൻെറ മനുഷ്യത്വം പിതാവിൻെറ സ്വഭാവത്തിൽനിന്നുമല്ല." എന്നു സഭയുടെ വലിയ പിതാക്കന്മാരിൽ ഒരുവനായ വലിയ മാർ–ബാവൈ കീർത്തിപ്പെട്ട "ബ്രീക്ഹന്നാനായിൽ"* പറയുന്നു.

101. ചോ: അങ്ങിനെയായാൽ രണ്ടു മ്ശീഹാന്മാർ ഉണ്ടല്ലോ— ഒരുത്തൻ ദൈവവും മററവൻ മനുഷ്യനും?

ഉ: അല്ല. ഒരിക്കലും അങ്ങിനെയല്ല. മ്ശീഹാ ഒരുത്തൻ മാത്രമാകുന്നു. "രണ്ട് സ്വഭാവങ്ങളിൽ സർവ്വരാലും ആരാധിക്കപ്പെട്ട ദൈവപുത്രനായ മ്ശീഹാ ഒരുവനാകുന്നു." (ബ്രീക്ഹന്നാനാ) കാലങ്ങളുടെ അനാദിയിൽ പിതാവിനോടും റൂഹാദ്കുദ്ശായോടും കൂടെ ആയിരുന്നവൻതന്നെ; മനുഷ്യസ്വഭാവമെടുക്കയാൽ മനുഷ്യനായിത്തീൎന്ന ഏകപുത്രൻ–ഏകമ്ശീഹാ–എപ്പോഴും ഒരാളായിരിക്കുന്നു.

102. ചോ: ഇതിനെ തെളിയിക്കുവാൻ ഒരു ദൃഷ്ടാന്തം പറയുക.

ഉ: ശരീരവും ആത്മാവും ഒരു മനുഷ്യനാകുന്ന പ്രകാരം ദൈവവും മനുഷ്യനും ഒരു പുത്രനാകുന്ന മ്ശീഹായാകുന്നു.

103. ചോ: ഈ മ്ശീഹാ ജനിച്ചതു് എങ്ങിനെ?

ഉ: ഭാഗ്യവതിയായ വിശുദ്ധ കന്യക മാർത്ത്മറിയം ദൈവത്തിൻെറ കല്പനപ്രകാരം പരിശുദ്ധാത്മാവിൽനിന്നു ഗർഭം ധരിച്ചു്, ഗർഭകാലമായ ഒമ്പതുമാസം തികഞ്ഞതശേഷം ദൈവത്തിൻേറയും ദാവീദിൻേറയും പുത്രനായ മ്ശീഹായെ പ്രസവിച്ചു. (ലൂക്ക. 1: 26—38; മത്താ. 1: 18–25; ലൂക്ക. 2: 1—7; മത്താ. 2: 1–15 മുതലായവ.)

* സൂബാറയുടെ ഒന്നാംഞായറാഴ്ച മുതൽ ദിൻഹാ തിരുന്നാൾ വരെ എല്ലാ ഞായറാഴ്ചയിലും ഉപയോഗിക്കുന്ന ഒരു സുറിയാനി സ്തുതിഗീതമാകുന്നു.

104. ചോ: മാർത്ത്മറിയത്തെ "ദൈവമാതാവ്" എന്നും "ദൈവജനനി" എന്നും വിളിപ്പാൻ ന്യായമുണ്ടോ?

ഉ: ന്യായമില്ല.

105. ചോ: എന്തുകൊണ്ട് ന്യായമില്ല?

ഉ: അവൾ ആത്മാവായ ദൈവത്തെ ജനിപ്പിക്കാത്തതു കൊണ്ടുതന്നെ.

106. ചോ: പിന്നെ അവൾ ആരെ ജനിപ്പിച്ചു?

ഉ: സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ മ്ശിഹായെ ജനിപ്പിച്ചു.

107. ചോ: നിത്യകന്യക മാർത്ത്മറിയം സാക്ഷാൽ മനുഷ്യജാതിയിൽ നിന്നാകുന്നുവോ?

ഉ: അതെ. സാക്ഷാൽ മനുഷ്യിയായിരുന്നു. നാം പുരുഷനിൽനിന്നും സ്ത്രീയിൽനിന്നും ജനിച്ചപ്രകാരം അവളും ജനിക്കപ്പെട്ടിരിക്കുന്നു. "ദാവീദിന്റേയും അബ്രാഹാമിന്റേയും വംശത്തിൽനിന്നു സൃഷ്ടാവ് കന്യകയെ തിരഞ്ഞെടുത്ത് അവളിൽ അവന്റെ ശുദ്ധമായ ശക്തിയെ വസിപ്പിച്ചു അവൾ റൂഹാദ്കുദ്ശായുടെ ശക്തിയാൽ ഉന്നതത്തിന്റേയും ആഴത്തിന്റേയും ന്യായാധിപതിയായ മ്ശിഹായെ ഗർഭം ധരിക്കയും ജനിപ്പിക്കുകയും ചെയ്തു" എന്നു *"മിൻബ്സീഥ് ദാവീദ്........" എന്ന പാട്ടിൽ നാം ചൊല്ലുന്നുവല്ലോ.

108. ചോ: അവൾ ദൈവപുത്രനെ ജനിപ്പിച്ചതുകൊണ്ട് അവളെ ആരാധിക്കുന്നവർ ഉണ്ടോ??

ഉ: അവളെ ആരാധിക്കുന്ന ഒരു കൂട്ടക്കാർ ഉണ്ട്. അവർ അവളെ ദേവി, ദേവസ്ത്രീ എന്നപോലെ സേവിക്കുന്നു.

109. ചോ: വചനമായ ദൈവം എന്തിന്നായിട്ടു മനുഷ്യനായി?

ഉ: ഞാൻ മുമ്പെ പറഞ്ഞപ്രകാരം (89-ാം ചോദ്യം) "മനുഷ്യരായ നമുക്കും, നമ്മുടെ രക്ഷക്കും വേണ്ടി എന്നു

---

* ഒന്നു ഇടവിട്ട് വരുന്ന എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരത്തെ പ്രാർത്ഥനകളിൽ ചൊല്ലുന്ന ഒരു സുറിയാനി ഗീതമാകുന്നു.

വിശ്വാസപ്രമാണത്തിലും, "തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കുവാനായിട്ടു" എന്നു തിരുവെഴുത്തിലും എഴുതിയിരിക്കുന്നു. (മത്താ. 1: 21)

110. **ചോ:** ഈ രക്ഷ എല്ലാ മനുഷ്യർക്കും ആവശ്യമാകുന്നുവോ?

**ഉ:** അതേ. എല്ലാവർക്കും ആവശ്യംതന്നെ.

111. **ചോ:** കന്യക മാർത്ത്മറിയം ഈ രക്ഷയിൽ ഉൾപ്പെട്ടവളാകുന്നുവോ?

**ഉ:** ജഡരക്തത്തിൽനിന്നു എല്ലാ മനുഷ്യരെപ്പോലെ ജനിച്ചവളാകയാൽ തർക്കമില്ലല്ലോ; എന്നാൽ അവൾ തന്നെയും സമ്മതിച്ചിട്ടുണ്ട്. (ലൂക്ക. 1: 46—48)

112. **ചോ:** സഭയും പരിശുദ്ധ പിതാക്കന്മാരും നിത്യകന്യക മാർത്ത്മറിയത്തെ എന്തു യോഗ്യമുള്ള പേരുകൾ വിളിക്കുന്നു?

**ഉ:** "നിത്യകന്യക", "രണ്ടാം സ്വർഗ്ഗം", "പ്രകാശത്തിന്റെ പെട്ടകം", "പ്രകാശത്തിന്റേയും ജീവന്റേയും അമ്മ" എന്നും മററും വിളിക്കുന്നു.

113. **ചോ:** മനുഷ്യൻ സൃഷ്ടിക്കപ്പെട്ടപ്പോൾ ശുദ്ധിമാനായിരുന്നുവോ?

**ഉ:** അതേ. ദൈവത്തിന്റെ സൃഷ്ടികൾ എല്ലാം ആദ്യത്തിൽ നല്ലവയായിരുന്നു.

114. **ചോ:** എന്നാൽ പിന്നെ മനുഷ്യൻ എങ്ങിനെയാണ് പാപത്തിൽ വീണതു്?

**ഉ:** ദൈവം ആദാമിനേയും ഹാവായേയും പരിശുദ്ധന്മാരായി നില്ക്കുവാൻ നിർബ്ബന്ധിക്കാതെ അവർ താങ്കൾക്കു നന്മയോ തിന്മയോ തിരഞ്ഞെടുക്കുവാനായി സ്വാതന്ത്ര്യക്കാരായി വിട്ടു. പിശാചു താൻ ചെയ്തപ്രകാരം അവരും തിന്മയെ തിരഞ്ഞെടുക്കുവാനും, ദൈവത്തിന്നു വിരോധമായി നില്ക്കുവാനും കൌശലംകൊണ്ടു് അവരെ ചതിച്ചു. (ആദ്യ. 3: 1—5)

115. ചോ: ആദാമും ഹാവായും പിശാചിനെ അനുസരിച്ചതു കൊണ്ടു് എന്തു ചെയ്തു?

ഉ: അവർ പാപം ചെയ്തു. അതുനിമിത്തം എല്ലാ മനുഷ്യരും പാപികളായിത്തീൎന്നു.

116. ചോ: പാപത്തിന്റെ ശിക്ഷ എന്തായി?

ഉ: **മരണം തന്നെ** ജഡപ്രകാരമുള്ള മരണം എല്ലവനും അനുഭവിക്കേണ്ടതാകുന്നു; എന്നാൽ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടാഞ്ഞാൽ നാം നിത്യമരണവും അനുഭവിക്കേണ്ടിവരും. "എന്തുകൊണ്ടെന്നാൽ പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ ഈശോമ്ശീഹായിൽ നിത്യജീവനാകുന്നു." (റോമ. 6: 23-ൽ എഴുതിയിരിക്കുന്ന പ്രകാരം.)

117. ചോ: നിത്യമരണത്തിൽനിന്നു നമുക്കു് എങ്ങിനെ രക്ഷ കിട്ടും?

ഉ: നമ്മുടെ കർത്താവു് മനുഷ്യനായിത്തീരുകയും, ഈ ആവശ്യത്തിന്നായി സ്ലീബാമരത്തിന്മേൽ മരിക്കുകയും ചെയ്തതുകൊണ്ടു് നാം നമ്മുടെ പാപങ്ങളിൽനിന്നു് മനസ്താപപ്പെടുന്നുവെങ്കിൽ അവൻ നമ്മെ രക്ഷിക്കും.

118. ചോ: മ്ശീഹ ഈ ഭൂമിയിൽ എന്തു ചെയ്തു?

ഉ: മ്ശീഹാ ഈ ലോകത്തിൽ സുവിശേഷം അറിയിക്കുകയും, അത്ഭുതങ്ങൾ പ്രവർത്തിക്കുകയും, ലോകത്തിൽ സഭയെ പണിയുകയും ചെയ്തു.

119. ചോ: നമ്മെ രക്ഷിക്കാൻ മ്ശീഹാ എന്തു ചെയ്തു?

ഉ: "അവൻതന്നെ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ എല്ലാം എടുക്കുകയും, മരണത്തിന്മേൽ അവയെ കയറുകയും ചെയ്തു. നാം പാപത്തിന്നു മരിച്ചവർ എന്നു പോലെ അവന്റെ നീതിയിൽ ജീവിക്കേണം" എന്നു് എഴുതിയിരിക്കുന്നു. (1 പത്രോ. 2: 24)

120. **ചോ:** ഒരു സാധാരണ മനുഷ്യന്നു ഇതു ചെയ്വാൻ കഴിയുമായിരുന്നുവോ?

**ഉ:** ഇല്ല. പൂൎണ്ണദൈവവും പൂൎണ്ണമനുഷ്യനുമായ മ്ശീഹായ്ക്കല്ലാതെ മററാരുത്തനും ദൈവമുമ്പാകെ മാനുഷപാപങ്ങൾക്കുവേണ്ടി വീമോചനം ചെയ്വാൻ സാദ്ധ്യമായിരുന്നില്ല.

121. **ചോ:** വചനമായ ദൈവം നമ്മുടെ പാപങ്ങൾ വിമോചിക്കപ്പെടുവാനായിട്ടു് മാത്രമാണോ മനുഷ്യനായിത്തീൎന്നതു്?

**ഉ:** അല്ല എന്നാൽ ആദാമും ഹാവായും ആദ്യമായിരുന്ന പ്രകാരം നാം വീണ്ടും പരിശുദ്ധന്മാരായിത്തീരുവാനും കൂടെയത്രെ മനുഷ്യനായിത്തീൎന്നതു്.

122. **ചോ:** മനുഷ്യന്നു ശുദ്ധപരിശുദ്ധൻ ആകുവാൻ സാധിക്കുമോ?

**ഉ:** നാം എല്ലാവരും പാപികളാകുന്നതുകൊണ്ടു് ഈ ലോകത്തിൽ സാദ്ധ്യമല്ല. എന്നാൽ മ്ശീഹാ നമുക്കു് നല്കുന്ന കൃപയാൽ എത്രയും അധികമായി പരിശുദ്ധന്മാരാകുവാനും ഇഹകാലത്തിന്റെ ശേഷം പൂൎണ്ണന്മാരും അവന്റെ സദൃശന്മാരുമായിത്തീരുവാനും കഴിയും.

123. **ചോ:** ഇതിനെ സംബന്ധിച്ച തിരുവെഴുത്തിൽനിന്നു വല്ല വാക്യവും പറയാമോ?

**ഉ:** പറയാം. "എന്റെ പ്രിയമുള്ളവരേ! നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം എന്താകും എന്നു് ഇതുവരെ പ്രത്യക്ഷമായതുമില്ല. എന്നാൽ അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സാദൃശത്തിൽ ആകുകയും, അവൻ ഇരിക്കുന്ന പ്രകാരം നാം അവനെ കാണുകയും ചെയ്യും എന്നു് നാം അറിയുന്നു." എന്നും മററും എഴുതിയിരിക്കുന്നു. (1. യോഹ. 3: 2; റോമ. 8: 29)

124. **ചോ:** സത്യവേദത്തിൽനിന്നു മ്ശീഹ ഒരു സാക്ഷാൽ മനുഷ്യനാകുന്നു എന്നു് കാണിക്കാമോ?

ഉ: കാണിക്കാം. നമ്മുടെ കർത്താവു് നമ്മെപ്പോലെ ഒരു പൈതൽ ആയിരുന്നു; "ജ്ഞാനത്തിലും വളർച്ചയിലും മുതിന്നു" (ലൂക്ക. 2: 52) "ഉപവസിക്കുകയും വിശക്കുകയും ചെയ്തു" (മത്താ. 4: 2.) നാം ക്ഷീണിക്കുന്ന പ്രകാരം "ക്ഷീണിക്കുകയും" നാം ദുഃഖിക്കുന്ന പ്രകാരം "ദുഃഖിക്കുകയും" ചെയ്തു. (യോഹ 4: 6; മത്താ. 26: 28) "സന്തോഷിക്കുകയും." (ലൂക്ക. 10: 21) സ്ലീബായുടെ മരത്തിന്മേൽ "ദാഹിക്കുകയും" ചെയ്തു. (യോഹ. 19: 28) അടയ്ക്കപ്പെടുകയും നാം ഉയിക്കുംപ്രകാരം ഉയിക്കുകയും ചെയ്തു. (മാക്കോ. 15: 46; 16: 9) ഇവയിൽനിന്നും മററം മ്ശീഹായ്ക്കു നമ്മെപ്പോലെ ഒരു സാക്ഷാൽ മനുഷ്യശരീരവും, ഒരു സാക്ഷാൽ മനുഷ്യാത്മാവും ഉണ്ടായിരുന്നു എന്നു തെളിവാകുന്നു

125. ചോ: മ്ശീഹാ ദൈവവും മനുഷ്യനും ആയിരിപ്പാൻ എന്തായിരുന്നു ആവശ്യം?

ഉ: ദൈവവും മനുഷ്യനുമാകുന്ന അവൻ മാത്രമേ ദൈവത്തിൻെറയും മനുഷ്യരുടേയും ഇടയിൽ മദ്ധ്യസ്ഥനും, നമ്മുടെ പാപങ്ങൾക്കു ബലിയുമായിത്തീരുവാൻ പ്രാപ്തൻ ആയിരുന്നുള്ളു.

126 ചോ: മററുള്ള മനുഷ്യരാൽ രക്ഷയുണ്ടോ? അല്ലെങ്കിൽ മററുള്ളവക്കു രക്ഷിക്കുവാൻ സാധിക്കുമോ?

ഉ: നസ്രായക്കാരനായ ഈശോമ്ശീഹായുടെ നാമത്താൽ മാത്രമല്ലാതെ വേറെ ഒന്നിനാലും അല്ല എന്നു എല്ലാവരും അറിഞ്ഞിരിക്കട്ടെ. "മറെറാരുത്തനാലും രക്ഷ ഇല്ല. എന്തുകൊണ്ടെന്നാൽ ആകാശത്തിൻ കീഴിൽ വേറൊരു നാമവും, അതിനാൽ രക്ഷപ്പെടുവാൻ മനുഷ്യക്കു കൊടുക്കപ്പെട്ടിട്ടില്ല." (അ. പ്ര. 4: 10, 12) എന്നും, "എന്നാൽ ഇശോയുടെ നാമത്തിൽ ആകാശത്തിലും, ഭൂമിയിലും, ഭൂമിക്കുതാഴെയുമുള്ള എല്ലാ മുഴങ്കാലും മടങ്ങും" (പിലി. 2: 10.) എന്നും മററം എഴുതിയിരിക്കുന്നു.

127. ചോ: മ്ശീഹായുടെ രണ്ടു സ്വഭാവങ്ങളിൽനിന്നു നാം എന്തു് പഠിക്കുന്നു?

ഉ: ഒന്നാമത്തു് അവൻ മനുഷ്യനാകുന്നതുകൊണ്ടു് അവൻ നമ്മുടെ മുൻഗാമിയായി എന്നും, മനുഷ്യനു് പിശാചിനെ ജയിക്കുവാൻ സാധിക്കും എന്നു കാണിച്ചു എന്നും നാം പഠിക്കുന്നു. രണ്ടാമത്തു് അവൻ ദൈവമാകുന്നതുകൊണ്ടു് നാം പിശാചിനെ വീണ്ടും ജയിക്കുവാൻ താൻ നമുക്കു കൃപ നല്കുകയും, അവൻ തന്നെ നമ്മെ രക്ഷിക്കുവാൻ പ്രാപ്തനാകുന്നു, രക്ഷിക്കുകയും ചെയ്യും, എന്നു നാം പഠിക്കുന്നു.

128. ചോ: നമ്മുടെ കർത്താവു് തീരെ പാപമില്ലാത്തവനായിരുന്നുവോ?

ഉ: അതേ. "അവൻ പാപം ചെയ്തിട്ടില്ല; ചതിപോലും അവൻെറ വായിൽ കാണപ്പെട്ടതുമില്ല" (1 പത്രോ: 2:22)

129. ചോ: നമ്മുടെ കർത്താവു് നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടുവോ?

ഉ: ഉവ്വ്. "താൻ പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ." (എബ്രാ. 4: 15.)

130. ചോ: നമ്മുടെ കർത്താവു് പരീക്ഷിക്കപ്പെട്ട ഒരു സമയം പറയുക.

ഉ: സാത്താൻ മരുഭൂമിയിൽ അവൻെറ അടുക്കൽ വന്നപ്പോൾ (മത്താ. 4: 1-11.)

131. ചോ: നമ്മുടെ കർത്താവു് വേറെ വല്ലപ്പോഴും പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ?

ഉ: ഉവ്വ്. അവൻ ഭൂമിയിലുള്ള തൻെറ ജീവകാലം മുഴുവനും പരീക്ഷിക്കപ്പെട്ടു. "എൻെറ പരീക്ഷകളിൽ എന്നോടുകൂടെ പാർത്തിട്ടുള്ളവർ നിങ്ങൾ ആകുന്നു" എന്നു തൻെറ ശിഷ്യന്മാരോടു് അരുളിച്ചെയ്തു. (ലൂക്ക. 22: 28; 4: 13-ം ഒത്തുനോക്കുക.)

132. ചോ: നമ്മുടെ കർത്താവു് പരീക്ഷകളിൽ തോററിട്ടുണ്ടോ?

ഉ: ഒരു നാളുമില്ല. എന്നാൽ എപ്പോഴും പിശാചിനെ ജയിക്കുകയും, നമുക്കു നമ്മുടെ പരീക്ഷാസമയങ്ങളിൽ ഒരു ഉദാഹരണം നല്കുകയും ചെയ്തു.

133 ചോ: കർത്താവിൻെറ പരീക്ഷകളിൽനിന്നു നമുക്ക് എന്തു ഗുണമുണ്ട്?

ഉ: "താൻ തന്നെ പരീക്ഷിക്കപ്പെട്ടു കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവൎക്കു സഹായിപ്പാൻ കഴിവുള്ളവനാകുന്നു" (എബ്രാ. 2: 18)

134. ചോ: നമ്മുടെ കർത്താവു് സ്വമനസ്സാൽ തന്നെത്താൻ മരിക്കുവാൻ ഏല്പിച്ചുവോ?

ഉ: ഉവ്വ്. ഹോമബലി കഴിപ്പാൻ തൻെറ പിതാവിൻെറ ഇഷ്ടമനുസരിച്ചു് സ്വന്തമനസ്സാൽ തന്നെത്താൻ ഏല്പിച്ച ഇസ്ഹാക്കിനെപ്പോലെ നമ്മുടെ കർത്താവും സ്വമനസ്സാൽ താൻ തന്നെ മരണത്തിനു ഏല്പിച്ചു. (ആദ്യ 23: 2—9. സങ്കീ 40: 6, 7)

135. ചോ: തനിക്കു മരണത്തിൽനിന്നു രക്ഷപ്പെടുവാൻ ആഗ്രഹമുണ്ടായിരുന്നുവെങ്കിൽ സാദ്ധ്യമായിരുന്നുവോ?

ഉ: അതേ. അവൻ ശിമോൻ കീഫായോടു് "അല്ലാ, ഇപ്പോഴും തന്നെ എൻെറ പിതാവിനോടു പന്ത്രണ്ടു് ലെഗ്യോനിലും അധികം മാലാകന്മാരെ എനിക്കായി നിറുത്തേണ്ടതിനു അപേക്ഷിക്കുവാൻ എനിക്കു് സാധിക്കയില്ല എന്നു നിനക്കുതോന്നുന്നുവോ?" എന്നു പറഞ്ഞു. (മത്താ. 26: 53; യോഹ. 10: 17, 18.)

136. ചോ: "മരണം" എന്ന പദത്തിൻെറ അൎത്ഥമെന്തു്?

ഉ: ദേഹവും ദേഹിയും തമ്മിൽ വിട്ടുമാറൽ എന്നാകുന്നു അതിൻെറ അൎത്ഥം.

137. ചോ: നമ്മുടെ കർത്താവു് വാസ്തവത്തിൽ മരിച്ചുവോ?

ഉ: ഉവ്വ്. തൻെറ മനുഷ്യത്വത്തിൽ മരിച്ചു; എന്തുകൊണ്ടെന്നാൽ അവൻെറ ശരീരവും ആത്മാവും തമ്മിൽ വിട്ടു

മാറി. എന്നാൽ അവൻെറ ദൈവത്വം പാതാളത്തിൽവെച്ച തൻെറ ആത്മാവിൽനിന്നോ, അവൻെറ ശരീരം നാശം കാണാത്തതുകൊണ്ട് ശവകല്ലറയിൽവെച്ച തൻെറ ശരീരത്തിൽനിന്നോ, വിട്ടുപോയിട്ടില്ല. (സങ്കീ. 16: 10; അ. പ്ര. 2: 27)

138. ചോ: എങ്ങിനെ മരിച്ചു?

ഉ: "പന്തിയോസ്സ് പീലാത്തോസിൻെറ നാളുകളിൽ കഷ്ടമനുഭവിച്ചു കുരിശിന്മേൽ തറയ്ക്കപ്പെട്ടു" എന്നു നാം വിശ്വാസപ്രമാണത്തിൽ ഏററു പറയുന്നു.

139. ചോ: എന്തുകൊണ്ട് മരിച്ചു?

ഉ: നമ്മെ നമ്മുടെ പാപങ്ങളിൽനിന്നു രക്ഷിക്കുവാനായിട്ടു നമുക്കുവേണ്ടി മരിച്ചു

140. ചോ: എന്തുകൊണ്ട് മരത്തിന്മേൽ തറക്കപ്പെട്ടു?

ഉ: എല്ലാം മരണങ്ങളേക്കാൾ അപമാനമുള്ള മരണം ആയിരുന്നതുകൊണ്ട് "മരത്തിന്മേൽ തൂക്കപ്പെടുന്നവനെല്ലാം ശപിക്കപ്പെട്ടവനാകുന്നു എന്നെഴുതിയിരിക്കുന്ന പ്രകാരം അവൻ നമുക്കുവേണ്ടി ശാപമായിത്തീൎന്നു" എന്നു അവനെ കുറിച്ച് എഴുതിയിരിക്കുന്നു (ഗാലാ 2: 13; ആവ 21.23.)

141. ചോ: നമ്മുടെ കർത്താവു് സ്ലീപ്പായുടെ മരത്തിന്മേൽ ചെയ്തതെന്തു്?

ഉ: താൻ തന്നെ നമ്മുടെ പാപങ്ങൾക്കുവേണ്ടി ഒരു ബലിയായി അൎപ്പണം ചെയ്തു

142. ചോ: ഇപ്പോൾ സ്ലീപ്പാമരം (സ്ലീവാ) ഒരു അപമാനമുള്ള സാധനമാകുന്നുവോ?

ഉ: അല്ല. മ്ശീഹാ അതിൻെറ ശാപം എടുത്തതുകൊണ്ട് ഇപ്പോൾ വളരെ ബഹുമാനമുള്ളതാകുന്നു. അതുകൊണ്ട് നമ്മുടെ രക്ഷയുടെ അടയാളമായിട്ടു സ്ലീവായിൽ നാം പ്രശംസിക്കുകയും അതിനെ ബഹുമാനിക്കയുംചെയ്യുന്നു. "എനിക്കോ നമ്മുടെ കർത്താവായ ഈശോമ്ശീഹായുടെ ക്രൂശിൽ

(സ്ലീപ്പായിൽ) അല്ലാതെ പ്രശംസിപ്പാൻ ഇടവരരുതേ അതിനാൽ ലോകം എനിക്കും ഞാൻ ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു'' എന്നു പൌലൂസ് ശ്ലീഹാ പോലും പ്രശംസിക്കുന്നു (ഗാലാ. 6: 14)

143. ചോ: മ്ശിഹായുടെ മരണത്താൽ ഉണ്ടായ ചില അത്ഭുതകരങ്ങളായ അടയാളങ്ങളെ പറയാമോ?

ഉ: നമ്മുടെ കർത്താവ് ''മഹാശബ്ദത്തോടെ വിളിച്ച് പ്രാണനെ വിടുകയും (അവസാനിക്കുകയും) ചെയ്തു'' (മാർക്കോ. 15: 37) എന്നും, ''മൂന്നു മണിക്കൂറുനേരം ഇരുട്ടായി'' ''ദൈവമന്ദിരത്തിലെ തിരശ്ശീല മേലിൽനിന്നു അടിയോളവും രണ്ടായി ചീന്തിപ്പോയി'', ''ഭൂമി കുലുങ്ങി, പാറകൾ പിളൎന്നു, കല്ലറകളും തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേല്ക്കയും, അവന്റെ പുനരുത്ഥാനത്തിന്റെ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ പ്രവേശിച്ചു, പലൎക്കും പ്രത്യക്ഷമാകുകയും ചെയ്തു'' (മത്താ. 27: 45, 50_54) എന്നും മററും എഴുതിയിരിക്കുന്നു.

144. ചോ: ഈ അടയാളങ്ങൾ സൂചിപ്പിക്കുന്നതെന്ത്?

ഉ: മ്ശിഹാ തന്റെ മനുഷ്യത്വത്തിൽ ക്രൂശിന്റെ മരത്തിന്മേൽ മരിക്കുന്ന സമയവും സത്യദൈവവുമായിരുന്നു.

145. ചോ: നമ്മുടെ കർത്താവിന്റെ ശരീരം എത്ര സമയം കല്ലറയിൽ താമസിച്ചു?

ഉ: മൂന്നു നാൾ മാത്രം.

146. ചോ: മ്ശിഹാ ഈ മൂന്നു നാളുകളിൽ എന്തു ചെയ്തു?

ഉ: പാതാളത്തിലേക്കു ഇറങ്ങി മരിച്ചവരുടെ ആത്മാക്കൾക്കു പ്രസംഗിച്ചു (1. പത്രോ. 3: 18, 19)

147. ചോ: 'പാതാളം' എന്നതു് എന്താകുന്നു?

ഉ: എല്ലാ മരിച്ചവരുടേയും ആത്മാക്കൾ പുനരുത്ഥാനത്തെ കാത്തിരിക്കുന്ന സ്ഥലമാകുന്നു.

ആറാം അദ്ധ്യായം.

## മ്ശീഹായുടെ പുനരുത്ഥാനത്തേയും, ആരോഹണത്തേയും, രണ്ടാമത്തെ ആഗമനത്തേയും കുറിച്ച്.

148. ചോ: നമ്മുടെ കർത്താവ് എപ്പോറം മരിച്ചവരിൽനിന്നു് എഴുന്നീററു?
ഉ: താൻ കുരിശിൽ തറക്കപ്പെട്ടശേഷം മൂന്നാം ദിവസത്തിൽ അത്രേ.

149. ചോ: "എഴുന്നീററു" എന്ന പദത്തിൻെറ അത്ഥമെന്താകുന്നു?
ഉ: നമ്മുടെ കർത്താവ് വീണ്ടും തൻെറ ശരീരത്തേയും തൻെറ ആത്മാവിനേയും ഒന്നായിട്ട് യോജിപ്പിച്ചു എന്നത്ഥമാകുന്നു.

150. ചോ: ഏതു ശരീരാത്മാക്കളാണ് യോജിച്ചതു്?
ഉ: അവൻ മരിക്കുന്നതിനുമുമ്പ് അവനുണ്ടായിരുന്ന ശരീരാത്മാക്കറം തന്നെ.

151. ചോ: ഉയപ്പിന്നുശേഷം അതേ ശരീരം തന്നെയായിരുന്നു എന്നു തെളിയിക്കാമോ?
ഉ: തെളിയിക്കാം. അവൻ ചിന്തപ്പെട്ട തൻെറ കൈകളേയും, കാലുകളേയും, വിലാവിനേയും, തോമാശ്ലീഹായ്ക്കും മററം കാണിച്ചുകൊടുത്തു (യോഹ. 20: 20, 25, 27)

152. ചോ: അവൻെറ ഉയപ്പിൻെറ ശേഷം തൻെറ ശരീരത്തിൽ വല്ല ഭേദവും ഉണ്ടായിട്ടുണ്ടോ?
ഉ: ഉവ്വ്. അവൻെറ ശരീരത്തിന്നു് എത്രയോ വലിയ മഹത്വം ഉണ്ടായിരുന്നു; തൻെറ ശിഷ്യന്മാർ അവനെ അറിഞ്ഞില്ല. (യോഹ. 21: 4, 12)എന്നും മുറികളിൽ വാതിലുകറം അടച്ചിരിക്കെ അകത്തു പ്രവേശിച്ചു (യോഹ. 20:

19–26) എന്നും മററും ഈ സംഗതിയെക്കുറിച്ച് എഴുതി യിരിക്കുന്നു. എന്നാൽ നാമും മ്ശീഹായുടെ കല്പന പ്ര കാരം ജീവിച്ചിരുന്നാൽ നമ്മുടെ ശരീരങ്ങളും പുനരുത്ഥാ നത്തിൽ മഹത്വമുള്ളവയാകും.

153. ചോ: എന്നാൽ അവൻെറ മരണത്തിന്നുമുമ്പ് അവൻ കടലിൻ മീതെ നടക്കുകയും മലയിന്മേൽ മറുരൂപപ്പെടുക യും, വളരെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തിട്ടില്ലേ?
ഉ: ഉണ്ട്. എന്നാൽ ആ സംഗതികൾ എല്ലാം അവ നിൽ എപ്പോഴും ഉണ്ടായിരുന്ന മഹത്വത്തിൻെറ അടയാള ങ്ങളായിരുന്നു എങ്കിലും ഇപ്പോൾ സ്പഷ്ടമായി കാണുന്നു.

154. ചോ: നമ്മുടെ കർത്താവു് തൻെറ ഉയപ്പിന്നുശേഷം എത്ര ദിവസം ഭൂമിയിൽ താമസിച്ചു?
ഉ: നാല്പതു ദിവസം. താൻ സ്വർഗ്ഗാരോഹണം ചെയ്തതു വരെ.

155. ചോ: ആ നാല്പതു ദിവസങ്ങളിൽ അവൻ എന്തു ചെയ്ത രുന്നു?
ഉ: സഭയെ പണിയുവാൻ ശ്ലീഹന്മാരെ പഠിപ്പിച്ചിരു ന്നു. "അവൻ കഷ്ടപ്പെട്ടശേഷം നാല്പതു നാളോളം അവക്കു കാണപ്പെട്ടും ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറ ഞ്ഞുകൊണ്ടും ഇരുന്നു" എന്നു് എഴുതീയിരിക്കുന്നു. (അ. പ്ര. 1: 2)

156. ചോ: വിശ്വാസപ്രമാണത്തിൽ ഉപയോഗിച്ച 'കരേറി' (കയറി) എന്ന പദത്തിൻെറ അത്ഥമെന്താകുന്നു?
ഉ: നമ്മുടെ കർത്താവു് തൻെറ ശരീരത്തോടും ആത്മാ വോടും കൂടെ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു.

157. ചോ: ഇപ്പോൾ നമ്മുടെ കർത്താവ് എവിടെ?
ഉ: തൻെറ പിതാവായ ദൈവത്തിൻെറ വലത്തുഭാഗ ത്തിരിക്കുന്നു. (മാക്കോ. 16: 19; എബ്രാ: 8: 1; സങ്കീ: 110: 1.)

158. ചോ: "തൻെറ പിതാവിൻെറ വലത്തുഭാഗത്തു" എ ന്നാൽ അത്ഥമെന്താകുന്നു?

ഉ: എല്ലാററിന്നും മീതെ ഏററവും വലിയതായ മഹത്വത്തിൻേറയും അധികാരത്തിൻേറയും സ്ഥാനം എന്നത്ഥമാകുന്നു. (അഫേ. 1: 20—22; ഫിലി 2: 9, 10)

159. ചോ: നമ്മുടെ കർത്താവു് എന്തിനായിട്ടു സ്വൎഗ്ഗത്തിലേക്കു കയറി?

(1) തൻെറ ദൈവത്വത്തിൽ പിതാവിനോടുകൂടെ ലോകങ്ങൾക്കു മുണ്ടായിരുന്ന മഹത്വത്തെ അവൻെറ മനുഷ്യത്വത്തിലും കൈക്കൊള്ളുവാനായിട്ടു്. "ഇപ്പോൾ നീ എൻെറ പിതാവേ! ലോകം ഉണ്ടാകുംമുമ്പേ എനിക്കു് നിന്നോടുകൂടെ ഉണ്ടായിരുന്ന ആ മഹത്വത്താൽ എന്നെ നിന്നോടുകൂടെ മഹത്വപ്പെടുത്തേണമേ." (യോഹ. 17 5.) എന്നു് എഴുതിയിരിക്കുന്നുവല്ലോ.

(2) പരിശുദ്ധാത്മാവിനെ അയക്കുവാനായിട്ടു്. "എന്തുകൊണ്ടെന്നാൽ ഞാൻ പോകാഞ്ഞാൽ ആശ്വാസപ്രദൻ (പാറക്ലീത്ത) നിങ്ങളുടെ അടുക്കൽ വരികയില്ല; എന്നാൽ ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും." എന്നു് അവൻ അരുളിച്ചെയ്തിരിക്കുന്നു. (യോഹ: 16: 7)

(3) തൻെറ സഭയുടെ പരിപൂൎണ്ണതക്കായി എല്ലാറേറയും ക്രമപ്പെടുത്തുവാനായിട്ടു്. "സൎവ്വവും അവൻെറ കാലുകളുടെ കീഴാക്കിവെച്ചു; സൎവ്വത്തിന്നും മീതെയായവനെ സഭയ്ക്കു തലയായികൊടുത്തു എന്നു ഈ കാൎയ്യത്തെക്കുറിച്ചു് എഴുതിയിരിക്കുന്നു (അഫേ. 1: 20—23)

(4) നമുക്കു് ഒരു സ്ഥലം ഒരുക്കുവാനായിട്ടു്. "എൻെറ പിതാവിൻെറ ഭവനത്തിൽ വാസസ്ഥലങ്ങൾ വളരെ ആകുന്നു; അല്ലാഞ്ഞാൽ ഞാൻ നിങ്ങളോടു് "ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു" എന്നു പറയുമായിരുന്നു. ഞാൻ പോയാൽ നിങ്ങൾക്കു സ്ഥലം ഒരുക്കും". (യോഹ. 14: 2, 3.) എന്നു തിരുവായു് അരുളിച്ചെയ്തിരിക്കുന്നു.

(5) സ്വർഗ്ഗത്തിൽ നമ്മുടെ മഹാപുരോഹിതനാകുവാനായിട്ട്. "ആകയാൽ സ്വർഗ്ഗത്തിലേക്കു കയറിപ്പോയ ദൈവപുത്രനായ ഈശോമ്ശീഹാ ആകുന്ന ശ്രേഷ്ഠമഹാപുരോഹിതൻ നമുക്കുള്ളതുകൊണ്ട് അവന്റെ മതം (സ്വീകാരവചനം) മുറുകെ പിടിക്കേണം" (എബ്ര. 4: 14.) എന്നു എഴുതിയിരിക്കുന്നു.

160. ചോ: മ്ശീഹാ കുരിശിന്മേൽ തന്റെ ബലി തീർത്തശേഷം തന്റെ ആചാര്യത്വത്തിൽനിന്നു് മൌനമായിരിക്കുന്നുവോ?

ഉ: ഇല്ല. അവൻ മൽക്കിസ്ദീക്കിന്റെ സാദൃശത്തിൽ എന്നന്നേക്കും പുരോഹിതനാകുന്നു. (സങ്കീ. 110: 4 ) എബ്രായക്കാർക്കുള്ള ലേഖനത്തിൽ പൌലൂസ് ശ്ലീഹായുടെ വാക്കുകൾ ഒത്തുനോക്കുക. (എബ്ര. 7: 15; 21 - 24.)

161. ചോ: നമ്മുടെ കർത്താവായ ഈശോമ്ശീഹാ സ്വർഗ്ഗങ്ങളെ കടന്നുപോയതുകൊണ്ട് ഇനി തനിക്കു സഭയിൽ അധികാരമില്ലേ?

ഉ: ഉണ്ട്. "നിന്റെ രാജ്യം നിത്യമായുള്ള രാജ്യവും നിന്റെ അധികാരം എല്ലാ തലമുറകളിലും ആകുന്നു." (സങ്കീ. 145: 12) എന്നും, "കർത്താവ് തന്റെ വചനങ്ങളിൽ വിശ്വസ്തനും, തന്റെ സകല പ്രവൃത്തികളിലും നീതിമാനുമാകുന്നു"* (സങ്കീ. 145: 13.) എന്നും, "നീ മൽക്കിസ്ദീക്കിന്റെ സാദൃശത്തിൽ എന്നന്നേക്കും ര ... തൻ ആകുന്നു എന്നു കർത്താവ് ആണയിട്ടു; അനുതപിക്കയുമില്ല." (സങ്കീ 110: 4; എബ്രാ. 7: 15, 21, 24.) എന്നും എഴുതിയിരിക്കുന്നു.

162. ചോ: ശരി. എന്നാൽ ഇതിനാൽ നീ എന്തു തെളിയിക്കുന്നു?

ഉ: ഇതിനാൽ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമായ നമ്മുടെ രക്ഷിതാവും ശ്രേഷ്ഠമഹാപുരോഹിതനുമാകുന്ന മ്ശീഹാ എന്നന്നേക്കും ജീവിക്കുകയും ഇടവിടാതെ ഭരിക്കുകയും ചെയ്യുന്നു എന്നു തെളിയുന്നു.

---

* സുറിയാനി വേദപുസ്തകത്തിലുള്ള പ്രകാരം.

163. ചോ: ഇപ്പോഠം വിഗ്രഹങ്ങളെ സേവിക്കുകയും ദേവിയെ ആരാധിക്കുകയും ചെയ്യുന്നവർ ഈ അധികാരം മുഴവനും ഒരു പാപിയായ ആഠംക്ക കൊടുക്കുന്നില്ലേ?

ഉ: ഉവ്വ്. "പാപത്തിന്റെ മനുഷ്യന്നു" കൊടുക്കാറുണ്ട്; എന്നാൽ അവർ സത്യത്തിൽനിന്നു തെററിപ്പോകുന്നു; എന്തുകൊണ്ടെന്നാൽ നമ്മുടെ മഹാപുരോഹിതൻ എപ്പോഴും, എന്നന്നേക്കും, ഇടവിടാതെ ജീവനോടുകൂടെ ഇരിക്കുന്നു എന്നു് അവർ വിശ്വസിച്ചിരുന്നുവെങ്കിൽ ഇപ്രകാരം പറകയില്ലായിരുന്നു.

164. ചോ: അവൻ നമ്മുടെ മഹാപുരോഹിതൻ ആകുന്നതു് എങ്ങിനെ?

ഉ: "അവൻ ആട്ടുകൊററന്മാരുടേയും പശുക്കിടാക്കളുടേയും രക്തത്താലല്ല; എന്നാൽ സ്വന്തരക്തത്താൽതന്നേ ഒരിക്കലായിട്ടു വിശുദ്ധസ്ഥലത്തിൽ പ്രവേശിച്ചു നിത്യവീണ്ടെടുപ്പിനെ സമ്പാദിച്ചു." (എബ്രാ. 9: 12 ) എന്നും, "ഇവനോ എന്നന്നേക്കും ഇരിക്കുന്നതുകൊണ്ടു് അവന്റെ പൌരോഹിത്യം മാറുകയില്ല........എന്തുകൊണ്ടെന്നാൽ അവൻ സദാ ജീവിക്കുന്നു........" നമുക്കുവേണ്ടി പക്ഷവാദം ചെയ്കയും ചെയ്യുന്നു. (എബ്രാ. 7: 24, 25 ) എന്നും മററും എഴുതപ്പെട്ടിരിക്കുന്നു.

165. ചോ: പിന്നെ അങ്ങിനെ ആയാൽ ദൈവത്തിന്റെ സഭയിലുള്ള ആചാര്യന്മാരാകുന്ന പാത്രിയക്കീസും താഴെയുള്ളവരും എന്താകുന്നു?

ഉ: "മ്ശീഹായുടെ ശുശ്രൂഷക്കാരും, ദൈവമർമ്മങ്ങളുടെ വീട്ടുവിചാരകന്മാരും" (1. കോരി. 4: 1.) എന്നും, "നാം വിശ്വസിപ്പാൻ കാരണമായി തീർന്ന ശുശ്രൂഷക്കാരത്രേ" (1. കോരി. 3: 5.) എന്നും മററും എഴുതിയിരിക്കുന്നു.

166. ചോ: മ്ശീഹാ നമുക്കുവേണ്ടി പിതാവിനോടു പക്ഷവാദം ചെയ്യുന്നുവെങ്കിൽ പിതാവിനേക്കാഠം കുറവുള്ളവനാകുന്നുവല്ലോ?

ഉ: അല്ല അവൻ ദൈവവും ആകുന്നതുകൊണ്ട് ഒരുത്തൻ തന്റെ കൂട്ടുകാരനോട് സംസാരിക്കുന്ന പ്രകാരം സംസാരിക്കുന്നു. രക്ഷിതാവിന്റെ കഷ്ടാനുഭവത്തെ കുറിച്ച് സ്ഖർയായുടെ വചനം (സ്ഖർയാ. 13: 7) ഒത്തുനോക്കുക.

167. ചോ: മ്ശീഹാ വീണ്ടും ഈ ലോകത്തിലേക്കു എപ്പോറം വരും?

ഉ: അവസാന ദിവസത്തിൽ "ജാതികളെ നേരോടെ വിധിക്കുവാൻ" (സങ്കീ. 67: 4.)

168. ചോ: എല്ലാം മനുഷ്യരും വിധിക്കപ്പെടുമോ?

ഉ: ഉവ്വ്. "അവസാനമാകുന്ന വിധിനാളിൽ ജീവിക്കുന്നവരും മരിച്ചവരും വിധിക്കപ്പെടും" എന്നു വിശ്വാസപ്രമാണത്തിൽ എഴുതിയിരിക്കുന്നു.

169. ചോ: മരിച്ചവർ എങ്ങിനെ വിധിക്കപ്പെടും?

ഉ: "ഇതാ ഒരു മർമ്മം ഞാൻ നിങ്ങളോടു പറയുന്നു. കാഹളം ധ്വനിക്കുമ്പോറം മരിച്ചവർ അക്ഷയരായി ഉയിർക്കും" (1 കോരി 25: 51-54) എന്നു ദൈവിക ഭണ്ഡാരക്കാരനായ മാർ പൌലൂസ് ശ്ലീഹാ പറയുന്നു.

170. ചോ: എന്തിനായിട്ടു നാം വിധിക്കപ്പെടും?

ഉ: നന്മയെങ്കിലും തിന്മയെങ്കിലും ഈ ലോകത്തിൽ നാം ചെയ്യുന്നതെല്ലാററയും കുറിച്ച്. "എന്തുകൊണ്ടെന്നാൽ ഓരോരു മനുഷ്യൻ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം-തന്റെ ശരീരത്തിൽ പ്രതിഫലം കിട്ടുന്നതിന്നു നാം എല്ലാവരും മ്ശീഹായുടെ ന്യായാസനത്തിന്റെ മുമ്പാകെ നില്ക്കുവാനുള്ളവരാകുന്നു" (2 കോരി. 5: 10) പ്രസംഗക്കാരന്റെ വചനവും (പ്രസംഗം 12. 14) ഒത്തുനോക്കുക.

171. ചോ: നമ്മെ വിധിക്കുവാൻ മ്ശീഹ എങ്ങിനെ വരും?

ഉ: ഈ ഭൂമിയിൽ അവനുണ്ടായിരുന്ന അതേ ശരീരത്തിൽതന്നെ. (അ. പ്ര. 1: 11.) എന്നാൽ വലിയ അധികാരത്തോടും മഹത്വത്തോടും വരുന്നു. "മനുഷ്യപുത്രൻ

തന്റെ തേജസ്സിൽ തന്നോടു ഒന്നിച്ചു തന്റെ സകല വിശുദ്ധ മാലാഖമാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കും" (മത്താ 25: 31—33) എന്നു തന്റെ തിരുവായ് അരുളിച്ചെയ്തിരിക്കുന്നു

172. **ചോ:** വിധിനാൾ എപ്പോൾ ആകും എന്നും മനുഷ്യൻ അറിയുന്നുവോ?

**ഉ:** അറിയുന്നില്ല. കള്ളൻ രാത്രിയിൽ വരുന്നപ്രകാരം നാം അവന്റെ ആഗമനത്തിന്നു കാത്തിരിക്കാത്തപ്പോൾ മ്ശിഹാ വരും "എന്തുകൊണ്ടെന്നാൽ കള്ളൻ രാത്രിയിൽ വരുന്നപ്രകാരം കർത്താവിന്റെ നാൾവരുന്നു എന്നു നിങ്ങൾ സത്യമായി അറിഞ്ഞിരിക്കുന്നുവല്ലോ" (1 തെസ്സ. 5–2; വെളി. 1: 3 ) എന്നും മററും പറയപ്പെട്ടിരിക്കുന്നു.

173. **ചോ:** ഇതിൽനിന്നു നാം എന്തു പഠിക്കേണ്ടതാകുന്നു?

**ഉ:** വീട്ടുടമസ്ഥൻ എപ്പോൾ വരുമെന്നു് അറിയാത്തതുകൊണ്ടു് നാം ഉണർന്നിരിക്കേണം എന്നു നാം പഠിക്കുന്നു (മാർക്കോ 13: 35)

174. **ചോ:** അപ്പോൾ നമ്മുടെ കർത്താവു നന്മ ചെയ്യുന്നവർക്കു എന്തു ചെയ്യും?

**ഉ:** അവരെ തന്റെ വലത്തുഭാഗത്തു നിറുത്തി അവരോടു: "എന്റെ പിതാവിന്റെ അനുഗ്രഹിക്കപ്പെട്ടവരേ! വരുവിൻ! ലോകസ്ഥാപനത്തിങ്കൽ മുമ്പെ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കുവിൻ". എന്നു അരുളിച്ചെയ്യും. (മത്താ. 25: 34)

175. **ചോ:** തിന്മ ചെയ്യുന്നവർക്കു എന്തു ചെയ്യും?

**ഉ:** അവരെ തന്റെ ഇടത്തുഭാഗത്തു നിറുത്തി അവരോടു: "ശപിക്കപ്പെട്ടവരേ! എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" എന്നും് അരുളിച്ചെയ്യും. (മത്താ. 25: 41.)

176. **ചോ:** ഇതിൽനിന്നു നാം എന്തു പഠിക്കുന്നു?

ഉ: ഉടനെ നമ്മുടെ പാപങ്ങളിൽനിന്നു തിരിഞ്ഞു മനസ്താപപ്പെടുകയും, നമ്മുടെ ജീവകാലം മുഴുവൻ പുതിയ ജീവനിൽ കഴിക്കുവാൻ ഉത്സാഹത്തോടു ശ്രദ്ധ വെക്കുകയും വേണം എന്നു നാം പഠിക്കുന്നു.

ഏഴാം അദ്ധ്യായം.

# പരിശുദ്ധ ത്രിത്വത്തിന്റെ മൂന്നാം ആളായ റൂഹാദ്കുദ്ശായെ കുറിച്ച്.

177. ചോ: പരിശുദ്ധ ത്രിത്വത്തിന്റെ മൂന്നാം ആൾ ആരാകുന്നു?

ഉ: റൂഹാദ്കുദ്ശാ.

178. ചോ: "റൂഹാദ്കുദ്ശാ" എന്നാൽ അൎത്ഥമെന്താകുന്നു?

ഉ: പരിശുദ്ധാത്മാവ്.

179. ചോ: "പരിശുദ്ധാത്മാവിന്റെ മറെറാരു പേർ എന്താകുന്നു?

ഉ: "പാറക്ലീത്താ."

180. ചോ: "പാറക്ലീത്താ" എന്ന പദം എന്തു ഭാഷയാകുന്നു?

ഉ: യവനായ ഭാഷ. "ആശ്വാസപ്രദൻ" എന്നും "മദ്ധ്യസ്ഥൻ" എന്നും അൎത്ഥമുള്ളതാകുന്നു.

181. ചോ: റൂഹാദ്കുദ്ശാ പിതാവായ ദൈവത്തോടും പുത്രനായ ദൈവത്തോടും സമനാകുന്നുവോ?

ഉ: അതേ, പിതാവും പുത്രനും റൂഹാദ്കുദ്ശായും സമന്മാരാകുന്നു.

182. ചോ: റൂഹാദ്കുദ്ശാ സത്യദൈവമാകുന്നു എന്നു് തിരുവെഴുത്തുകളിൽനിന്നു തെളിയിക്കുക?

ഉ: (1) പിതാവിന്റേയും പുത്രന്റേയും റൂഹാദ്കുദ്ശായുടേയും നാമത്തിൽ നാം മാമോദീസാ മുക്കപ്പെട്ടിട്ടുണ്ടു്. (മത്താ. 28: 19.)

(2) കള്ളനായ ഹനന്യാ മനുഷ്യരോടല്ല ദൈവത്തോടത്രേ ഭോഷ്ക്കു പറഞ്ഞതു് എന്നു് ശിംഓൻ കീഫാ സാക്ഷിപ്പെടുത്തുന്നു. (അ. പ്ര. 5: 3.)

(3) ക്രിസ്ത്യാനികൾ ദൈവത്തിൻെറ ആലയം എന്നു ഒരു സ്ഥലത്തും (2 കോരി. 6: 16) റൂഹാദ്കുദ്ശായുടെ ആലയം എന്നു മറെറാരുസ്ഥലത്തും (1. കോരി. 6: 19) വിളിക്കപ്പെട്ടിരിക്കുന്നു.

183 ചോ: റൂഹാദ്കുദ്ശാ ആദ്യന്തരഹിതൻ ആകുന്നുവോ?

ഉ: അതേ. വിശുദ്ധ ത്രിത്വത്തിൻെറ ആളുകൾ മൂവ്വരും ആദ്യന്തമില്ലാത്തവരാകുന്നു. "നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അപ്പിച്ച...." എന്നു് എഴുതിയിരിക്കുന്നു (എബ്രാ. 9. 14.)

184. ചോ: പരിശുദ്ധാത്മാവു് ആരിൽനിന്നു പുറപ്പെടുന്നു?

ഉ: പിതാവിൽനിന്നു മാത്രമേ പുറപ്പെടുന്നുള്ളു.

185 ചോ: ഇതു് പരിശുദ്ധാത്മാവിൻെറ പുസ്തകങ്ങളിൽനിന്നു കാണിക്കുക.

ഉ: (1) "എൻെറ പിതാവിൻെറ പക്കൽനിന്നു പുറപ്പെടുന്ന സത്യാത്മാവു്" എന്നു കർത്താവുതന്നെ അരുളിച്ചെയ്തിരിക്കുന്നു. (യോഹ 15: 26.)

(2) പരിശുദ്ധാത്മാവു് പലപ്പോഴും "ദൈവത്തിൻെറ ആത്മാവു്" എന്നു വിളിക്കപ്പെടുന്നു (ആദ്യ 1. 2; റോമ. 8: 11; അ. പ്ര. 2: 17: ആദ്യ 2: 7; ഇയ്യോ. 33: 4.)

186 ചോ: പരിശുദ്ധാത്മാവിനെ "മ്ശീഹായുടെ ആത്മാവു്" എന്നു പറയാമോ?

ഉ: പറയാം യാതൊരു വിരോധവുമില്ല. പരിശുദ്ധത്രിത്വം ഒരു ദൈവമാകുന്നതുകൊണ്ടും എന്നു മാത്രമല്ല; എന്നാൽ "അവരിൽ വസിക്കുന്ന മ്ശീഹായുടെ ആത്മാവു്" എന്നു എഴുതിയിരിക്കുന്നതുകൊണ്ടും തന്നെ (1. പത്രോ. 1: 11; റോമ. 8: 9)

187. ചോ: റൂഹാദ്കുദ്ശാ സര്വ്വശക്തനാകുന്നുവോ?
ഉ: അതേ. ത്രിത്വത്തിന്റെ മൂന്നാളുകളും സര്വ്വത്തിലും സമന്മാരാകുന്നു; എന്നു മാത്രമല്ല, "എന്നാൽ ആത്മാവു് സകലത്തേയും ദൈവത്തിന്റെ ആഴങ്ങളേയും ആരായുന്നുവല്ലോ" എന്നു അവനെക്കുറിച്ചു് എഴുതിയിരിക്കുന്നു. (1 കോരി 2: 10, 11.)

188 ചോ: പരിശുദ്ധാത്മാവു് ലോകസൃഷ്ടിയിൽ എന്തുചെയ്തു?
ഉ: ജീവനുള്ള ഇഴജാതിയേയും, പക്ഷിയേയും മററും പുറപ്പെടുവിപ്പാൻ "വെള്ളങ്ങളുടെ മുഖത്തിന്മേൽ ആവസിച്ചു" (ആദ്യ. 1: 20, 2)

189. ചോ: മനുഷ്യസൃഷ്ടിയിൽ എന്തു ചെയ്തു?
ഉ: 'അവനിൽ ജീവന്റെ ശ്വാസത്തെ ഊതി' (ആദ്യ. 2: 7; ഇയ്യോ. 33: 4.)

190. ചോ: റൂഹാദ്കുദ്ശായ്ക്കു് ഇതു നിമിത്തം എന്തു നാമം കൊടുക്കപ്പെട്ടിട്ടുണ്ടു്?
ഉ: "ജീവന്റെ ആത്മാവു്" എന്ന നാമം. (റോമ 8:2)

191. ചോ: പരിശുദ്ധാവു് നമ്മുടെ കര്ത്താവിനാൽ എപ്പോഠം ഭൂമിയിലേക്കു് അയക്കപ്പെട്ടു?
ഉ: "പന്തിക്കോസ്തു്" നാളിൽ ശ്ലീഹാന്മാരുടെ മേൽ ഇറങ്ങിയപ്പോഠംതന്നെ.

192. ചോ: ഇപ്പോഠം അവൻ നമുക്കു് എന്തു് ചെയ്യുന്നു?
ഉ: സഭയിൽ വസിക്കുകയും, മാമോദീസാ കര്ബ്ബാന മുതലായ വിശുദ്ധ രഹസ്യങ്ങളെ കൂദാശ ചെയ്യുകയും, ക്രിസ്ത്യാനികളിൽ വസിക്കുകയും അവരെ ശുദ്ധീകരിക്കയും, ആശ്വസിപ്പിക്കയും ചെയ്യുന്നു. (യോഹ. 14: 17; 16: 6-14; 1 കോരി. 6: 19)

193. ചോ: "പന്തിക്കോസ്തു്" നാളിന്നു മുമ്പു് റൂഹാദ്കുദ്ശാ മററാളുകളിന്മേൽ ഇറങ്ങിയിട്ടില്ലേ?

ഉ: ഉവ്വ്. എന്നാൽ ഈ വിധത്തിലല്ല. ഇപ്പോഠം നമു
ക്കു് പരിശുദ്ധാവിന്റെ കവിഞ്ഞൊഴുക്കുണ്ടു്. എന്നാൽ
"ഇതു തന്നിൽ വിശ്വസിക്കുന്നവൎക്കു ലഭിപ്പാനുള്ള ആത്മാ
വിനെക്കുറിച്ചു പറഞ്ഞു. എന്തുകൊണ്ടെന്നാൽ ഈശോ അ
തുവരെയും മഹത്വപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവു് നല്ക
പ്പെട്ടിട്ടുണ്ടായിരുന്നില്ല" എന്നു് എഴുതിയിരിക്കുന്നു.
(യോഹ 7: 39)

194. **ചോ:** വിശുദ്ധ കൈവെപ്പിൽ എന്തു് ചെയ്യുന്നു?

**ഉ:** ദൈവത്തിന്റെ സഭയിൽ ശുംശാനന്മാരും, കശീശ
ന്മാരും, അപ്പിസ്കോപ്പന്മാരുമായിത്തീരുവാൻ പലരേയും
അധികാരപ്പെടുത്തുന്നു. (മത്താ. 28. 18; ലൂക്ക. 2: 50;
യോഹ. 20: 21_23; മാൎക്കൊ. 16: 15—20; അ
പ്ര. 13: 2_ംമറവം.)

195. **ചോ:** പിന്നെ അവൻ നമുക്കു് എന്തു ചെയ്യുന്നു?

**ഉ:** നമുക്കു കൃപയുടെ ആയുധങ്ങളായിത്തീരുവാൻ എ
ല്ലാ വിശുദ്ധരഹസ്യങ്ങളേയും കൂദാശ ചെയ്യുന്നു. (ശുദ്ധീക
രിക്കുന്നു)

196 **ചോ:** മാമോദീസായിൽ എന്തു ചെയ്യുന്നു?

**ഉ:** പാപത്തെ എല്ലാം മോചിപ്പിക്കുവാനായി വെള്ളങ്ങ
ളെ കൂദാശ ചെയ്യുന്നു. (യോഹ. 3: 5; 1 കോരി 12: 13)

197. **ചോ:** വിശുദ്ധ കുൎബ്ബാനയിൽ എന്തു ചെയ്യുന്നു?

**ഉ:** നമ്മുടെ കർത്താവിന്റെ ശരീരവും രക്തവുമായിത്തീ
രുവാൻ അപ്പത്തേയും വീഞ്ഞിനേയും കൂദാശ ചെയ്യുന്നു.

198. **ചോ:** നമ്മുടെ കർത്താവായ ഈശോമ്ശീഹാ റൂഹാദ്കു
ദ്ശായ്ക്കു മററു എന്തുപേർ കൊടുത്തു?

**ഉ:** "ദൈവത്തിന്റെ വിരലു്" (ലൂക്ക. 11: 20; മത്താ.
12: 28.)

199. **ചോ:** നാം ഈ വിളിയിൽനിന്നു് എന്തു ഗ്രഹിക്കുന്നു?

ഉ: നാം നമ്മുടെ വിരലുകളെക്കൊണ്ടു പ്രവർത്തിക്കുന്ന പ്രകാരം ദൈവവും പരിശുദ്ധാത്മാവിനാൽ പ്രവർത്തിക്കുന്നു.

200. ചോ: റൂഹാദകുദ്ശാ തിരുവെഴുത്തുകളെ എഴുതുന്നവർക്ക് എന്തുചെയ്തു?

ഉ: സത്യത്തെ എഴുതുവാൻ അവരെ ആകർഷിച്ചു (2 പത്രോ. 1: 21; 2. തിമൊ. 3: 16.)

201. ചോ: ഈ കാര്യം നിമിത്തം അവനു എന്തു പേർ ഉണ്ട്?

ഉ: "സത്യത്തിൻെറ ആത്മാവു്" എന്നു പുത്രൻ അരുളിച്ചെയ്തിരിക്കുന്നു. (യോഹ. 15: 26.)

202. ചോ: നീ വിശ്വാസ പ്രമാണത്തിൽ റൂഹാദ്കുദ്ശായെ എങ്ങിനെ ഏററു പറയുന്നു?

ഉ: "സത്യത്തിൻെറ ആത്മാവും, പിതാവിൽനിന്നു പുറപ്പെടുന്നവനും, ജീവിപ്പിക്കുന്ന ആത്മാവുമായ ഏക റൂഹാദ്കുദശായിലും ഞങ്ങൾ വിശ്വസിക്കുന്നു" എന്നു ഞാൻ ദിവസേന ചൊല്ലുന്നു.

---

എട്ടാം അദ്ധ്യായം.

## തിരുസഭയെ കുറിച്ച്

---

203. ചോ: "സഭ" എന്നതു് എന്താകുന്നു?

ഉ: ശ്ലീഹാ റൂഹാദ് കുദ്ശായാൽ ഭൂമിയിൽ പണിത സമൂഹം സഭയാകുന്നു.

204. ചോ: വിശ്വാസപ്രമാണത്തിൽ "സഭ" എങ്ങിനെയുള്ളതെന്നു വിളിക്കപ്പെടുന്നു?

ഉ: "കാഥോലിീകിയും", "ശ്ലീഹായ്ക്കടുത്തതും", "പരിശുദ്ധവും", "ഏകവും" എന്നു വിളിക്കപ്പെടുന്നു.

205. ചോ: "കാഥോലീകി" എന്നാൽ അത്ഥമെന്തു്?

ഉ: പൊതുവായ എന്നത്ഥമാകുന്നു.

206. ചോ: സഭ കാതോലികി എന്നു് എന്തുകൊണ്ടു് വിളിക്കപ്പെടുന്നു?

ഉ: യൂദരുടെ സഭ തങ്ങളുടെ ജാതിയെ മാത്രം കൈക്കൊണ്ടു എന്ന പോലെയല്ല, എന്നാൽ എല്ലാ ജാതികളേയും ഒരു സഭയായി യോജിപ്പിക്കുന്നതുകൊണ്ടത്രെ. (മത്താ. 28: 20.)

207. ചോ: മ്ശിഹായുടെ സഭ എല്ലാ ലോകത്തിലും നിറയും എന്നു ദൈവം എപ്പോൾ ഉഭയസമ്മതം ചെയ്തു?

ഉ: അബ്രാഹാമിനോടു് "നിന്റെ സന്തതി (മ്ശിഹാ) യിൽ ഭൂമിയിലുള്ള എല്ലാ ജാതികളും അനുഗ്രഹിക്കപ്പെടും" എന്നു പറഞ്ഞപ്പോൾ തന്നെ (ആദ്യ. 22: 18; ഗാലാ. 3: 16.)

208. ചോ: സഭ "ശ്ലീഹായ്ക്കടുത്തതു്" എന്നു് വിളിക്കപ്പെടുന്നതു് എന്തുകൊണ്ടു്?

ഉ: "ഈശോമ്ശിഹാ തന്നെ കെട്ടിടത്തിന്റെ പ്രധാന മൂലക്കല്ലായി"തീൎന്ന സഭയും, ശ്ലീഹാന്മാരുടേയും നബീയന്മാരുടേയും അടിസ്ഥാനത്തിന്മേൽ പണിയപ്പെട്ടിരിക്കുന്നു. (അഫി. 2: 20.)

209. ചോ: ശിമഓൻ പത്രോസു് അല്ലെങ്കിൽ മറെറാരുവൻ സഭയുടെ അടിസ്ഥാനമോ അടിസ്ഥാനക്കല്ലോ അല്ലെങ്കിൽ "പ്രധാന മൂലക്കല്ലോ" ആകുവാൻ പാടുണ്ടോ?

ഉ: ഇല്ല. ഞാൻ പറഞ്ഞ ഉത്തരം മതിയായില്ലെങ്കിൽ കേൾക്ക: പറയാം; ഈ മാതിരി പറകയും പ്രവൎത്തിക്കയും ചെയ്യുന്നവർ, തീരെ ദൈവത്തിന്റേയും സത്യത്തിന്റേയും വിരോധികളാകുന്നു. എന്തുകൊണ്ടെന്നാൽ "എനിക്കു നല്കപ്പെട്ട ദൈവകൃപപ്പോലെ തക്കവണ്ണം ഞാൻ ജ്ഞാനമുള്ള ഒരു ശില്പിപ്രധാനിയായി അടിസ്ഥാനമിട്ടു. എന്തുകൊണ്ടെന്നാൽ ഇടപ്പെട്ടിരിക്കുന്ന അടിസ്ഥാനമാകുന്ന ഈശോമ്ശിഹാ ഒഴികെ മറെറാന്നു ഇടുവാൻ ആൎക്കും കഴികയില്ല." (1. കോരി. 3: 9—17) എന്നു മ്ശിഹായുടെ സഭാശില്പിപ്രധാനിയാകുന്ന പൌലൂസു് ശ്ലീഹാ സ്ഥിരപ്പെടുത്തുന്നു.

210. ചോ: സഭ "പരിശുദ്ധം" എന്നു വിളിക്കപ്പെടുന്നതു് എന്തുകൊണ്ടു്?

ഉ: അവളുടെ അവയവങ്ങളെല്ലാം വിശുദ്ധ മാമോദീസ യാൽ വിശുദ്ധീകരിക്കപ്പെടുകയും പരിശുദ്ധാവു് (റൂഹാ ദ്കുദ്ശാ) അവയിൽ വസിക്കുകയും ചെയ്യുന്നതുകൊണ്ടു്; എന്തുകൊണ്ടെന്നാൽ "മ്ശീഹായും തന്റെ സഭയെ സ്നേഹി ച്ചപ്രകാരം അവൻ തന്നെത്താൻ അവൾക്കുവേണ്ടി ഏല്പി ച്ചുകൊടുത്തു. അവൻ നീരിലും വചനത്താലും അവ ളെ വെടിപ്പാക്കുവാനും, വിശുദ്ധീകരിപ്പാനും, കറയോ, ചുളുക്കമോ, ഇവയ്ക്കു തുല്യമായ മററു യാതൊന്നോ ഇല്ലാ തെ ശുദ്ധയും നിഷ്കളങ്കയുമായി തേജസ്സോടെ അവളെ ത നിക്കുതന്നെ മുന്നിറുത്തുവാനുമത്രേ," (അഫ. 5: 25—27) എന്നു എഴുതിയിരിക്കുന്ന പ്രകാരംതന്നെ.

211. ചോ: "വിശുദ്ധന്മാർ എന്ന നാമം പുതിയ നിയമ ത്തിൽ ആക്കു കൊടുക്കപ്പെട്ടിരിക്കുന്നു?

ഉ: എല്ലാ വിശുദ്ധ സഭാമക്കൾക്കുമത്രെ (അ. പ്ര. 9: 13; 1: കോരി: 1:2 മുതലായവ)

212 ചോ: സഭ 'ഏകം' എന്നു വിളിക്കപ്പെടുന്നതു് എന്തു കൊണ്ടു്?

ഉ: 'എന്തുകൊണ്ടെന്നാൽ കർത്താവു്, ഒരുവൻ, വിശ്വാ സം ഒന്നു്, മാമോദീസയും ഒന്നു്' എന്നും 'സർവ്വത്തിന്റേ യും പിതാവും എല്ലാററിനും മീതെയും, എല്ലാററിൽ കൂടെ യും, നാം എല്ലാവരിലും (ആകുന്ന) ദൈവം ഒരുവൻ തന്നെ' എന്നും എഴുതിയിരിക്കുന്നു. അഫി 4: 5, 6)

213. ചോ: മ്ശീഹാ ഭൂമിയിൽ ഏകസഭയേയോ സഭകളെ യോ ആണു് പണിതതു്?

ഉ: മ്ശീഹാ ഏകസഭയെ മാത്രമേ പണിതുള്ളു. അവന്റെ ഉദ്ദേശവും താല്പര്യവും ഒരുനാളും അവൾ ഭിന്നിച്ചുപോകരു തെന്നായിരുന്നു. 'നീ എന്നെ അയച്ചു എന്നു് ലോകം

വിശ്വസിപ്പാനായിട്ടും അവർ എല്ലാവരും ഒന്നാകുവാനും തന്നെ' (യോഹ. 17: 20, 21) എന്നു് നമ്മുടെ കർത്താവു് വിശുദ്ധ പ്രാർത്ഥനയിൽ അരുളിച്ചെയ്തിരിക്കുന്നു. നിങ്ങളുടെ വിളിയുടെ ഏകമായ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ട പ്രകാരംതന്നെ, ഏകശരീരത്തിലും ഏക ആത്മാവിലും ആകുവാൻതന്നെ' (അഫി 4: 4) എന്നും മറ്റും പൌലൂസ് ശ്ലീഹാ പറയുന്നു. എന്നാൽ ഹാ! കഷ്ടം ഇതാ മനുഷ്യരുടെ പാപത്താലും അഹമ്മതിയാലും ഈ ഏക ശരീരം ചിന്തപ്പെട്ടുപോയിരിക്കുന്നു.

214. **ചോ:** അപ്പോഴേ ഏകവും സത്യവുമാകുന്ന സഭ ഏതാകുന്നു?

**ഉ:** വിശുദ്ധ വേദപുസ്തകത്തിലുള്ള പഠിപ്പും വിശ്വാസവും കുറയ്ക്കുവാനോ, വർദ്ധിപ്പിക്കുവാനോ, ഭേദപ്പെടുത്തുവാനോ ശ്രമിക്കാത്തതും, ഈ ഏകശരീരത്തെ കടിച്ചു ചീന്തുവാൻ കള്ളസുൻഹാദോസ്സുകളിൽ ഭാഗം എടുക്കാത്തതും, ശ്ലീഹന്മാരിൽനിന്നും, വിശുദ്ധ സുൻഹാദോസ്സുകളിൽനിന്നും, സത്യപിതാക്കന്മാരിൽനിന്നും, കേട്ടുപഠിച്ച വിശ്വാസം, മതം, വിശുദ്ധരഹസ്യങ്ങൾ എല്ലാം വിട്ടുമാറാതെ പിടിച്ചുവരുന്നതുമായ നമ്മുടെ പരിശുദ്ധ പൂർവ്വീകസഭ തന്നെ.

215. **ചോ:** ഇപ്പോൾ ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന നാം ഒഴികെ ഇനി ക്രിസ്ത്യാനികളില്ലയോ?

**ഉ:** ഉണ്ടു്. മ്ശീഹായിൽ മരിച്ച എല്ലാവരും അവനു ജീവിച്ചിരിക്കുന്നു. (ലൂക്ക. 20: 38) എന്നുകൊണ്ടെന്നാൽ മ്ശീഹായുടെ അംഗങ്ങളെ വേർതിരിക്കുവാൻ ജഡമരണത്തിന്നു കഴികയില്ല.

216. **ചോ:** മ്ശീഹായിൽ മരിച്ചവരോടു് നമുക്കു് കൂട്ടായ്മയുണ്ടോ?

**ഉ:** ഉണ്ടു്. നാം എല്ലാവരും മ്ശീഹായുടെ ശരീരത്തിൻെറ അംഗങ്ങളാകുന്നു. താൻ ഒരുവനായിരിക്കുന്നപ്രകാരം നാമും പ്രാർത്ഥനയാലും ആരാധനയാലും ഒന്നിന്നായി യോഗ

ജീനിപ്പിക്കപ്പെട്ടിരിക്കുന്നു; എന്തുകൊണ്ടെന്നാൽ നമ്മിൽ ആരും തനിക്കായിതന്നെ ജീവിക്കുന്നില്ല; ആരും തനിക്കായിതന്നെ മരിക്കുന്നതുമില്ല. നാം ജീവിക്കുന്നു എങ്കിൽ കർത്താവിന്നായി ജീവിക്കുന്നു, മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു; ആകയാൽ ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും കർത്താവിനുള്ളവരാകുന്നു'' സത്യം. (റോമ. 14: 7, 8) എന്നു മാത്രമല്ല, എന്നാൽ ''നാം ഈ ആയുസ്സിൽ മാത്രം മ്ശീഹായിൽ പ്രത്യാശ വെച്ചിരിക്കുന്നുവെങ്കിൽ എല്ലാ മനുഷ്യരിലും അരിഷ്ടരത്രെ'' (കോരി. 15: 19.) അല്ലെങ്കിൽ മ്ശീഹായിൽ നിദ്രകൊണ്ടവരും പക്ഷെ നശിച്ചുപോയി'' (കോരി. 15: 18) എന്നും മററും ഈ കാര്യത്തെപ്പററി എഴുതിയിരിക്കുന്നു.

217. ചോ: ഇതിൽനിന്നു നാം പഠിക്കുന്ന സത്യപഠിപ്പെന്തു്?
ഉ: ഈ ലോകത്തിൽനിന്നു കടന്നുപോയ എല്ലാ പരിശുദ്ധന്മാരും നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നു. (വെളി. 8: 3, 4; 5, 8) എന്നും, നാം മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാമെന്നും പഠിക്കുന്നു. (2. തിമൊ. 1: 18)

218. ചോ: നാം പരിശുദ്ധന്മാരുടെ പ്രാർത്ഥന ആവശ്യപ്പെടുന്നതു എന്തുകൊണ്ടു?
ഉ: ''എന്തുകൊണ്ടെന്നാൽ നീതിമാൻ പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ ശക്തി വലിയതാകുന്നു'' എന്നു യാക്കോവു് ശ്ലീഹാ പറയുന്നു. (യാക്കോ. 5: 16)

219. ചോ: ഇങ്ങിനെ ചെയ്താൽ മാറൻ ഈശോമ്ശീഹായുടെ മദ്ധ്യസ്ഥതയ്ക്കു ലംഘനമോ ദുർബ്ബലമോ വരുന്നില്ലേ?
ഉ: വരുന്നില്ല. എന്തുകൊണ്ടെന്നാൽ ജീവിക്കുന്നവരും തമ്മിൽ തമ്മിൽ പ്രാർത്ഥന ആവശ്യപ്പെടുകയും പ്രാർത്ഥിക്കുകയും ചെയ്താൽ അതേ പ്രവൃത്തിതന്നെ ചെയ്യുന്നു. എന്നാൽ ഇതു വേദപുസ്തകത്തിൽ അനുവദിക്കപ്പെട്ടിട്ടുണ്ടു് താനും (യാക്കോ. 5: 16; റോമ. 1: 9; 15: 30, 31; അഫി. 6: 18, 19; എബ്രാ. 13: 18, 19.)

220. ചോ: നാം മരിച്ചവൎക്കുവേണ്ടി പ്രാൎത്ഥിച്ചാൽ എന്തു ഫലം?

ഉ: ഫലിക്കുകയില്ലായിരുന്നുവെങ്കിൽ പൌലൂസ് ശ്ലീഹാ തൻെറ മരിച്ച സ്നേഹിതനുവേണ്ടി പ്രാൎത്ഥിക്കുകയില്ലായിരുന്നു (2. തിമോ. 1: 16–18.) ഈ സ്നേഹിതൻ മരിച്ചിട്ടുണ്ടായിരുന്നു; സംശയമില്ല. അല്ലാഞ്ഞാൽ എന്തുകൊണ്ട് അവനേയും സല്ക്കരിക്കുന്നില്ല? (2 തിമോ. 4: 19)

221. ചോ: ദൈവത്തിൻെറ സഭക്കു വേറെ എന്തെല്ലാം നാമങ്ങളുണ്ട്?

ഉ: "മ്ശിഹായുടെ ശരീരം" എന്നും, അഫി 5: 30–ലും, തൻെറ "മണവാട്ടി" എന്നു വെളി. 21: 2; അഫി. 5: 23, 25—ലും "ദൈവത്തിൻെറ ഭവനവും, സത്യത്തിൻെറ തൂണും തറക്കെട്ടും" എന്നു 1 തിമോ. 3: 15–ലും "ദൈവരാജ്യം" അല്ലെങ്കിൽ "സ്വൎഗ്ഗരാജ്യം" എന്നു യോഹ. 3: 5 മുതലായ ഭാഗങ്ങളിലും വിളിക്കപ്പെട്ടിരിക്കുന്നു.

222. ചോ: നമ്മുടെ കൎത്താവു് സഭയെ ഏതിനോടു സദൃശമാക്കി?

ഉ: വിതയ്ക്കുന്നവർ വിത്തുവിതച്ച ഒരു വയലിനോടും, കോതമ്പും കളയുമുള്ള ഒരു വയലിനോടും, മൂന്നു പറ മാവു മുഴുവൻ പുളിപ്പിച്ച പുളിമാവിനോടും, വിലയേറിയ ഒരു മുത്തിനോടും, വേലക്കാരോടുകൂടിയ ഒരു മുന്തിരിത്തോട്ടത്തോടും, മണവാളനെ എതിരേല്പാൻ പോയ പത്തു കന്യകമാരോടും, കടലിൽ വീശപ്പെട്ട (ഇടപ്പെട്ട) ഒരു വലയോടും, മററും മ്ശിഹാ തമ്പുരാൻ തൻെറ സഭയെ സദൃശമാക്കി.

223. ചോ: എപ്പോഴാം നീ സഭയുടെ ഒരു അംഗമായിതീൎന്നു?

ഉ: ഞാൻ മാമോദീസ കൈക്കൊണ്ടപ്പോൾതന്നെ. 'എന്തുകൊണ്ടെന്നാൽ............നാം എല്ലാവരും ഏക ശരീരത്തിന്നു ഏക ആത്മാവാൽ മാമോദീസാ കൈക്കൊണ്ടു.' (1. കോറി. 12: 13.)

224. ചോ: സഭയിൽ അത്യന്തം ആവശ്യമുള്ള ഇടയന്മാരുടെ പേർ പറയുക?

ഉ: അപ്പിസ്തോപ്പന്മാരും, കശീശന്മാരും മ്ശംശാനന്മാരും തന്നെ.

225. ചോ: ചില ആദ്യ അപ്പിസ്തോപ്പന്മാരുടെ പേർ പറയാമോ?

ഉ: പറയാം. പന്ത്രണ്ട ശ്ലീഹാന്മാരും, മാർ പൌലൂസും, മാർ ബർന്നായും മാർ തിത്തോസും.

226. ചോ: ചില ആദ്യ കശീശന്മാരുടെ പേർ പറയുക?

ഉ: അഫിസൂസിലുള്ള സഭയുടെ കശീശന്മാരെ പൌലൂസ് ശ്ലീഹാ സല്ക്കരിക്കുന്നു. (അ. പ്ര. 20: 17)

227. ചോ ചില ആദ്യ മ്ശംശാനന്മാരുടെ പേർ പറയുക?

ഉ: ആദ്യരക്തസാക്ഷിയായ മാർ ഇസ്തപ്പാനോസ്സും, ശമ്മാശനായ മാർ പീലിപ്പോസുംതന്നെ (അ. പ്ര. 6: 5.)

228. ചോ: നമ്മുടെ കർത്താവു ശ്ലീഹാന്മാർക്ക് എങ്ങിനെ അധികാരം കൊടുത്തു?

ഉ: 'ഈശോ പിന്നെയും അവരോടു പറഞ്ഞതു്: നിങ്ങളോടുകൂടെ സമാധാനം എന്റെ പിതാവു് എന്നെ അയച്ച പ്രകാരം ഞാനും നിങ്ങളെ അയക്കുന്നു. ഇവ പറഞ്ഞതശേഷം അവൻ അവരിൽ ഊതി 'നിങ്ങൾ പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ എന്നു അവരോടു പറഞ്ഞു.' (യോഹ. 20: 21, 22.)

229. ചോ: പിന്നെ ഇതോടുകൂടെ എന്തു പറഞ്ഞുകൊടുത്തു?

ഉ: 'ആരുടെ പാപങ്ങൾ എങ്കിലും നിങ്ങൾ മോചിച്ചാൽ അവന്നു മോചിക്കപ്പെടും. ആരുടെ എങ്കിലും നിങ്ങൾ നിറുത്തിയാൽ അവ നിറുത്തപ്പെട്ടിരിക്കുന്നു' (യോഹ. 20: 23)

230. ചോ: ഈ പ്രാവശ്യം അവക്ക് എന്തു് അധികാരം കൊടുത്തു?

ഉ: പാപങ്ങളുടെ മോചനത്തിനുള്ള അധികാരം തന്നെ.

231. ചോ: വിശുദ്ധ കൈവെപ്പുകൊണ്ടെന്തൊണാവശ്യം?

ഉ: ശ്ലീഹായ്ക്കുടുത്ത വിശുദ്ധ കൈവെപ്പിനാൽ അല്ലാതെ റൂഹാദ്കുദ്ശ (പരിശുദ്ധാത്മാവു്) വരികയില്ല. (1. തി

മോ. 4: 14; 2 തിമോ. 1: 6. അ. പ്ര. 8: 17, 18; 13: 2—4; 19: 6) ആകയാൽ ശ്ലീഹാസ്ഥാനത്തെ കൈവെപ്പില്ലാഞ്ഞാൽ സഭയും, സത്യവും രക്ഷയുമില്ല.

232. **ചോ:** ശ്ലീഹാസ്ഥാനത്തെ വിശുദ്ധ കൈവെപ്പിനെ തള്ളിക്കളയുന്നവരും, നിഷേധിക്കുന്നവരും, നിസ്സാരമായിട്ട കൈക്കൊള്ളുന്നവരുമായവരെ കുറിച്ചു നീ എന്തു വിചാരിക്കുന്നു?

**ഉ:** സത്യത്തിൽനിന്നു തെററിപ്പോയി എന്നു മാത്രമല്ല, മ്ശിഹായുടെ സഭയിലുൾപ്പെട്ടവരുമല്ല; സത്യം.

233. **ചോ:** ശ്ലീഹാസ്ഥാനത്തെ വിശുദ്ധ കൈവെപ്പിനാൽ നല്കപ്പെടുന്ന പരിശുദ്ധാത്മാവ് വേറെ എന്തൊരു പേർ വിളിക്കപ്പെടുന്നു?

**ഉ:** 'ദാനം' എന്നു വിളിക്കപ്പെടുന്നു 'നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്ന ഈ ദാനം പകർന്നുതന്നു' (അ. പ്ര 2: 33; 2. 38; 8: 15 _ 20; 1. തിമോ. 4: 14; 2 തിമോ. 1: 6) ഒത്തുനോക്കുക.

234. **ചോ:** പരിശുദ്ധ ശ്ലീഹന്മാർ വിശുദ്ധ കൈവെപ്പിനെ ഉപയോഗിച്ചുവോ?

**ഉ:** ഉവ്വ്. അവർ അതിനെ നിസ്സാരമായി വിചാരിച്ചില്ല; എന്നാൽ പ്രാധാന്യവും അത്യന്താവശ്യവുമുള്ളപോലെ ഉപയോഗിച്ചു. (അ. പ്ര 6: 8; 15—19; 13: 3; 1. തിമോ. 4: 14) എന്നു മാത്രമല്ല എന്നാൽ പൌലൂസ് ശ്ലീഹാ വിശുദ്ധ കൈവെപ്പിനെക്കുറിച്ചു പ്രത്യേകിച്ചു ഒരു വലിയ സൂചകം സൂചിപ്പിക്കുന്നുണ്ട്. (എബ്രാ. 6 1, 2)

235. **ചോ:** ഈ ഭൂമിയിലുള്ള സത്യസഭ ഏതു സഭയോടു തുല്യവും സാദൃശ്യവുമാകുന്നു?

**ഉ:** സ്വർഗ്ഗീയ സൈന്യങ്ങളുടെ സഭയോടു തുല്യമാകുന്നു. 'സ്വർഗ്ഗത്തിലുള്ളതിൻെറ സാദൃശ്യമായി വിശുദ്ധസഭയെ നീ ഭൂമിയിൽ സ്ഥാപിച്ചു' എന്നു ന്സീവിനിലെ മെത്രാപ്പോലീത്തയായ മാർ ഗീവർഗ്ഗീസ് തൻെറ ഒരു സ്തുതിയിൽ പറഞ്ഞിരിക്കുന്നു. (എബ്ര. 8: 5, 6 ഒത്തുനോക്കുക)

236. ചോ: അതിലുള്ള ശുശ്രൂഷക്കാർ ആർ? ആരെ സേവിക്കുന്നു?

ഉ: ഇടവിടാതെ ദൈവത്തെ ആരാധിക്കുകയും, മനുഷ്യനെ സഹായിക്കുകയും പലപ്പോഴും ദൈവത്തിൻെറ ഇഷ്ടം അറിയിക്കുകയും ചെയ്യുന്ന മാലാകൻമാർ തന്നെ. (മൂന്നാം അദ്ധ്യായം നോക്കുക.)

237 ചോ: ഇതിലുള്ള ശുശ്രൂഷക്കാർ ആരാകുന്നു? ആരെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു?

ഉ: ദൈവത്തെ ആരാധിക്കുകയും വിശുദ്ധരഹസ്യങ്ങളുടെ അനുഷ്ഠാനത്താൽ ദൈവത്തെ പ്രസാദിപ്പിക്കുകയും, മനുഷ്യരെ ഉപദേശിച്ചു സഹായിക്കുകയും ചെയ്യുന്നവരായ വൈദിക ഗണങ്ങൾ തന്നെ.

238. ചോ: ഈ വൈദികഗണങ്ങൾ എത്രയുണ്ട്?

ഉ: മാലാകൻമാരുടെ ഒമ്പതു ഗണങ്ങളെപ്പോലെ ഒമ്പതു തന്നെ

239. ചോ: ഇവർ ആരാകുന്നു?

ഉ: ശ്ലീഹാക്കൂട്ടത്തെ വിശുദ്ധ കൈവെപ്പിനാൽ സ്ഥാനമോ അധികാരമോ ലഭിച്ചവരെല്ലാം.

940. ചോ: ഇവരെ എന്തു് പേരുകൾ വിളിക്കുന്നു?

ഉ: ശ്ശംശാനന്മാരും, കശീശന്മാരും, അപ്പിസ്കോപ്പന്മാരും തന്നെ.

241. ചോ: ഈ മൂന്നു കൂട്ടങ്ങളെ വിഭജിക്കാമോ?

ഉ: ഓരോ കൂട്ടം മുമ്മൂന്നായി വിഭാഗിക്കാം. അങ്ങിനെ മാലാകൻമാരുടെ ഒമ്പതു ഗണങ്ങളെപോലെ ആയിത്തീരുന്നു.

242. ചോ: നമ്മുടെ സഭയുടെ പൂർവ്വപിതാക്കന്മാരുടെ സുൻഹാദോസുകളിൽ ഇവയെക്കുറിച്ചു് എന്തു് പറയുന്നു?

ഉ: നമ്മുടെ കർത്താവായ മ്ശീഹാ മനുഷ്യസ്വഭാവം എടുത്തു ഇഹലോകത്തിലിരിക്കുമ്പോൾ അവയെല്ലാം പ്രവർത്തിച്ചു

243 ചോ: ഒന്നാമത്തെ കൂട്ടവും അതിൻെറ ഭാഗങ്ങളും ഏവയാകുന്നു?

ഉ: ശ്ലംശാനപ്പട്ടവി അതിൻെറ ഭാഗങ്ങൾ.
(1) കാറോയ (2) ഹീവ്പദ്യക്നാ (3) ശ്ലംശാന.

244. ചോ: കാറോയ എന്ന സ്ഥാനത്തിൻെറ ശുശ്രൂഷ എന്ത്?
ഉ: ജനത്തിൻെറ മുമ്പാകെ പുസ്തകങ്ങളെ (പഴയ നിയമവും അപ്പോസ്തോലന്മാരുടെ പ്രവൃത്തികളും) വായിക്കൽ.

245. ചോ: മ്ശീഹാതമ്പുരാൻ എപ്പോൾ കാറോയ ശുശ്രൂഷ ചെയ്തു?
ഉ: താൻ വളൎന്ന നഗരത്തിലുള്ള പള്ളിയിൽ ഈശോയയുടെ പുസ്തകം വായിച്ചപ്പോൾതന്നെ (ലൂക്ക. 4: 16, 17)

246. ചോ; ഹീവ്പദ്യക്നാ സ്ഥാനത്തിൻെറ ശുശ്രൂഷകൾ ഏവയാകുന്നു?
ഉ: പള്ളിയെ അടിച്ചുവാരി വെടുപ്പാക്കി അലങ്കരിക്കുക, വാതിലുകളെ സൂക്ഷിക്കുക, വിളക്കുകളെ തെളിയിക്കുക ഇവയാകുന്നു.

247. ചോ: നമ്മുടെ കൎത്താവായ മ്ശീഹാ ഹീവ്പദ്യക്നായുടെ ശുശ്രൂഷ ചെയ്തതു് എപ്പോൾ?
ഉ: "കയറുകൊണ്ടു് ഒരു ചമ്മട്ടിയുണ്ടാക്കി" മൃഗങ്ങളേയും, കച്ചവടക്കാരേയും, പ്രാവുകളെ വില്ക്കുന്നവരേയും, "ദൈവാലയത്തിൽനിന്നു് പുറത്താക്കി"യപ്പോൾ (യോഹ. 2: 12_17.)

248. ചോ: ശ്ലംശാനയുടെ അധികാരവും ശുശ്രൂഷകളും ഏവയാകുന്നു?
ഉ: ഊറാറവെക്കുകയും സൂന്നാറകെട്ടുകയും ചെയ്യുവാനും പ്രസംഗം പറയുവാനും "ന്ക്ലംശപ്പീർ...." എന്നു് അപേക്ഷ പരസ്യമായി വായിക്കുവാനും, "ആറീംകാല്ലോൻ" എന്നും മററുമുള്ള പ്രസിദ്ധ കല്പനകളെ പറഞ്ഞുകൊടുക്കുവാനും, ശ്ലീഹായെ വായിക്കുവാനും, എല്ലാ ശുശ്രൂഷകളിലും കശീശായെ സഹായിക്കുവാനും, ജീവിപ്പിക്കുന്ന രഹസ്യങ്ങളിൽ ജീവൻെറ കാസയെ വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നവൎക്കു കൊടുക്കുവാനും മററും ഇവൻെറ ചുമതലയാകുന്നു.

249. ചോ: ഈശോകർത്താവ് എപ്പോഠം ശ്ലംശാനയുടെ പ്രവൃത്തി ചെയ്തു?

ഉ: ''അന്നു മുതൽ ഈശോ 'സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെട്ടുവിൻ' എന്നു് പ്രസംഗിച്ചു തുടങ്ങി''യപ്പോഠം (മത്താ: 4: 17)

250 ചോ: ശ്ലംശാനപ്പട്ടവിയുടെ മീതെ ഏതുകൂട്ടമാകുന്നു?

ഉ: രണ്ടാമത്തെ കൂട്ടം; അതായതു് കശീശാപട്ടവി തന്നെ. എന്നാൽ ഇതിലും പ്രധാനമായ മൂന്നു ഗണങ്ങളുണ്ടു്.

251. ചോ: ഈ മൂന്നു ഗണങ്ങളുടെ പേർ എന്തു്?

ഉ: (1) സാധാരണ കശീശ. (2) പീർയാദോത്ത. (3) അക്കിദ്യാക്കോൻ.

252. ചോ: സാധാരണ കശീശയുടെ അധികാരവും ശുശ്രൂഷകളും ഏവയാകുന്നു?

ഉ: മാമോദീസായേയും കുർബ്ബാനയേയും കൂദാശ ചെയ്യുവാനും, വിശുദ്ധ ഈവൻഗാലിയോൻ വായിക്കുവാനും, വിവാഹം നടത്തുവാനും, മരിച്ചവരുടെ ശവസംസ്കാരം കഴിക്കുവാനും, രോഗികളുടെ മേൽ കൈവെച്ചു് സൌഖ്യത്തിന്നായി പ്രാർത്ഥിക്കുവാനും, മററുമുള്ള വിശുദ്ധ പ്രവൃത്തികഠം വിശ്വാസികഠക്കു് നടത്തികൊടുക്കുവാനും, കുററക്കാരെ മുടക്കുവാനും, മനസ്താപത്തിൽ പാപികളെ മോചിക്കുവാനും, മററും കഴിയും; എന്നാൽ അപ്പിസ്കോപ്പായുടെ അധികാരത്തിൻ കീഴിൽ തൻെറ പള്ളി ഇടവകയെ മേയിക്കണം.

253. ചോ: ഈശോമ്ശീഹാ കശീശയുടെ പട്ടവി എങ്ങിനെയാണു് പ്രവൎത്തിച്ചതു്?

ഉ: ശാലീമിൻെറ അരികത്തുള്ള ഐൻയോനിൽ യോഹന്നാൻ മാമോദീസാ കൊടുക്കുമ്പോഠം ഈശോ താനും മാമോദീസാ കൊടുത്തിരിരുന്നു. (യോഹ 3: 22, 23, പെസ്ഹാ മാളികയിൽ അപ്പവും വീഞ്ഞും അനുഗ്രഹിച്ചു് വിശുദ്ധ കുർബ്ബാനയാക്കി (മത്ത. 26: 26—28 മ

തലായവ) പതിനെട്ടു വഷമായി കൂനിയായ ഒരു സ്ത്രീയെ കൈവച്ചു സൌഖ്യമാക്കി. ലൂക്ക. 13: 11—13) ഇത്യാദി ചെയ്തപ്പോഴം.

254. **ചോ:** പീർയാദോത്തയുടെ തൊഴിൽ എന്താകുന്നു?

**ഉ:** പീർയാദോത്ത ഒരു കാലം കോർ എപ്പിസ്കോപ്പ എന്നു വിളിക്കപ്പെട്ടിരുന്നു. ഇദ്ദേഹം സാധാരണ കശീശ ചെയ്യുന്നതെല്ലാം ചെയ്യുന്നതിന്നും പുറമെ ഗ്രാമങ്ങളെ അപ്പിസ്കോപ്പയുടെ പ്രതിനിധിപോലെ സന്ദർശിച്ച് സുവിശേഷിക്കുകയും സാധാരണ കശീശന്മാരെ മററ സ്ഥലങ്ങളിലേക്ക് അയക്കുകയും ചെയ്യുന്നു.

255. **ചോ:** മ്ശീഹാ തമ്പുരാൻ പീർയാദോത്തയുടെ പദവി എങ്ങിനെ നിവ്വഹിച്ചു?

**ഉ:** "ഞാൻ മററുള്ള നഗരങ്ങളിലും ദൈവരാജ്യത്തെ സുവിശേഷിക്കേണ്ടതാകുന്നു" എന്നു പറഞ്ഞത് ചെയ്തപ്പോഴം (ലൂക്ക. 4: 43, 44; മത്താ. 9: 35; മാക്കോ 6: 5) "ഇസ്രായേൽ ഗൃഹത്തിൽനിന്നു കാണാതെപോയ ആടുകളുടെ അടുക്കൽ പ്രത്യേകം" തൻെറ പന്ത്രണ്ട് ശിഷ്യന്മാരേയും (മത്താ. 10: 5, 6; മാക്കോ. 6: 7; ലൂക്ക. 9: 1, 2) ആവേറെ എഴുപതു പേരേയും (ലൂക്ക. 10: 1—3) പറഞ്ഞയച്ചപ്പോഴം തന്നെ.

256. **ചോ:** അക്കിദ്യാക്കോനിൻെറ ശുശ്രൂഷ എന്താകുന്നു?

**ഉ:** "അക്കിദ്യാക്കോൻ" എന്നാൽ "ശുശ്രൂഷാധികാരി" എന്നത്ഥമാകുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ തൊഴിൽ ശുശ്രൂഷയെ ക്രമപ്പെടുത്തുകയാകുന്നു. പ്രത്യേകിച്ച് അപ്പിസ്കോപ്പയുടെ ഭദ്രാസനപ്പള്ളിയുടെ ശുശ്രൂഷ തന്നെ.

257. **ചോ:** ഈശാമ്ശീഹാ ഈ വലിയ ഊഴിയത്തെ എപ്പോഴം പ്രവത്തിച്ചു?

**ഉ:** അവൻ പീർയാദോത്തയുടെ പദവി ചെയ്യുമ്പോഴം അയക്കപ്പെട്ടവരെ "ജാതികളിലേക്കുള്ള വഴിയിൽ പോകാതിരിപ്പാൻ" സൂക്ഷിപ്പിക്കുകയും, ശംറായക്കാരുടെ പട്ട

ണത്തിലേക്ക് കടക്കാതിരിപ്പാൻ" മുടക്കുകയും, 'പൊന്നു' 'വെള്ളി' 'ചെമ്പ്' ഉടുപ്പുകളുടേയും ചെരിപ്പുകളുടേയുംധാരാളതാം മുതലായി സ്വവിശേഷ ഓട്ടത്തിന്നു തടയുന്നവയെല്ലാം അവരിൽനിന്നു ഉരുട്ടി മാററുവാൻ അവരെ പഠിപ്പിക്കുകയും (മത്താ. 10: 5_13; മാക്കോ. 6 8_10. ലൂക്ക. 9: 3, 4; 10: 3_8) ഇങ്ങിനെ അവരുടെ പ്രസംഗ ശുശ്രൂഷയെ ക്രമപ്പെടുത്തുകയും ചെയ്തപ്പോഠം തന്നെ.

258. ചോ: കശീശാപദവിയുടെ മൂന്നു ഗണങ്ങഠം എങ്ങിനെ ഭരിക്കുന്നു.

ഉ: ഇവരെല്ലാം താന്താങ്ങളുടെ ഇടവകകളെ അപ്പിസ്ലോപ്പയുടെ അധീനത്തിൻ കീഴിൽ മേയ്ക്കുന്നു. "നിങ്ങളിലുള്ള കശീശന്മാരെ കൂട്ടുകശീശയും മ്ശിഹായുടെ കഷ്ടങ്ങഠംക്കു സാക്ഷിയും വെളിപ്പെടുവാനുള്ള തേജസ്സിന്നു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നതു്.: നിങ്ങഠംക്കു് ഏല്പിക്കപ്പെട്ട ദൈവത്തിൻെറ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊഠംവിൻ" എന്നൊരു മേലദ്ധ്യക്ഷൻ പറഞ്ഞിരിക്കുന്നു. (1. പത്രോ. 5: 1, 2)

259. ചോ: കശീശ പദവിയുടെ മീതെ ഇനി വല്ലതും ഉണ്ടോ?

ഉ: ഉണ്ടു്. ഏററവും പ്രധാനവും അത്യന്തമാവശ്യമുള്ളതുമായ അപ്പിസ്ലോപ്പാ പദവി തന്നെ. ഇതു കൂടാതെ സത്യസഭയില്ല.

260. ചോ: ഈ പദവിയുടെ ഗണങ്ങഠം ഏവയാകുന്നു?

ഉ: (1) അപ്പിസ്ലോപ്പ, (2) മെത്രാപ്പോലീത്ത.
(3) പാതിർയക്കീസ്സ്.

261. ചോ: സാധാരണയായ അപ്പിസ്ലോപ്പയുടെ തൊഴിലെന്താകുന്നു?

ഉ: തൻെറ ഇടവകയിൽ കാറോയന്മാരേയും, ഹീവ്പദ്യകനന്മാരേയും, ശ്മംശാനന്മാരേയും, കശീശന്മാരേയും പട്ടം കൊടുക്കലും പീർയാദോത്തന്മാരുടെ അനുഗ്രഹം കൊടുക്കലും തന്നെയാകുന്നു.

262. ചോ: നമ്മുടെ കർത്താവായ ഇശോമ്ശിഹാ എപ്പോഠം അപ്പിസ്തോപ്പാസ്ഥാനം പ്രവത്തിച്ചു.

ഉ: തൻെറ ശിഷ്യന്മാർ പരിശുദ്ധാവിനെ കൈക്കൊള്ളവാൻ അവരിൽ ഊതിയപ്പോഠംതന്നെ. (യോഹ. 20: 22, 23) എന്നാൽ അന്നു അവർ ഭാഗമായിട്ടുമാത്രം പരിശുദ്ധാത്മാവിനെ കൈക്കൊണ്ടു. പരിപൂണ്ണത പന്തിക്കോസ്തിൻനാഠം.

263. ചോ: മെത്രാപ്പോലീത്തയുടെ സ്ഥാനത്തൊഴിലെന്താകുന്നു?

ഉ: അപ്പിസ്തോപ്പു ചെയ്യപ്പതെല്ലാം ചെയ്യുന്നതിന്നും പുമെ തിരുമേനിയുടെ സംസ്ഥാന ഇടവകയിൽ ആവശ്യമുള്ള അപ്പിസ്തോപ്പന്മാരുടെ കൈവെപ്പും കൊടുക്കുന്നു.

264. ചോ: മെത്രാപ്പോലീത്തന്മാരിൽനിന്നു കൈവെപ്പ് പ്രാപിച്ച അപ്പിസ്തോപ്പന്മാക്ക് ഉടനെ ജോലിയിൽ പ്രവേശിക്കാമോ?

ഉ: ഇല്ല. പിതാവായ പാതിർയക്കീസ്സിൽനിന്നു സ്ഥിരീകരണം കിട്ടുന്നതുവരെ അവർ അവരുടെ ഭരണജോലിയിൽ പ്രവേശിപ്പാൻ പാടില്ല എന്നു സൂൻഹദോസ്സ് നിയമങ്ങളിൽ പിതാക്കന്മാർ സ്ഥിരപ്പെടുത്തിയിരിക്കുന്നു.

265. ചോ: മ്ശിഹാ തമ്പുരാൻ എപ്പോഠം ഈ സ്ഥാനത്തിൻെറ പ്രവൃത്തി ചെയ്തു?

ഉ: തൻെറ ശിഷ്യന്മാരുടെ മേൽ "തൻെറ കൈകളെ ഉയത്തി അവരെ (സ്ലീവായുടെ അടയാളത്താൽ) അനുഗ്രഹിച്ചു് (ലൂക്ക. 24: 50) ജാതിയേയും, ജാതികളേയും ശിഷ്യന്മാരാക്കുവാനും, സ്നാനപ്പെടുത്തുവാനും അവരെ പറഞ്ഞയച്ചപ്പോഠംതന്നെ". (മത്ത. 28: 19, 20)

266 ചോ: ഏററവും മീതെയുള്ള സ്ഥാനം ഏതാകുന്നു.

ഉ: പൊതുവായ പിതൃത്വമായ പാർതിയക്കീസ്സ് പദവി തന്നെ.

267. ചോ: പിതാവായ പാതിർയക്കീസ്സിൻെറ സ്ഥാനജോലി എന്താകുന്നു?

ഉ: പൊതുസഭയെ ഭരിക്കുവാനും, മെത്രാപ്പോലീത്തന്മാരെ വാഴിക്കുവാനും, സാധാരണ അപ്പിസ്കോപ്പന്മാൎക്കു സ്ഥിരീകരണം കൊടുക്കുവാനും തന്നെയാകുന്നു.

268. ചോ: മ്ശിഹാ കർത്താവു് എപ്പോഠം ഈ പ്രവൃത്തി ചെയ്തു?

ഉ: "സ്വർഗ്ഗരാജ്യത്തിൻെറ താക്കോലുകളെ" ശിംഓൻ കീഫയ്ക്കു കൊടുത്തേല്പിച്ചപ്പോഠം തന്നെ.

269. ചോ: ഈ ഒമ്പതു ഗണങ്ങളും എന്തു ചെയ്യുന്നു?

ഉ: ഇവയെല്ലാം "ഇടയന്മാരുടെ പ്രധാനി" (1. പത്രോ. 5: 4.) "ആകുന്ന നമ്മുടെ കർത്താവീശോമ്ശിഹ"യുടെ (എബ്രാ. 13: 20) ആധീനത്തിന്നു കീഴെ ദൈവത്തിൻെറ ആട്ടിൻകൂട്ടമാകുന്ന സഭയെ മേയ്ക്കുന്നു. (1 പത്രോ. 5: 1_4; തീത്താ. 1: 5; 1 തിമോ. 1: 3, 4.)

270. ചോ: ഈ വൈദീകന്മാരെ ബഹുമാനിച്ച അനുസരിക്കണമെന്നു തിരുവെഴുത്തുകളിൽനിന്നു തെളീയിക്കാമോ?

ഉ: തെളിയിക്കാം. നിങ്ങളെ ചെവിക്കൊള്ളുന്നവൻ എന്നെ ചെവിക്കൊള്ളുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു; എന്നെ തള്ളുന്നവൻ എന്നെ അയച്ചവനെ തള്ളുന്നു. (ലൂക്ക. 10: 16; മത്താ. 10: 40; യോഹ. 13: 20 ഇത്യാദി) എന്നു തിരുവായ് ശ്ലീഹന്മാരോടു അരുളിച്ചെയ്തിരിക്കുന്നു. സഭയുടെ മേലദ്ധ്യക്ഷന്മാർ ശ്ലീഹന്മാരുടെ പിൻഗാമികളാകുന്നു.

271. ചോ: അപ്പിസ്കോപ്പന്മാരും കശീശാപ്രവൃത്തി ചെയ്യാമോ?

ഉ: ഓരോ പദവിയിലുള്ളവൎക്കു അതിന്നു താഴെയുള്ള എല്ലാ ഗണങ്ങളുടെ പ്രവൃത്തികളും ചെയ്യാം.

272. ചോ: ഭൂമിയിൽ സഭയുടെ പ്രവൃത്തി എന്താകുന്നു?

ഉ: സഭ സത്യത്തെ പഠിപ്പിക്കുകയും രഹസ്യങ്ങളെ കൊടുക്കുകയും ചെയ്യുന്നവളാകുന്നു.

273. ചോ: സഭ സത്യത്തെ എങ്ങിനെ പഠിപ്പിക്കുന്നു?

ഉ: തിരുവെഴുത്തുകളെ സുൻഹാദോസ്സുകളാൽ വ്യാഖ്യാനിക്കുകയും എല്ലാ ജനത്തിനും വൈദികഗണങ്ങളുടെ വായാൽ പ്രസംഗിക്കുകയും ചെയ്യുന്നു. "........അവരെ കേ ൾക്കാതിരുന്നാൽ സഭയോടു പറയുക, സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ." (മത്താ. 18: 17.) എന്നു എഴുതിയിരിക്കുന്ന പ്രകാരം തന്നെ.

274. ചോ: ഇതു കാരണത്താൽ സഭ ഏതു നാമത്താൽ വിളിക്കപ്പെട്ടിരിക്കുന്നു?

ഉ: "സത്യത്തിന്റെ തൂണും തറക്കെട്ടും" തന്നെ.
(1. തിമോ. 5: 15 )

275. ചോ: രഹസ്യങ്ങളെന്താകുന്നു?

ഉ: മ്ശീഹായുടെ മരണത്തിൽനിന്നുള്ള നന്മകളെ നാം അനുഭവിക്കുന്ന മാർഗ്ഗങ്ങളാകുന്നു.

276. ചോ: ഓരോ രഹസ്യത്തിൽ എത്ര ഭാഗങ്ങളുണ്ട്?

ഉ: രണ്ട്. കാണപ്പെടുന്ന ഒരു അടയാളവും ഉൾവശവും കാണപ്പെടാത്തതുമായ ഒരു ആത്മീക കാരുണ്യവുമാകുന്നു.

277. ചോ: "കൃപ" എന്നാൽ അർത്ഥമെന്താകുന്നു?

ഉ: നാം പരിശുദ്ധന്മാരായിത്തീരുവാൻ പിശാചിന്നു എതിരായുള്ള നമ്മുടെ യുദ്ധത്തിൽ ദൈവം നല്കുന്ന സഹായം തന്നെ.

278. ചോ: നമുക്കു നമ്മുടെ സ്വന്തശക്തിയാൽ പിശാചിന്നു വിരോധമായി എതിർക്കുവാൻ കഴിയുമോ?

ഉ: ഇല്ല. മാറൻ ഈശോമ്ശീഹാ കൂടാതെ നമുക്കു ഒന്നും ചെയ്വാൻ കഴികയില്ല; സത്യം. (യോഹ. 15: 5.)

279 ചോ: രഹസ്യങ്ങളെ ആർ ശുദ്ധീകരിക്കുന്നു?

ഉ: ദൈവമായ റൂഹാദ്കുദ്ശാ തന്നെ.

280. ചോ: പരിശുദ്ധ രഹസ്യങ്ങളെ കൈക്കൊള്ളുന്നവരിൽ നിന്നു ദൈവം എന്തു് ആവശ്യപ്പെടുന്നു?

ഉ: വിശ്വസിക്കുവാനും, തങ്ങളുടെ പാപങ്ങളിൽനിന്നു മനസ്താപപ്പെടുവാനും, ഇനി പുതുതായ ജീവൻ കഴിക്കുവാൻ ശ്രദ്ധവെപ്പാനും തന്നെ.

281. ചോ: നാം മനസ്താപപ്പെട്ടില്ലെങ്കിൽ പരിശുദ്ധരഹസ്യങ്ങളിൽനിന്നു നമുക്കു ഗുണം ലഭിക്കുമോ?

ഉ: ഇല്ല. എന്നാൽ ശിക്ഷ കിട്ടും; സത്യം.

282. ചോ: ഒരുത്തൻ തൻെറ പാപങ്ങളിൽനിന്നു മനസ്താപപ്പെടാതെ വിശുദ്ധ കൈവെപ്പു് കയ്ക്കൊണ്ടാൽ, അവൻ കയ്ക്കൊണ്ട കൈവെപ്പു് വ്യൎത്ഥാവിലാകുന്നുവോ?

ഉ: വ്യൎത്ഥായല്ല. എന്നാൽ ആ മനുഷ്യൻ മനസ്താപപ്പെടുന്നതുവരെ തനിക്കായി കൃപ ലഭിക്കുകയില്ല; നിശ്ചയം.

283. ചോ: വളരെ ദുഷ്ടനായ ഒരു പാപി മനസ്താപപ്പെട്ടാൽ ദൈവം അവന്നു കൃപ നല്കുമോ?

ഉ: ഉവ്വ്. "അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരും ആയുള്ളോരേ! നിങ്ങൾ എല്ലാവരും എൻെറ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ. 11: 28) എന്നു് നമ്മുടെ കൎത്താവു് പറഞ്ഞിരിക്കുന്നു.

284. ചോ: ആകീൽകർസാ (പിശാചു്) യോടുള്ള യുദ്ധത്തിൽ ദൈവം നമുക്കു മതിയായ കൃപ തരുമോ?

ഉ: ഉവ്വ്. "എൻെറ കൃപ നിനക്കു മതി" (2കോരി 12: 9) എന്നു പൌലൂസ് ശ്ലീഹായോടു് കർത്താവു് പറഞ്ഞു. നമുക്കു കഴിയുന്നതിന്നു മീതെ പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുകയില്ല" എന്നു് പൌലൂസ് ശ്ലീഹാ നമ്മോടു് പറയുന്നു. (1 കോരി. 10: 13)

285. ചോ: നാം രഹസ്യങ്ങളെ കൈക്കൊണ്ടില്ലെങ്കിൽ ദൈവം നമുക്കു കൃപ നല്കുമോ?

ഉ: നാം രഹസ്യങ്ങളെ സ്വേച്ഛയാൽ നിന്ദിച്ചാൽ ദൈവം നമുക്കു കൃപ തരികയില്ല. അവ, അവൻ നിശ്ചയിച്ച മാർഗ്ഗങ്ങളാകകൊണ്ടത്രെ.

ഒമ്പതാം അദ്ധ്യായം.

## മാമോദീസ്സായെകുറിച്ച്

286. ചോ: മാമോദീസ്സാ എല്ലാ മനുഷ്യൎക്കും ആവശ്യമോ?

ഉ: അതേ. "........വെള്ളത്തിൽനിന്നും ആത്മാവിൽ നിന്നും ജനിച്ചില്ലെങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ കഴികയില്ല" (യോഹ. 3: 5) എന്നു നമ്മുടെ കൎത്താവ് പറഞ്ഞിരിക്കുന്നു.

287. ചോ: മാമോദീസ്സാ എന്നതു് എന്താകുന്നു?

ഉ: പിതാവിൻേറയും, പുത്രൻേറയും റൂഹാദ്കുദ്ശായുടേയും നാമത്തിൽ വെള്ളത്തിലുള്ള ജ്ഞാനസ്നാനമാകുന്നു.

288 ചോ: മാമോദീസ്സായുടെ ശുശ്രൂഷകൻ ആരാണ്?

ഉ: ശ്ലീഹായ്ക്കടുത്ത കൈവെപ്പുള്ള കശീശാ, അവൻെറ സഹായികളായ ശ്മംശാനന്മാരോടുകൂടെ.

289. ചോ: അത്മേനിയായ ഒരാൾ മാമോദീസ്സാ ചെയ്യുന്നതു് വിഹിതമോ?

ഉ: വിഹിതമല്ല. എന്തുകൊണ്ടെന്നാൽ അത്മേനിക്കു ശ്ലീഹായ്ക്കടുത്ത കൈവെപ്പില്ലാത്തതിനാൽ വിശുദ്ധ കുബ്ബാന, കൈവെപ്പ് മുതലായ രഹസ്യങ്ങൾ അനുഷ്ഠിക്കുവാൻ പാടില്ലാത്തപ്രകാരംതന്നെ, മാമോദീസ്സായും ചെയ്യുവാൻ പാടില്ല.

290 ചോ: മാമോദീസ്സായ്ക്കു ആവശ്യമുള്ളതു് എന്തെല്ലാം?

ഉ: ശുദ്ധജലവും സൈത്തെണ്ണയുംതന്നെ. എന്നാൽ രണ്ടും കൂദാശ ചെയ്യേണ്ടതാകുന്നു്.

291. ചോ: മാമോദീസാ എങ്ങിനെ പൂൎണ്ണമാക്കപ്പെടുന്നു?
ഉ: മൂന്നു പ്രാവശ്യം വെള്ളത്തിൽ മുക്കുന്നതിനാൽ.

292. ചോ: ഈ മൂന്നു പ്രാവശ്യം എങ്ങിനെ മുക്കുന്നു?
ഉ: മാമോദീസാ തക്സായിൽ: ജ്ഞാനസ്നാനം കൈക്കൊള്ളുന്നവനെ മൂന്നു പ്രാവശ്യം മുക്കണം. "ആദ്യത്തേതിൽ, 'ഇന്നവൻ [ഇന്നവൾ] പിതാവിൻെറ നാമത്തിൽ; (ഉത്തരം) ആമീൻ; രണ്ടാമത്തേതിൽ, പുത്രൻെറ നാമത്തിൽ; (ഉത്തരം) ആമീൻ; മൂന്നാമത്തേതിൽ, റൂഹാദ്കുദ്ശായുടെ നാമത്തിൽ മുങ്ങുന്നു. എന്നന്നേക്കും ആമീൻ; (ഉത്തരം) ആമീൻ" എന്നു കല്പിച്ചിരിക്കുന്നു.

293. ചോ: മാമോദീസായുടെ പുറമെയുള്ള അടയാളങ്ങൾ; അതായതു് കാണപ്പെടുന്നതും കേൾക്കപ്പെടുന്നതും ഏവയാകുന്നു?
ഉ: കാണപ്പെടുന്നത് വെള്ളവും സൈത്തും; പിതാവിൻേറയും, പുത്രൻേറയും, റൂഹാദ്കുദ്ശായുടേയും നാമത്തിൽ എന്നതു് കേൾക്കപ്പെടുന്നതുമാകുന്നു.

294. ചോ: അതിൻെറ ആന്തരാൎത്ഥമെന്താകുന്നു?
ഉ: നാം മ്ശീഹായുടെ അവയവങ്ങൾ ആയിത്തീരുന്ന വീണ്ടും ജനനം തന്നെ; എന്തുകൊണ്ടെന്നാൽ, "അവൻ നാം ചെയ്ത നീതിപ്രവൃത്തിളാലല്ല; തൻെറ കരുണപ്രകാരം വീണ്ടും ജനനത്തിൻെറ കുളിയാലും പരിശുദ്ധാത്മാവിൻെറ പുതുതാക്കലിനാലും നമ്മെ ജീവിപ്പിച്ചു" (തിതോ. 3: 5) എന്നു എഴുതിയിരിക്കുന്നു.

295. ചോ: നാം വീണ്ടും ജനിപ്പാൻ എന്താണാവശ്യം?
ഉ: നാം ദൈവത്തിൻെറ ഉഭയസമ്മതത്താലല്ല ജനിച്ചതു്; എന്നാൽ പാപത്തിൽതന്നെ നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുവാനും, ദൈവത്തിൻെറ ഉഭയസമ്മതത്തിലേക്കു പ്രവേശിപ്പിക്കപ്പെടുവാനും നമുക്കു ആത്മീകമായി ജനിപ്പാൻ ആവശ്യമത്രെ. (യോഹ. 3: 5; അ. പ്ര. 2: 38.)

296. ചോ: ആദ്യജനനത്തിൽ നമ്മുടെ ജീവൻ ആരിൽനിന്നു കൈക്കൊള്ളുന്നു?

ഉ: നമ്മുടെ മാതാപിതാക്കന്മാരിൽനിന്നു തന്നെ.

297. ചോ: വീണ്ടും ജനനത്തിൽ അതു് ആരിൽനിന്നു കൈക്കൊള്ളുന്നു?

ഉ: തന്റെ ജീവനെ നമുക്കു നൽകുന്ന നമ്മുടെ കർത്താവായ ഈശോമ്ശീഹായിൽനിന്നു്.

298. ചോ: അവൻ പുനർജ്ജനനത്തിൽ നമ്മെ എന്തു ചെയ്യുന്നു?

ഉ: അവൻ നമ്മെ തന്റെ ശരീരത്തിന്റെയും, മാംസത്തിന്റെയും, അസ്ഥികളുടെയും അംശികളാക്കുന്നു. (അഫി. 5: 30)

299. ചോ: നാം ജനിച്ചപ്പോൾ പരിശുദ്ധന്മാരായിരുന്നുവോ?

ഉ: അല്ല. നാം പാപത്തിൽ ജനിക്കപ്പെട്ടു നമ്മുടെ പൈതൽപ്രായത്തിലും ദൈവത്തിന്റെ ശിക്ഷയ്ക്കു യോഗ്യരാണു്

300. ചോ: ഈ സ്വാഭാവികപാപം എങ്ങിനെ മോചിക്കപ്പെടുന്നു?

ഉ: മാമോദീഥായാൽ മോചിക്കപ്പെടുന്നു. മ്ശീഹാ അടക്കപ്പെടുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തപ്രകാരം, നാമും മാമോദീഥാവെള്ളത്തിൽ പാപത്തിനു് മരിക്കുകയും, തന്നിൽ നിന്നുതന്നെ നമുക്കു പുതുജീവനിൽ നീതിക്കുവേണ്ടി വെള്ളത്തിൽനിന്നു ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നു. "അല്ല: ഈശോമ്ശീഹായിൽ ജ്ഞാനസ്നാനപ്പെട്ട നാം എല്ലാവരും അവന്റെ മരണത്തിൽ ജ്ഞാനസ്നാനപ്പെട്ടു എന്നു നിങ്ങൾ അറിയുന്നില്ലയോ. എന്തുകൊണ്ടെന്നാൽ മാമോദീഥായിൽ നാം അവനോടുകൂടെ മരണത്തിനു കഴിച്ചിടപ്പെട്ടു. ഈശോമ്ശീഹാ തന്റെ പിതാവിന്റെ മഹത്വത്തിൽ മരിച്ചവരിൽനിന്നു എഴുന്നേററപ്രകാരം നാമും പുതുജീവനിൽ നടക്കേണ്ടതാകുന്നു." എന്നു് എഴുതിയിരിക്കുന്നു. (റോമ. 6: 3, 4; അഫി. 5: 25–27)

301 **ചോ:** അവിശ്വാസികളിൽനിന്നു് ഒരു മുതിൎന്ന ആൾ വിശ്വസിച്ചു് മാമോദീസാക്കു വന്നാൽ അവൻ അതുവരെ ചെയ്ത പാപങ്ങളെല്ലാം മോചിക്കപ്പെടുമോ?

**ഉ:** ഉവ്വു്. "........നിങ്ങൾ മാനസാന്തരപ്പെട്ടു് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിന്നായി നിങ്ങൾ പരിശുദ്ധാത്മാവിന്റെ ദാനം ലഭിക്കുവാനായിട്ടു് നിങ്ങളിൽ ഓരോരുത്തൻ ഈശോമ്ശിഹായുടെ നാമത്തിൽ ജ്ഞാനസ്നാനപ്പെടുവിൻ" (അ. പ്ര 2: 38) എന്നു് പന്തിക്കൊസ്തനാളിൽ പത്രോസ് ശ്ലീഹാ ജനത്തോടു പറഞ്ഞു. "........നീ എഴുന്നേററ.....ജ്ഞാനസ്നാനപ്പെട്ടു് നിന്റെ പാപങ്ങളിൽനിന്നു ശുചീകരിക്കപ്പെടുക, എന്നു ഹനൻയാ എന്നോടു പറഞ്ഞു" (അ. പ്ര. 22: 16; 12–15.) എന്നു് പൌലൂസ് ശ്ലീഹാ പറയുന്നു.

302. **ചോ:** നാം മാമോദീസാ മുങ്ങുന്നതിന്നു മുമ്പു് മററുള്ള രഹസ്യങ്ങളെ കൈക്കൊള്ളുവാൻ പാടുണ്ടോ?

**ഉ:** ഇല്ല മററുള്ള രഹസ്യങ്ങളിലേക്കു നമ്മെ കൊണ്ടുപോകുന്ന വാതിൽ മാമോദീസാതന്നെയാകുന്നു.

303. **ചോ:** പഴയ നിയമത്തിൽനിന്നു വീണ്ടും ജനനത്തിന്റെ ചില ദൃഷ്ടാന്തങ്ങൾ പറയുക?

**ഉ:** (1) നോഹയുടെ പെട്ടകത്തിലേക്കുള്ള പ്രവേശനവും, അവന്റെ വെള്ളത്തിലൂള്ള പുനൎജ്ജീവിതവും (1. പത്രോ. 3: 20, 21.)

(2) ഇസ്രായിൽ ജനക്കാരുടെ ചെങ്കടലിൽകൂടെയുള്ള കടക്കൽ (1. കോരി. 10: 1, 2.)

(3) ആറാമായക്കാരനായ നയമാൻ ഏഴു പ്രാവശ്യം യോൎദ്ദാൻ നദിയിൽ മുങ്ങുകയും (കുളിക്കയും) തന്റെ കുഷ്ഠരോഗത്തിൽനിന്നു ശുദ്ധീകരിക്കപ്പെടുകയും ചെയ്തതു്. (2. രാജാ 5: 14.)

304. **ചോ:** പൈതങ്ങൾ ജ്ഞാനസ്നാനപ്പെടുവാൻ ആവശ്യമാകുന്നുവോ?

ഉ: അവർ പാപത്തിൽ ജനിക്കപ്പെട്ടതുകൊണ്ടു് സ്വാഭാവികപാപം (ജന്മപാപം) മോചിക്കപ്പെടുവാനും, അവർ ദൈവത്തിന്റെ ഉഭയസമ്മതത്തിലേക്കു പ്രവേശിക്കപ്പെടുവാനും ആവശ്യമാകുന്നു.

305. ചോ: യൂദരുടെ പൈതങ്ങൾ ദൈവത്തിന്റെ ഉഭയസമ്മതത്തിലേക്കു എങ്ങിനെ പ്രവേശിപ്പിക്കപ്പെട്ടു?

ഉ: അവരുടെ ജനനത്തിന്റെ ശേഷം എട്ടാംദിവസം പരിച്ഛേദനയാൽതന്നെ.

306. ചോ: ഇതിൽനിന്നു നാം എന്തു പഠിക്കുന്നു?

ഉ: ഓറേഥായുടെ (പഴയ നിയമത്തിന്റെ) അപൂർണ്ണമായ ഉഭയസമ്മതത്തിലേക്കു പൈതങ്ങളേയും പ്രവേശിപ്പിക്കുവാൻ അത്യന്തം ആവശ്യമായിരുന്നു എങ്കിൽ, എത്രയോ അധികം ക്രിസ്തീയതത്വത്തിന്റെ ഉഭയസമ്മതത്തിലേക്കു പൈതങ്ങളെ പ്രവേശിപ്പിക്കേണ്ടതാകുന്നു എന്നു നാം പഠിക്കുന്നു.

307. ചോ: നമ്മുടെ കർത്താവിന്റെ ഏതെല്ലാം വചനങ്ങളിൽനിന്നു നാം ഇതു പഠിക്കുന്നു?

ഉ: അവൻ പറയുന്നു:—"ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കയുമരുതു്. എന്തുകൊണ്ടെന്നാൽ ദൈവരാജ്യം ഇപ്രകാരമുള്ളവരുടേതാകുന്നു.......... (പിന്നെ) അവൻ അവരെ തന്റെ കൈകളിൽ എടുക്കുകയും അവരുടെ മേൽ തന്റെ കൈവച്ചു് അവരെ അനുഗ്രഹിക്കുകയും ചെയ്തു". (മാർക്കോ. 10: 14, 16)

308. ചോ: ഇതിൽനിന്നു എന്തു തെളിയുന്നു?

ഉ: ചെറിയ കുട്ടികൾക്കും "കൃപ" അല്ലെങ്കിൽ "ദാനം" ലഭിക്കുവാൻ അസാദ്ധ്യമല്ല എന്നു തെളിയുന്നു.

309. ചോ: മാമോദീസായുടെ സ്ഥിരീകരണം എന്താകുന്നു?

ഉ: മാമോദീസായുടെ കൈവെപ്പിനാൽ സ്വീകരിക്കുന്ന റൂഹാദ്കുദ്ശായുടെ ദാനത്തിന്റെ പൂർണ്ണതയോ മുദ്രയിടലോ ആകുന്നു.

310. ചോ: ഇതു നാം എങ്ങിനെ കൈക്കൊള്ളുന്നു?

ഉ: മാമോദീസാ മുക്കൽ കഴിഞ്ഞ ഉടനെ കശീശ ശുംശാനന്മാരോടും ആവശ്യമായ സാധനങ്ങളോടും കൂടെ മദ്ബഹായുടെ വലിയ വാതിലൂടെ പുറത്തുവന്നു പടിയിന്മേൽ നിന്നു്:— "ഇന്നവൻ (ഇന്നവൾ) പിതാവിൻേറയും, പുത്രൻേറയും, റൂഹാദ്കുദ്ശായുടേയും നാമത്തിൽ മുദ്രകയും സ്ഥിരീകരിക്കപ്പെടുകയും ചെയ്തു" എന്നു മാമോദീസായുടെ കൈവെപ്പിൻെറ പ്രാർത്ഥനകളുടെ അവസാനത്തിൽ പറഞ്ഞുകൊല്ലുന്നു.

311. ചോ: ഇതു പറയുമ്പോൾ എന്തു ചെയ്യും?

ഉ: (ഇന്ന) ആളുടെ നെററിയിൽ ജീവനുള്ള സ്ലീവായുടെ അടയാളം പരിശുദ്ധ സൈത്ത് തൈലത്താൽ പൂശി വരച്ചു മുദ്രയിടുന്നു.

312. ചോ: മാമോദീസായുടെ ഈ കൈവെപ്പ് നമുക്കു ആവശ്യമാകുന്നു എന്നു വേദവാക്യങ്ങളിൽനിന്നു തെളിയിക്കാമോ?

ഉ: തെളിയിക്കാം. മാർ ഫീലിപ്പോസ് ശംറീനിൽ മാമോദീസാ കൊടുത്തവർ റൂഹാദ്കുദ്ശായെ കൈക്കൊള്ളുവാൻ അവരുടെ മേൽ കൈകളെ വെക്കുവാൻ മാർ പത്രോസും, മാർ യോഹന്നാനും ഓറിശ്ലേമിൽനിന്നു അവിടേക്കു ഇറങ്ങിച്ചെന്നു. (അ. പ്ര. 8: 5—17) എന്നും, യോഹന്നാൻ മാംദാനയുടെ മാമോദീസാമാത്രം കയ്യേറ്റ അഫിസോസിലുള്ള ശിഷ്യന്മാരെ ക്രിസ്ത്യാനികളുടെ മാമോദീസാ കൈക്കൊള്ളുവാൻ കല്പിച്ചു്, അവരുടെ മേൽ കൈവെച്ചു് അവരുടെ മാമോദീസായെ സ്ഥിരീകരിച്ചു എന്നും, അവക്കു് പരിശുദ്ധാത്മാവു് ലഭിച്ചു എന്നും പൌലൂസ് ശ്ലീഹായെ കുറിച്ചു് നാം വായിക്കുന്നു. (അ. പ്ര 19: 1-6.)

313. ചോ: മാമോദീസായുടെ ഈ സ്ഥിരീകരണം ഇനി വേറെ ഏതു നാമത്താൽ വിളിക്കപ്പെടുന്നു?

ഉ: "മുദ്ര" എന്നു വിളിക്കപ്പെട്ടുന്നു. "മ്ശിഹായിൽ ഞങ്ങളെ നിങ്ങളോടുകൂടെ ഉറപ്പിക്കുന്നവൻ ദൈവമാകുന്നു; അവൻതന്നെ നമ്മെ അഭിഷേകം ചെയ്യും മുദ്രയിടുകയും തൻെറ ആത്മാവിൻെറ അച്ചാരത്തെ നമ്മുടെ ഹൃദയങ്ങളിൽ തരികയും ചെയ്തു." (2. കോരി. 1: 21, 22.) എന്നു് എഴുതിയിരിക്കുന്ന പ്രകാരംതന്നെ. "ദൈവത്തിൻെറ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതു്; അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പിൻെറ നാളിലേക്കു മുദ്രയിടപ്പെട്ടതു്." (അഫി. 4: 10; 1: 14.) എന്നു വീണ്ടും പൌലൂസ് ശ്ലീഹാ പറയുന്നു. അഭിഷേകം എന്നും വിളിക്കപ്പെടുന്നുണ്ടു്. (1. യോഹ. 2: 20—27.)

പത്താം അദ്ധ്യായം.

## വിശുദ്ധ കർബ്ബാനയെക്കുറിച്ചു്

314. ചോ: കർബ്ബാന എന്നതു് എന്താകുന്നു?

ഉ: കർബ്ബാന എന്നതു് ഒരു വലിയ രഹസ്യമാകുന്നു.

315. ചോ: * "രഹസ്യം" എന്ന പദത്തിൽനിന്നു നീ എന്തു ഗ്രഹിക്കുന്നു?

ഉ: പദത്തിന്നു വിവിധാർത്ഥങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ അറിവിന്നതീതെയുള്ളതു്. അതായതു് അന്വേഷണത്തിന്നും, വിവേകത്തിന്നും അപ്പുറവും അസാദ്ധ്യമാകുന്നതും, എങ്കിലും വിശ്വാസത്താൽ കണ്ടുപിടിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യാവുന്നതും എന്നു ഞാൻ ഗ്രഹിക്കുന്നു.

316. ചോ: ഈ കർബ്ബാന എന്ന രഹസ്യം എല്ലാ മനുഷ്യർക്കും ആവശ്യമാകുന്നുവോ?

ഉ: അതേ. "നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കാതെയും അവൻെറ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്കു നിങ്ങളിൽതന്നെ ജീവനില്ല." (യോഹ. 6: 52.) എന്നു നമ്മുടെ രക്ഷിതാവും കർത്താവുമായവൻ പറയുന്നു.

* സുറിയാനി ഭാഷയിൽ റാസ എന്നതു രഹസ്യം എന്നാകുന്നു.

317. ചോ: കർബ്ബാനയ്ക്കു് ആവശ്യമുള്ള സാധനങ്ങളേവയാകുന്നു?

ഉ: ഗോതമ്പപ്പവും മുന്തിരിഞ്ഞയിൽനിന്നുള്ള വീഞ്ഞും.

318. ചോ: കർബ്ബാന അപ്പം എങ്ങിനെയുള്ളതായിരിക്കണം?

ഉ: സാധാരണ അപ്പംപോലെ മാവുപൊടിയും, പുളിച്ചമാവും, ഉപ്പും വെള്ളവും, മൂന്നുതുള്ളി സൈത്തും, കൊണ്ടുണ്ടാക്കണം

319. ചോ: പിന്നെ വല്ലതും കൂട്ടിച്ചേർക്കാറുണ്ടോ?

ഉ: ചുടുന്നതിമുമ്പു് കർബ്ബാനയ്ക്കു ഉപയോഗിക്കുന്ന ഭാഗത്തിൽ മാത്രം ശ്ലീഹന്മാരിൽനിന്നു പരമ്പരയായി സഭയിൽ ലഭിച്ചിട്ടുള്ള വിശുദ്ധപുളിപ്പ് എന്ന "മൽക്കാ" അല്ലെങ്കിൽ "ഹമീറാ കദ്ദീശാ" കൂട്ടിച്ചേർക്കുന്നു.

320. ചോ: "പത്തീറാ" എന്നതു് എന്താകുന്നു?

ഉ: വേദപുസ്തകത്തിൽ "അപ്പ"ത്തിൻെറ വിപരീതമാകുന്ന പുളിപ്പില്ലാത്ത അപ്പം പത്തീറാ എന്നു വിളിക്കപ്പെടുന്നു.

321. ചോ: പുളിപ്പില്ലാത്ത അപ്പം നമുക്കു കുർബ്ബാനയ്ക്കു് ഉപയോഗിപ്പാൻ പാടുണ്ടോ?

ഉ: നമ്മുടെ കർത്താവു് ഉപയോഗിക്കാത്തതും സഭയുടെ ആദ്യ നൂററാണ്ടുകളിൽ അറിയപ്പെടാത്തതും ആയതുകൊണ്ടു് പാടില്ല.

322. ചോ: നമ്മുടെ കർത്താവായ മ്ശീഹാ അതു് ഉപയോഗിച്ചിട്ടില്ല എന്നു നീ എങ്ങിനെ അറിയുന്നു?

ഉ: വിശുദ്ധ വേദപുസ്തകത്തിൽ പലതരം അപ്പമുണ്ടാക്കുതിനെക്കുറിച്ചു പറയുന്നു; എന്നാൽ ഈ രണ്ടു പേരുകളും അല്ലെങ്കിൽ പ്രവൃത്തികളും തമ്മിൽ വളരെ വ്യത്യാസം ഉണ്ടു്. "ലഹ്മ" (അപ്പം) പുളിച്ച മാവിൽനിന്നുണ്ടാക്കുന്ന അപ്പവും "പത്തീറാ" * (ജീവനില്ലാത്ത, രുചിയില്ലാത്ത) പുളിപ്പി

---

* ഈ പദത്തിനു് വളര അർത്ഥങ്ങളുണ്ടു്. അവയെല്ലാം തൃപ്തികരമല്ലാത്തവയാകുന്നു.

ല്ലാത്ത മാവിൽനിന്നുണ്ടാകുന്ന § പത്തീറയുമാകുന്നു. എന്നാൽ നമ്മുടെ കർത്താവായ ഈശോ "അപ്പം (ലഹ്മാ) എടുത്തു" എന്നു എഴുതിയിരിക്കുന്നു.

323. ചോ: ഇതു കുറച്ചുകൂടെ വിവരമായി പറയാമോ?

ഉ: പറയാം സത്യപെസ്ഹാകുഞ്ഞാട്ട് "ലോകത്തിന്റെ പാപത്തെ എടുക്കുന്ന ദൈവത്തിൻ കുഞ്ഞാട്ട്" ആകുന്നു. പെസഹ്ഹാകുഞ്ഞാടിനെ അപ്പിക്കുന്ന ദിവസത്തിലും സമയത്തിലും താനും അപ്പിക്കപ്പെടുവാൻ അത്യന്തം ആവശ്യമായിരുന്നു; അതുകൊണ്ട് അവൻ പെസ്ഹായുടെ തലേദിവസം തന്റെ അത്താഴം കഴിച്ചു എന്നു യോഹന്നാന്റെ സുവിശേഷത്തിൽനിന്നു സ്പഷ്ടമായി കാണുന്നു. (യോഹ. 13: 1—38; 18: 1—12, 28, 29)

324. ചോ: ഈ വിശുദ്ധ രഹസ്യത്തിന്റെ ശുശ്രൂഷകൻ ആരായിരിക്കണം?

ഉ: ശ്ലീഹാന്മാരുടെ കൈവെപ്പുള്ള കശീശ—മീതെയുള്ള എല്ലാവക്കും ആവാം—അവന്റെ സഹായികളായ മ്ശംശാനന്മാരോടുകൂടെ.

325. ചോ: വിശുദ്ധകുബ്ബാനയുടെ പുറമെയുള്ള അടയാളങ്ങൾ —അതായതു് കാണപ്പെടുന്നതു് - ഏവയാകുന്നു?

ഉ: നമ്മുടെ കൎത്താവിന്റെ കല്പനപ്രകാരമുള്ള അപ്പവും (ലഹ്മാ) വീഞ്ഞും.

326. ചോ: അതിന്റെ ഉൾവശമുള്ള ഭാഗങ്ങൾ ഏവയാകുന്നു?

ഉ: മ്ശീഹായുടെ ശരീരവും രക്തവുംതന്നെ.

327. ചോ: നമ്മുടെ കർത്താവു് ഈ വിശുദ്ധ രഹസ്യത്തെ സ്ഥാപിച്ചതു് എപ്പോൾ?

ഉ: താൻ കുരിശുമരത്തിന്മേൽ പെസ്ഹാ ദിവസത്തിൽ അപ്പിക്കപ്പെടേണ്ടിയിരുന്നതുകൊണ്ടു് അതിന്റെ തലേദിവസം അവസാന അത്താഴസമയത്തു.

---

§ പത്തീറയ്ക്കും, ലഹമയ്ക്കും തിരിച്ചു് തിരിച്ചു് മലയാളത്തിൽ പദങ്ങൾ ഇല്ല.

328. ചോ: എങ്ങിനെ സ്ഥാപിച്ചു?

ഉ: "........താൻ കാണിച്ചുകൊടുക്കപ്പെടുന്ന ആ രാത്രിയിൽതന്നെ അപ്പത്തെ (ലഹമാ) എടുത്തു അനുഗ്രഹിച്ചു നുറുക്കി പറഞ്ഞതു്: നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ, നിങ്ങൾക്കുവേണ്ടി നുറുക്കപ്പെടുന്ന എന്റെ ശരീരം ഇതാകുന്നു: എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുന്നവരാകുവിൻ. അപ്രകാരംതന്നെ അവർ അത്താഴം കഴിച്ചശേഷം പാനപാത്രവും കൊടുത്തു പറഞ്ഞു: ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു; നിങ്ങൾ കുടിക്കുമ്പോഴൊക്കെയും ഇപ്രകാരം എന്റെ ഓർമ്മയ്ക്കായി ചെയ്യുന്നവരാകുവിൻ........" (1 കോരി. 11: 23–25)

329. ചോ: വിശുദ്ധ മാർ പൌലൂസ് ശ്ലീഹാ നാം കുർബ്ബാനയുടെ കൂദാശയിൽ എന്തു ചെയ്യുന്നു എന്നു് പറയുന്നു?

ഉ: അദ്ദേഹം പറയുന്നതു്: "....നിങ്ങൾ ഈ അപ്പം (ലഹമാ) ഭക്ഷിക്കയും ഈ പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും നമ്മുടെ കർത്താവിന്റെ മരണത്തെ അവന്റെ വരവുവരെ ഓർമ്മപ്പെടുത്തുന്നു" (1 കോരി 11: 26)

330. ചോ: ഇതു് എങ്ങിനെയാകുന്നു?

ഉ: എല്ലാ കാലത്തേക്കും ഈ രഹസ്യം നമ്മുടെ കർത്താവിന്റെ മരണത്തിന്റെ ഓർമ്മയാകുന്നതുകൊണ്ടു് മ്ശീഹാ കുരിശിന്മേൽ കഴിച്ച ആ ബലിതന്നെ ദൈവത്തിനു അർപ്പിക്കുകയും അതിനെ മാലാഖമാർക്കും മനുഷ്യർക്കും വെളിപ്പെടുത്തുകയും ആകുന്നു.

331. ചോ: ഇതുകൊണ്ടു് വിശുദ്ധ കുർബ്ബാന എന്തു് എന്നു വിളിക്കപ്പെടുന്നു?

ഉ: ക്രിസ്ത്യാനിക്കടുത്ത ബലി; പലപ്പോഴും രക്തമില്ലാത്ത ബലി എന്നും ഉണ്ടു്.

332. ചോ: മ്ശീഹാ കുരിശുമരത്തിന്മേൽ കഴിച്ച ബലിക്കു പുറമെ ഇതു മറെറാരു ബലിയാണോ?

ഉ: അല്ല. മ്ശീഹാ മരത്തിന്മേൽ പൂർത്തിയാക്കിയതായ ഒരേ ബലി മാത്രമേ താൻ കഴിച്ചുള്ളു. "എന്നാൽ ഈ ഇഷ്ടത്താൽ ഈശോമ്ശീഹായുടെ ഒരിക്കലായുള്ള ശരീരബലി (കുർബ്ബാന)യാൽ നാം വിശുദ്ധീകരിക്കപ്പെട്ടു...... ഇവനോ പാപങ്ങൾക്കുവേണ്ടി ഒരേ ബലി കഴിക്കയും എന്നന്നേക്കും ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും ചെയ്തു" എന്നു് എഴുതിയിരിക്കുന്നപ്രകാരംതന്നെ (എബ്രാ. 10: 10, 12) എന്നാൽ വിശുദ്ധ കുർബ്ബാന പരിശുദ്ധ ത്രിത്വത്തിന്റെ മുമ്പാകെ ആ ബലിയുടെ ഇടവിടാതെയുള്ള ഓപ്പിക്കൽ ആകുന്നു. "....ഹാബേലിന്റേതിനേക്കാൾ നല്ലവണ്ണം സംസാരിക്കുന്ന അവന്റെ (ഈശോമ്ശീഹായുടെ) രക്തത്തിന്റെ തളിപ്പിന്നും നിങ്ങൾ അടുത്തുവന്നിരിക്കുന്നു" (എബ്രാ. 12: 24) എന്നും എഴുതിയിരിക്കുന്നു.

333. ചോ: ഈ വാക്കിനാൽ (എബ്രാ. 12: 24) നീ എന്തു തെളിയിക്കുന്നു?

ഉ: ഹാബേൽ കൊല്ലപ്പെട്ടു; മരിക്കയും ചെയ്തു. അതുകൊണ്ടു് അവന്റെ രക്തം ന്യായമായിട്ടു നിലവിളിച്ചിരുന്നു (ആദ്യ. 4: 10) മ്ശീഹാ ഈശോവും തറക്കപ്പെട്ടു. മരിക്കയും ചെയ്തു; സത്യം (മത്താ. 27; 50; യോഹ. 19: 30–37) എന്നാൽ ജീവിച്ചെഴുന്നീററു (ലൂക്ക. 24: 5, 6) ഇനി മരിക്കയുമില്ല; നിശ്ചയം (റോമ. 6:9; വെളി. 1:18) അതുകൊണ്ടു് വിശുദ്ധ കുർബ്ബാന രഹസ്യത്തിൽ "ഹാബേലിന്റേതിനേക്കാൾ നല്ലവണ്ണം ഇടവിടാതെ സംസാരിക്കുന്നു" എന്നർത്ഥമാകുന്നു.

334. ചോ: നീ ഇതു പറവാൻ എങ്ങിനെ തുനിയുന്നു?

ഉ: നാം അനുഗ്രഹിക്കുന്ന അനുഗ്രഹപാത്രവും, നാം നുറുക്കുന്ന അപ്പവും, മ്ശീഹായുടെ രക്തത്തിന്റെയും ശരീരത്തിന്റെയും കൂട്ടായ്മ ആകുന്നതുകൊണ്ടു് തന്നെ. (1 കോരി: 10: 16)

335. ചോ: ആരാൽ ഈ ഓർമ്മബലി അപ്പിക്കപ്പെടുന്നു?

ഉ: (1) സ്വർഗ്ഗത്തിൽ ഈശോ മ്ശീഹായാൽതന്നെ, "നീ

മല്ക്കീസ്ദിക്കിൻെറസാദൃശ്യത്തിൽ എന്നന്നേക്കും പുരോഹിതനാകുന്നു" (സങ്കീ 110: 4 എന്നും, "ഇവനോ എന്നന്നേക്കും ഇരിക്കുന്നതുകൊണ്ടു് തൻെറ പൌരോഹിത്യം മാറാത്തതാകുന്നു........ഇങ്ങനെയുള്ള മഹാ പുരോഹിതിൻ നമുക്കാവശ്യമായിരുന്നു" (എബ്രാ 7: 24_26) എന്നും മററും (എബ്രാ. 7: 17—28; 8: 3; 9: 11—14, 23—38 ഇത്യാദി) ഈ പ്രവൃത്തിയെക്കുറിച്ചു് എഴുതിയിരിക്കുന്നു. "എന്നാൽ ഈ പറയുന്നവയുടെ സാരം ഇതാകുന്നു. സ്വർഗ്ഗത്തിൽ മഹിമാസനത്തിൻെറ വലത്തുഭാഗത്തു ഇരുന്നവനായ മഹാ പുരോഹിതൻ നമുക്കുണ്ടു്. അവൻ വിശുദ്ധസ്ഥലത്തിൻെറയും, മനുഷ്യനല്ല, ദൈവം സ്ഥാപിച്ച സത്യകൂടാരത്തിൻെറയും ശുശ്രൂഷകനായിതീന്നു" (എബ്രാ. 8: 1, 2) എന്നു് എഴുതിയിരിക്കുന്നപ്രകാരംതന്നെ. (2) ഭൂമിയിലും മ്ശിഹായുടെ പ്രതിനിധികൾ എന്നപോലെ കശീശന്മാർ അതിനെ അപ്പിക്കുന്നു. വേറൊരു വഴിയിൽ കശീശ അതിനെ അപ്പിക്കുമ്പോൾ അതിനെ കൈക്കൊള്ളുവാൻ കൂടിയ എല്ലാ ക്രിസ്ത്യാനികളും അതിനെ അപ്പിക്കുന്നു "നിങ്ങളോ, രാജ്യത്തിന്നു് ആചാര്യശുശ്രൂഷ ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട തലമുറയാകുന്നു. (1 പത്രോ. 2: 9)

336. **ചോ:** യൂദക്കു ഒന്നിലധികം ബലികൾ ഉണ്ടായിരുന്നുവോ?

**ഉ:** ഉവ്വ്. അവർ ദിവസംപ്രതി പുതുബലികൾ കഴിക്കേണ്ടതായിരുന്നു. ഈ എല്ലാ ബലികളുടേയും ഉന്നം വരുവാനുള്ള മ്ശിഹായെ സംബന്ധിച്ചു് ചെയ്ത ഉഭയ സമ്മതത്തെ ഓപ്പിപ്പാൻ ആയിരുന്നു.

337. **ചോ:** കുരിശിന്മേൽ പൂർത്തിയാക്കിയ ഒരു ബലി മാത്രമെ മ്ശിഹാ അപ്പിച്ചുള്ളു എങ്കിൽ, കുർബ്ബാനയിൽ എന്തു ഫലം?

**ഉ:** "ഏതു മഹാ പുരോഹിതനും വഴിപാടുകളേയും ബലികളേയും അപ്പിപ്പാൻ ആക്കപ്പെട്ടിരുന്നുവല്ലോ" (എബ്ര. 8: 3) "ഇവനോ എന്നന്നേക്കും ഇരിക്കുന്നതുകൊണ്ടു്

തന്റെ പൌരോഹിത്യം മാറാത്തതാകുന്നു'' (എബ്രാ. 7: 24, 25—28) എന്നും മററും എഴുതിയിരിക്കുന്നു. എന്നാൽ ഇതു ഏററവും വലിയ ഒരു രഹസ്യമാകുന്നു. ഇപ്പോഴും മ്ശീഹാ മഹാ പുരോഹിതന്റെ ശുശ്രൂഷയെ ആചരിക്കുന്നു; നാമും അവനാൽതന്നെ, ദൈവത്തിന്നു തന്റെ പുത്രന്റെ മരണത്തേയും രണ്ടാമത്തെ വരവിനേയും ഓപ്പിപ്പാനായിട്ടു കുർബ്ബാനയെ അർപ്പിക്കുന്നു.

338. ചോ: ഓപ്പിക്കാതെ ദൈവം ഓക്കുന്നില്ലേ?

ഉ: ഉവ്വ്. എങ്ങിനെയെന്നാൽ നാം അവനോടു് യാചിക്കുന്നതിന്നുമുമ്പു് നമുക്കു എന്താവശ്യമാകുന്നു എന്നു് അവൻ അറിയുന്നു (മത്താ. 6: 8, 31, 32) എങ്കിലും പ്രാൎത്ഥിക്കുവാനായി നമ്മോടു് കല്പിച്ചിട്ടുണ്ടു്. (ലൂക്ക. 11: 5_13; 18: 1_8....ഇത്യാദി) അപ്രകാരംതന്നെ നാം അവനെ കുർബ്ബാനയാൽ ഓപ്പിക്കേണം എന്നും ഇഷ്ടപ്പെട്ടു. (1 കോരി. 11. 26)

339. ചോ: നാം ഈ ഓർമ്മ ബലിയെ അർപ്പിപ്പാൻ നമ്മുടെ കൎത്താവു് ഏതു വാക്കിനാൽ നമ്മോടു് കല്പിച്ചിരിക്കുന്നു?

ഉ: "എന്റെ ഓർമ്മക്കായിട്ടു നിങ്ങൾ ഇപ്രകാരം ചെയ്യുന്നവരാകുവിൻ'' (1 കോരി. 11: 24, 25)

340. ചോ: ഈ ക്രിസ്ത്യാനിക്കടുത്ത ബലിയെകുറിച്ചുള്ള ചില പ്രവചനങ്ങൾ പറയാമോ?

ഉ: പറയാം. "എന്തുകൊണ്ടെന്നാൽ ആദിത്യന്റെ ഉദയം മുതൽ അതിന്റെ അസ്തമാനംവരെക്കും എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകും; എല്ലാ സ്ഥലത്തിലും എന്റെ നാമത്തിന്നു ധൂപം വെക്കുകയും വിശുദ്ധ കാഴ്ചകൾ കഴിക്കയും ചെയ്യപ്പെടും. എന്തെന്നാൽ എന്റെ നാമം പുറജാതികളുടെ ഇടയിൽ വലുതാകും എന്നു സൈന്യങ്ങളുടെ യഹോവാ പറയുന്നു'' എന്നു എഴുതിയിരിക്കുന്നു. മലാഖി: 1:11; 3.1_4, യിലും; ഈശായ 56:6,7ലും ഈറമ്യാ 33:15_22 വരെയിലും മററും നോക്കുക.

341. ചോ: ഈ പ്രവചനങ്ങൾ യൂദരുടെ ബലിയെ കുറിച്ചല്ല. എന്നാൽ ക്രിസ്ത്യാനികളുടേതിനെകുറിച്ചാകുന്നു എന്നു എങ്ങിനെ അറിയുന്നു?

ഉ: പുറജാതികൾ യൂദരായില്ല, എന്നാൽ ക്രിസ്ത്യാനികളായിത്തീൎന്നു. അപ്രകാരം ബലിയും കഴിക്കുന്നു. ആകയാൽ ക്രിസ്ത്യാനിക്കടുത്ത ബലിയല്ല, എന്നാൽ യൂദരുടെ ബലികളത്രെ ഇല്ലാതാക്കപ്പെട്ടതു്.

342. ചോ: ഈ ക്രിസ്ത്യാനിക്കടുത്ത ബലിയാൽ നാം എന്തു ചെയ്യുന്നു?

ഉ: അതുമൂലം നാം ദൈവത്തെ ആരാധിക്കുന്നു. എന്തുകൊണ്ടെന്നാൽ ദൈവാരാധന മനുഷ്യന്റെ ആദ്യചുമതലയാകുന്നു.

343. ചോ: ഈ ആരാധന ഏതിന്റെ നിഴലാകുന്നു?

ഉ: അറക്കപ്പെട്ടപോലെയുള്ള കുഞ്ഞാടിനെ സ്വൎഗ്ഗത്തിൽ ആരാധിക്കുന്നതിന്റെ നിഴലാകുന്നു. (വെളി 5: 6—9)

344. ചോ: ഇനിയും ഈ ബലിയിൽ നാം എന്തുചെയ്യുന്നു?

ഉ: നാം ദൈവത്തെ സ്തുതിക്കുകയും, നമ്മുടെ പാപങ്ങൾക്കു വേണ്ടി പ്രാൎത്ഥിക്കുകയും, ജീവനോടിരിക്കുന്നവൎക്കും മ്ശിഹായിൽ സത്യമതത്തിൽ മരിച്ചവൎക്കുംവേണ്ടി എല്ലാ നന്മകൾക്കായിട്ടും യാചിക്കുകയും ചെയ്യുന്നു. "ഞാൻ സകലത്തിനുംമുമ്പു് നിന്നോടു പ്രബോധിപ്പിക്കുന്നതെന്തെന്നാൽ സകല മനുഷ്യൎക്കുവേണ്ടിയും, (വിശേഷാൽ) നാം സൎവ്വദൈവഭക്തിയോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ളജീവിതം കഴിക്കേണ്ടതിന്നു, രാജാക്കന്മാൎക്കും (സകല) അധികാരസ്ഥന്മാൎക്കും വേണ്ടിയും, യാചനയും, പ്രാൎത്ഥനയും, പക്ഷവാദവും, സ്തോത്രവും ചെയ്യണം" എന്നു എഴുതിയിരിക്കുന്നു. (1. തിമോ. 2: 1, 2)

345. ചോ: എപ്പോൾ കുർബ്ബാന ശുദ്ധമാക്കപ്പെടുന്നു?

ഉ: കശീശ റൂഹാദ്കുദ്ശായെ അതിനെ ശുദ്ധമാക്കുവാൻ

ക്ഷണിക്കമ്പോൾ. "കർത്താവേ! നിന്റെ പരിശുദ്ധാത്മാവ് വന്നു, നിന്റെ ദാസന്മാരുടെ ഈ കർബ്ബാനയുടെ മേൽ വസിക്കയും അതിനെ വാഴ്ത്തുകയും ശുദ്ധീകരിക്കയും ചെയ്യുമാറാകട്ടെ" എന്നു, നീഥി മാർ റൂഹാക്ക് കദ്ദീശ....' എന്ന പ്രാർത്ഥന കഴിക്കമ്പോൾതന്നെ.

346. ചോ: വിശുദ്ധ കുർബ്ബാന ഓർമ്മബലിക്കു പുറമെ പിന്നെ എന്താകുന്നു?

ഉ: നമ്മുടെ ആത്മാക്കൾക്കു സ്വർഗ്ഗീയ ആഹാരവുമാകുന്നു.

347. ചോ: നമ്മുടെ കർത്താവു് ഇതു നമുക്കു് എങ്ങിനെ പഠിപ്പിച്ചു?

ഉ: അവൻ പറഞ്ഞതു്:– "നിങ്ങൾ വാങ്ങി ഭക്ഷിപ്പിൻ, ഇതു് എന്റെ ശരീരമാകുന്നു! പിന്നെ ഇതാ നിങ്ങൾ വാങ്ങി കുടിപ്പിൻ; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമമാകുന്നു."

348. ചോ: ഇതു കാരണത്താൽ മ്ശീഹാ തന്നെത്താൻ എന്തു പേർ വിളിച്ചു?

ഉ: "ജീവന്റെ അപ്പം" എന്നു് "ഞാൻ ജീവന്റെ അപ്പമാകുന്നു; എന്റെ അടുക്കൽ വരുന്നവനു് വിശക്കയില്ല. എന്നിൽ വിശ്വസിക്കുന്നവനു് എന്നന്നേക്കും ദാഹിക്കയുമില്ല" (യോഹ. 6: 35 ) എന്നു് അവൻ പറഞ്ഞു.

349. ചോ: വിശുദ്ധ കുർബ്ബാനയെ അനുഭവിക്കുന്നവർ ഏതു വിധത്തിൽ കൈക്കൊള്ളണം?

ഉ: രണ്ടുവിധമുണ്ടു്:— (1) ഒന്നാമത്തേതും ഏററവും ശ്രേഷ്ഠവുമായതു്: വലത്തുകയ്യിൽ പുറം ഇടത്തുകയ്യിൻ ഉള്ളത്തിൽ സ്ലീവാഭാവത്തിൽ വെച്ചു് കശീശയുടെ കയ്യിൽ നിന്നു തിരുശരീരം ആ ചെറു സ്ലീവാമേൽ വാങ്ങുക; അതിന്റെ ശേഷം വിനയത്തോടും, ഭക്തിയോടും ഭയത്തോടും തന്റെ വായ്കൊണ്ടു് ആ സ്വർഗ്ഗീയ ആഹാരം അനുഭവി

കുക ഇതു കൎത്താവിന്റെ കല്പനയും (മത്താ: 26: 26.) സഭയുടെ പതിവുമാകുന്നു. *

(2) രണ്ടാമത്തേതും ചില വിശ്വാസികളുടെ അടിസ്ഥാനമില്ലാത്ത ഭക്തിയിൽനിന്നു പുറപ്പെട്ടതുമായതു്: വായിൽ മാത്രം കൈക്കൊള്ളുന്നു. നിനക്കു വായിൽമാത്രം കൈക്കൊള്ളുവാൻ ഇഷ്ടമുണ്ടെങ്കിൽ തല കുറച്ചു പൊക്കി വായ് തുറന്നു ഭക്തിയോടുകൂടെ കശീശയുടെ കയ്യിൽനിന്നു അനുഭവിക്കുക,

350. ചോ: തിരുശരീരം കൈക്കൊണ്ടശേഷം എന്തുചെയ്യേണം?

ഉ: കൎത്താവിന്റെ കല്പന, സഭ അനുഷ്ഠിച്ചപ്രകാരം (1 കോരി. 11: 26.) അനുസരിക്കണം. (മത്താ. 26: 27.) മദ്ബഹായുടെ വാതിലിൻ വടക്കുഭാഗത്തു് തിരുകാസ കൊടുക്കുവാൻ നില്ക്കുന്ന മ്ശംശാനയുടെ അരികെ പോയി തിരുരക്തം കുടിക്കണം.

351. ചോ: പാനപാത്രത്തെ എങ്ങിനെ കുടിക്കണം?

ഉ: വിശുദ്ധ കാസയെ നിന്റെ വായ്കൊണ്ടു സമീപിച്ചു, കാസയുടെ വക്ക് നിന്റെ ചുണ്ടുകളുടെ മദ്ധ്യേ പിടിച്ച്, സൂക്ഷ്മത്തോടു താഴെ ഇററവീഴാതെ കുറച്ചു വലിച്ചു കുടിക്കുക.

352. ചോ: ഈ വിശുദ്ധ രഹസ്യത്തിൽ അപ്പത്തിന്റേയും വീഞ്ഞിന്റേയും വസ്തുവിനു മാററം വരുന്നുവോ?

ഉ: വസ്തുമാററമുണ്ടായാൽ രഹസ്യമല്ല. രഹസ്യമാകുന്നുവെങ്കിൽ കൎത്താവിന്റെ ശരീരവും രക്തവും ആകുന്നു; സത്യം. വസ്തുമാററത്താലല്ല, എന്നാൽ ശക്തിയാലും വിമോചനത്താലും അവനോടുകൂടെ ഒന്നുതന്നെയാകുന്നു. "സ്വൎഗ്ഗത്തിൽ വലത്തുഭാഗത്തു് മഹത്വത്തോടെ ഇരിക്കുന്ന ശരീരവും കശീശന്മാർ പള്ളിയിൽ നുറുക്കുന്ന ശരീരവും ഒന്നാകുന്നു" എന്നു സഭയുടെ പിതാക്കന്മാർ. പറയുന്നു.

---

* 'ഹയ്യിൽമാറാൻ....' "ഞങ്ങളുടെ കൎത്താവെ! കുററങ്ങളുടെ വിമോചനത്തിന്നായി വിശുദ്ധ സാധനത്തെ (കുർബ്ബാനയെ) കയ്യേല്ക്കുവാൻ നീട്ടിയ കരങ്ങളെ ബലപ്പെടുത്തേണമെ...."

353 ചോ: ഇതു് എങ്ങിനെ ഉണ്ടാകും?

ഉ: ദൈവവചനം മനുഷ്യസ്വഭാവം എടുത്തതിൽ, നമ്മുടെ സ്വഭാവത്തോടും സംയോജിച്ച ഒരു മ്ശീഹാ, ഒരു കത്താവു്, ആയിതീന്നപ്രകാരം, ബലിപീഠമേൽ ഇരിക്കുന്ന അപ്പത്തോടും വീഞ്ഞിനോടും സ്ലീഹാ രഹസ്യമായി സംയോജിക്കുന്നു. (കോരി. 10: 16)

354 ചോ: മനസ്താപത്തോടും വിശ്വാസത്തോടും തന്റെ ശരീരവും രക്തവും കൈക്കൊള്ളുന്നവക്കു് മ്ശീഹാ എന്തു കൊടുക്കുന്നു?

ഉ: പിശാചിനോടു് യുദ്ധം ചെയ്യാനും, ശുദ്ധതയിൽ വളരുവാനും തക്കവണ്ണം അവക്കു് കൃപനല്കുന്നു.

355. ചോ: അവൻ ഈ വാഗ്ദത്തം ഏതു വാക്കിനാൽ ചെയ്തു?

ഉ: "എന്റെ ശരീരത്തിൽനിന്നു ഭക്ഷിക്കുകയും എന്റെ രക്തത്തിൽനിന്നു കുടിക്കുകയും ചെയ്യുന്നവന്നു നിത്യജീവനുണ്ടു്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. എന്തുകൊണ്ടെന്നാൽ എന്റെ ശരീരം സാക്ഷാൽ ഭക്ഷണം ആകുന്നു, എന്റെ രക്തം സാക്ഷാൽ പാനീയവു"മാകുന്നു (യോഹ.6: 54, 55) എന്നു് അരുളിച്ചെയ്തതിനാൽ തന്നെ.

356. ചോ: ഈ കൃപകൂടാതെ പിശാചിനോടു യുദ്ധം ചെയ്വാൻ നമുക്കു കഴിയുമോ?

ഉ: കഴികയില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ശരീരങ്ങൾക്കു് ഭൌമികആഹാരം ആവശ്യമായിരിക്കുന്നപ്രകാരം പരീക്ഷയെ എതിക്കുന്നതിന്നു് ബലം പ്രാപിപ്പാൻ നമ്മുടെ ആത്മാക്കൾക്കു് ഈ സ്വർഗ്ഗീയ ആഹാരം ആവശ്യമാകുന്നു.

357. ചോ: ആകയാൽ നമ്മുടെ കർത്താവിന്റെ ശരീരവും രക്തവും കൈക്കൊള്ളുവാൻ നാം നമ്മെത്തന്നെ എങ്ങിനെ ഒരുക്കേണം?

ഉ: നാം നമ്മെതന്നെ പരിശോധന ചെയ്തു് (1 കോരി. 11: 28) നമ്മുടെ പാപങ്ങളിൽനിന്നു് തിരിഞ്ഞു മനസ്താപപ്പെട്ടുകയും, പുതുജീവനിൽ നടക്കുവാൻ നല്ലവണ്ണം ശ്രദ്ധവെക്കുകയും, ദൈവത്തിൻെറ ഉഭയസമ്മതങ്ങളിൽ വിശ്വസിക്കുകയും, മ്ശീഹായുടെ മരണത്തെക്കുറിച്ചു് ഉപകാരസ്മരണയുള്ളവർ ആകയും, മററുള്ള മനുഷ്യരോടു് സ്നേഹത്തോടു് പെരുമാറുകയും വേണം.

358. ചോ: ഏതു പ്രായത്തിൽ വിശുദ്ധ കുർബ്ബാന കൈക്കൊള്ളുവാൻ ആവശ്യമാകുന്നു?

ഉ: നാം ജഡപ്രകാരം ജനിച്ച ഉടനെ ആഹാരത്തിന്നു് കരച്ചിലാൽ യാചിക്കുന്നുവെങ്കിൽ, എത്ര അധികം നാം ആത്മീകപ്രകാരം വീണ്ടും ജനിച്ച ഉടനെ ആത്മിക ആഹാരവും ആവശ്യമാകുന്നു.

359. ചോ: നാം മനസ്താപപ്പെട്ടില്ലെങ്കിൽ ഈ രഹസ്യത്തിൽനിന്നു് വല്ല ഗുണവും നമുക്കു കിട്ടുമോ?

ഉ: കിട്ടുകയില്ല. "എന്തുകൊണ്ടെന്നാൽ യോഗ്യനല്ലാതിരിക്കുന്നവാറ അതിൽനിന്നു് ഭക്ഷിക്കയും കുടിക്കയും ചെയ്യുന്നവൻ കർത്താവിൻെറ ശരീരത്തെ വിവേചിക്കാത്തതുകൊണ്ടു്, തനിക്കു താൻ ശിക്ഷാവിധിയെ ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു" (1 കോരി. 11: 29)

360. ചോ: മ്ശിഹാ നമുക്കു തൻെറ ശരീരവും രക്തവും നല്കുന്ന വിധം തിരിച്ചറിവാൻ കഴിയുമോ?

ഉ: ഇല്ല. ഏററവും ബുദ്ധിയുള്ള മനുഷ്യനും അതിനെ തിരിച്ചറിവാൻ കഴിയാത്തവിധം ഒരു വലിയ രഹസ്യമാകുന്നു; എന്നാൽ ഒരു ചെറിയ കുട്ടിക്കുപോലും അതിൽ വിശ്വസിക്കാം.

361. ചോ: നമ്മുടെ കർത്താവു് തൻെറ ശരീരവും രക്തവും കൊടുക്കുവാൻ വാഗ്ദത്തം ചെയ്തപ്പോൾ യൂദർ എന്തു പറഞ്ഞു?

ഉ: "ഇവന്നു തന്റെ ശരീരം നമുക്കു ഭക്ഷിക്കേണ്ടതിന്നു എങ്ങിനെ തരുവാൻ കഴിയും?" (യോഹ 6: 55) എന്നു പറഞ്ഞു.

362. ചോ: ഇതിൽനിന്നു നാം എന്തു പഠിക്കുന്നു?

ഉ: മ്ശീഹാ നമ്മോട് എന്തെങ്കിലും കല്പിച്ചാൽ, അതു വിശ്വാസത്തോടു കൈക്കൊള്ളണം എന്നു നാം പഠിക്കുന്നു.

പതിനൊന്നാം അദ്ധ്യായം

## പത്തു് കല്പനകളെ കുറിച്ച്

363. ചോ: എപ്പോഴാം ദൈവം പത്തു കല്പനകളെ കൊടുത്തു?

ഉ: സീനൈ പർവ്വതത്തിന്മേൽ മൂശെ നബീയയാൽതന്നെ.

364. ചോ: എങ്ങിനെ കൊടുക്കപ്പെട്ടു?

ഉ: രണ്ടു കല്പലകളിന്മേൽ ദൈവം എഴുതികൊടുത്തു (പുറ. 32: 15, 16; 31:18;20: 1-21; ആവ. 9:9, 10)

365. ചോ: ഈ പത്തു കല്പനകൾ യൂദരുടെ സഭക്കു കൊടുക്കപ്പെട്ടതല്ലേ?

ഉ: യൂദക്ക് കൊടുക്കപ്പെട്ടതുതന്നെ; എന്നാൽ ഭൂമിയിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും ആവശ്യമാകുന്നു എന്നു മാത്രമല്ല, ക്രിസ്ത്യാനികൾക്ക് അത്യന്തം ആവശ്യമത്രെ.

366. ചോ: എന്തുകൊണ്ട് ക്രിസ്ത്യാനികൾക്ക് അത്യന്തം ആവശ്യമാകുന്നു?

ഉ: ദൈവത്തിന്റെ മുന്തിരിത്തോട്ടം യൂദരുടെ സഭയായിരുന്നു. (ഈശാ. 5: 1—7; മത്താ. 21: 13, 41); എന്നാൽ നല്ല ഫലങ്ങൾ കൊടുക്കാത്തതുകൊണ്ട്, ദൈവരാജ്യമാകുന്ന ആ സഭ തന്നെ കല്പനകളോടുകൂടെ "ഫലങ്ങളെ കൊടുക്കുന്ന ജാതിക്ക്" (ക്രിസ്ത്യാനികളുടെ സഭക്കു) കൊടുക്കപ്പെട്ടു (മത്താ. 21: 43) എന്നു മാത്രമല്ല, "ഞാൻ ന്യായപ്രമാണത്തെയാകട്ടെ, നബീയന്മാരെയാകട്ടെ നീക്കു

വാൻ വന്നിട്ടില്ല" (മത്താ. 5: 17) എന്നു മ്ശിഹാ കർത്താവു് കല്പിച്ചിരിക്കുന്നു.

367. **ചോ:** അങ്ങിനെയായാൽ ക്രിസ്ത്യാനികൾ ന്യായപ്രമാണത്തെ മുഴുവനും കാപ്പാൻ കടക്കാരാകുന്നുവോ?

**ഉ:** അല്ല നിഴലുകളും ഛായകളുമായി "താല്ക്കാലികമായ കല്പനകളുടെ ന്യായപ്രമാണത്തെ (മ്ശിഹാ) തന്റെ കല്പനകളാൽ നീക്കി" (അഫി 2. 14) * എന്തുകൊണ്ടെന്നാൽ അവ സത്യശരീരമാകുന്ന മ്ശിഹായുടെ വരവോളം ആവശ്യമായിരുന്നു. ഗലാത്യ 3: 24, 25-ൽ പൌലൂസ് ശ്ലീഹാ വീണ്ടും ഇതു തെളിയിക്കുന്നു.

368. **ചോ:** എന്നാൽ പത്തു കല്പനകളെ നീക്കിയില്ലേ?

**ഉ:** ഇല്ല എന്തുകൊണ്ടെന്നാൽ പത്തു കല്പനകൾ യൂദന്മാർക്കും, ക്രിസ്ത്യാനികൾക്കും മാത്രമല്ല എല്ലാ മനുഷ്യർക്കും എല്ലാ തലമുറകൾക്കും '....ന്യായപ്രമാണത്തിന്റെ പ്രവൃത്തിയെ തങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു" (റോമ 2: 15): പുറജാതികൾക്കും തിന്മയേയും നന്മയേയും കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുത്തുകയും ചെയ്യുന്നു.

369. **ചോ:** ഈ പത്തു് കല്പനകൾ നമ്മെ എന്തു പഠിപ്പിക്കുന്നു?

**ഉ:** ദൈവത്തോടും, അയല്ക്കാരനോടും, എല്ലാ മനുഷ്യരോടും തന്നെ നമുക്കുള്ള മുറകൾ നമ്മെ പഠിപ്പിക്കുന്നു.

370. **ചോ:** ദൈവത്തോടുള്ള നമ്മുടെ മുറകൾ ഏവയാകുന്നു?

**ഉ:** ഒന്നാം കല്പലകയിന്മേൽ എഴുതിയ നാലു കല്പനകൾ തന്നെ §

---

* സുറിയാനിയിൽനിന്നു്.

§ രണ്ടു പലകകളിന്മേൽ എഴുതിയ പത്തു കല്പനകളുടെ വചനങ്ങൾ പുറപ്പാടു പുസ്തകം 20: 2—17. വാക്യങ്ങളിൽ അടങ്ങിയിരിക്കുന്നു. (ആവ 5: 6—21) അവ ദൈവത്തിന്റെ വിരലാൽ എഴുതപ്പെട്ടവയായിരുന്നു. (പുറ 31: 18; 32: 15, 16, ആവ 5: 22; 9: 9, 10; 10: 4) എണ്ണത്തിലും പത്തുതന്നെയാണു്. (പുറ. 34: 28; ആവ 10: 4) എന്നാൽ ഒന്നാമതു്, രണ്ടാമതു് എന്നിങ്ങിനെ വേദപുസ്തകത്തിൽ തീരുമാനിച്ചിട്ടില്ല. അതുകൊണ്ടാണു് ക്രിസ്ത്യാനികളുടെ ഇടയിൽ അവയുടെ നിരയിൽ നിസ്സാരമായ ഭേദം

371. ചോ: മനുഷ്യരോടുള്ള നമ്മുടെ മുറകൾ ഏവ?

ഉ: രണ്ടാം കല്പലകയിന്മേൽ എഴുതിയ ബാക്കി ആറു കല്പനകൾ ആകുന്നു.

372. ചോ: ഈ പത്തു കല്പനകളെ എങ്ങിനെ കാപ്പാൻ നമ്മുടെ കർത്താവു് പഠിപ്പിക്കുന്നു?

ഉ: അവയെ അക്ഷരത്തിൽ മാത്രമല്ല, ആത്മാവിലും, പ്രവൃത്തിയിൽ മാത്രമല്ല, വിചാരത്തിലും, സംസാരത്തിലും കാക്കണം എന്നു് അവൻ നമ്മെ പഠിപ്പിക്കുന്നു. (മത്താ. 5: 19_48)

373. ചോ: ഒന്നാംകല്പന ചൊല്ലുക?

ഉ: ഞാൻ ഒഴികെ........ശേഷവും (2_ാംഭാഗം)

374. ചോ: ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?

---

കാണുന്നതു്. എന്നാൽ സാക്ഷാൽ പത്തു കല്പനകളെ അനുസരിക്കുന്നവർ എല്ലാവരും, അവ പുറപ്പാടുപുസ്തകം 20: 2_17 വാക്യങ്ങളിലുള്ള എല്ലാ പദങ്ങളുമാകുന്നു എന്നു് സമ്മതിച്ചിരിക്കുന്നു. ക്രമപ്പെടുത്തലിലും ഭേദം ഉണ്ടെങ്കിൽ അവയ്ക്കു് വലിയ കാര്യമല്ല. എന്നാൽ ഹാ കഷ്ടം! ഇതാ വേദപുസ്തകത്തെ മുഴുവനും അനുസരിക്കാത്തവരും, വിശുദ്ധവും നിർമ്മലവുമാകുന്ന ക്രിസ്ത്യാനികളുടെ മതത്തിൽ, ദൈവം നിഷേധിച്ച പുറജാതികളുടെ പ്രവൃത്തികൾ ചേർക്കുകയും അത്യന്തം ആവശ്യമാകുന്നു എന്നു് ശഠിക്കുകയും ചെയ്യുന്നവരുമുണ്ടു്. അവർ ഈ പത്തു കല്പനകളെ ദൈവത്തിൻെറ കൈ എഴുതിയിരിക്കുന്ന പ്രകാരം (പുറ 20 2_17) എഴുതി പഠിപ്പിക്കുന്നില്ല. എന്നാൽ തങ്ങൾക്കു് തോന്നിയ കളവുകൾ ചേർത്തെഴുതി പഠിപ്പിക്കുന്നു അതുകൊണ്ടു് രണ്ടാമത്തെ കല്പനയെ, അല്ലെങ്കിൽ ഒന്നാമത്തേതിൻെറ തികവിനെ നീക്കിക്കളഞ്ഞു; എന്തുകൊണ്ടെന്നാൽ അതു് അവരുടെ വിഗ്രഹാരാധനയുടേയും, വിഗ്രഹങ്ങളുടെ സേവയുടേയും, അവയിൽ പ്രത്യാശ വെക്കുവാനുള്ള മോഹത്തിൻേറയും തീരെ വിരോധമാകുന്നു. "കളവുകൾ, അവയാൽ സഭയ്ക്കു സഹായം ഉണ്ടാകും എന്ന ഉദ്ദേശത്തിന്മേൽ ആയാലും, തിരുവെഴുത്തുകളിൽ പ്രവേശിപ്പിക്കപ്പെട്ടുവെങ്കിൽ, പിന്നെ എഴുതപ്പെട്ടതിൽ എന്തു സ്ഥിരതയുണ്ടാകും?" എന്നു വിശുദ്ധ ആഗസ്തീനോസ് പറയുന്നതു ശരിതന്നെ ആകുന്നു.

ഉ: ദൈവത്തിൽ വിശ്വസിക്കകയും, അവനെ ഭയപ്പെടുകയും, അവനെ എൻെറ പൂർണ്ണഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണമനസ്സോടും, പൂർണ്ണശക്തിയോടും സ്നേഹിക്കകയും, വിചാരത്തിലും,പ്രവൃത്തിയിലും അവനെ സേവിക്കകയും ചെയ്യേണം എന്നു ഞാൻ പഠിക്കുന്നു. (മാക്കോ. 12: 29, 30.)

375. ചോ: രണ്ടാം കല്പന ചൊല്ലുക?

ഉ: മീതെ സ്വർഗ്ഗത്തിലുള്ളവയുടേയോ, താഴെ ഭൂമിയിലുള്ളവയുടേയോ........ശേഷവും (3-ാം ഭാഗം)

376. ചോ: ഈ കല്പനയിൽനിന്നു നീ എന്തുപഠിക്കുന്നു?

ഉ: ദൈവം സഭയാൽ കല്പിച്ച മാർഗ്ഗത്തിൽ മാത്രം അവനെ ആരാധിക്കകയും വിഗ്രഹങ്ങളെ വന്ദിച്ചു സേവിക്കാതിരിക്കകയും ചെയ്യണം എന്നു ഞാൻ പഠിക്കുന്നു.

377. ചോ: 'വിഗ്രഹം' എന്നതു് എന്താകുന്നു?

ഉ: വിഗ്രഹം എന്നതു് 'അക്ഷയനായ ദൈവത്തിൻെറ തേജസ്സിനെ മാററിക്കളയുവാനായിട്ടു'' മരംകൊണ്ടോ, മണ്ണുകൊണ്ടോ, വെള്ളികൊണ്ടോ, സ്വർണ്ണംകൊണ്ടോ, മററു വല്ല വസ്തുക്കൾകൊണ്ടോ, പുറജാതികളാലാകട്ടെ, ക്രിസ്ത്യാനികളാലാകട്ടെ, ആരാലുമാകട്ടെ, ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി ഉണ്ടാക്കപ്പെടുന്നതാകുന്നു. (റോമ. 1: 21-25)

378 ചോ: വിഗ്രഹങ്ങൾ കൂടാതെ ദൈവത്തെ ആരാധിപ്പാൻ പാടുണ്ടോ?

ഉ: പാടുണ്ടോ എന്നു് ചോദിക്കുന്നതു് ദുഃഖകരംതന്നെ. ''ദൈവം ആത്മാവാകുന്നു'' എന്നു നാം വിശ്വസിക്കുന്നു എങ്കിൽ ''........അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കയും വേണം; പിതാവും ഇപ്രകാരമുള്ള ആരാധനക്കാരെയാണു് അന്വേഷിക്കുന്നതു്'' എന്നു് എഴുതിയിരിക്കുന്നുവല്ലോ. (യോഹ. 4: 23, 24 )

379. ചോ: എന്തുകൊണ്ട വിഗ്രഹങ്ങളെ സേവിക്കരുതു്?
ഉ: ദൈവത്തിൻെറ നിശ്ചയവും ശാപത്തോടും കലന്ന (ആവ 27: 15) കല്പനയുമാകുന്നതുകൊണ്ടും അവസ്ഥ ചെയ്യപ്പെടുന്ന ശുശ്രൂഷയും സേവയും ഭൂതങ്ങൾക്കാകുന്നതു കൊണ്ടുമത്രെ (1 കോരി. 10: 19–22) അതുകൊണ്ടാണു് പൌലൂസ് ശ്ലീഹാ നമ്മോടു് നല്ലവണ്ണം കല്പിക്കയും ഉപദേശിക്കയും ചെയ്യുന്നതു്. (2കോരി. 6: 14–18നോക്കുക.)

380. ചോ: മൂന്നാം കല്പന ചൊല്ലുക?
ഉ: നീ നിൻെറ കർത്താവായ.......ശേഷവും(3–ാംഭാഗം)

381. ചോ: ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?
ഉ: ദൈവത്തിൻെറ തിരുനാമത്തെ ബഹുമാനിക്കുകയും, അതിനെ നിരർത്ഥകമായി പ്രയോഗിക്കാതേയും; കളവായി ആണയിടാതേയും, ദൈവദൂഷണംപറയാതേയും ഇരിക്കയും വേണം എന്നു് ഞാൻ പഠിക്കുന്നു

382. ചോ: ഈ കല്പനയിൽനിന്നു് ഇനി പഠിപ്പാൻ വല്ലതുമുണ്ടോ?
ഉ: ഉണ്ടു്. നമ്മെ ദൈവത്തിങ്കലേക്കു് അടുപ്പിക്കുന്ന സഭയുടെ രഹസ്യങ്ങളേയും വിശുദ്ധ വസ്തുക്കളേയും പരിഹസിക്കുകയും, പുച്ഛിക്കുകയും, നിഷേധിക്കുകയും ചെയ്യാതിരിക്കുകയും, ദൈവാരാധനയേയും, ദൈവമന്ദിരത്തേയും ബഹുമാനിക്കുകയും (പ്രസം. 5:1) വേണം എന്നും പഠിക്കുന്നു.

383. ചോ: നാലാംകൽപ്പന ചൊല്ലുക?
ഉ: സാബത്തുനാളിനെ ശുദ്ധീകരിപ്പാൻ..........ശേഷവും (3–ാംഭാഗം.)

384. ചോ: ഈ കൽപ്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?
ഉ: ആഴ്ചവട്ടത്തിൻെറ ആറു ദിവസങ്ങളിൽ പ്രയത്നിക്കുകയും, കർത്താവിൻെറ നാളായ ഞായറാഴ്ചയേയും, പെരുനാളുകളേയും വിശുദ്ധീകരിക്കുകയും, ദൈവത്താൽ നി

ഷ്ഠയിക്കപ്പെട്ട പ്രകാരം സഭയുടെ നോയിമ്പുകളെ ആച ചരിക്കുകയും ചെയ്യേണം എന്നു് ഞാൻ പഠിക്കുന്നു.

385. ചോ: നാം കർത്താവിന്റെ നാളിനേയും പെരുനാളുകളേയും എങ്ങിനെ വിശുദ്ധീകരിക്കണം?

ഉ: ഭൗമ ജോലികൾ എല്ലാം മുടക്കി വേദപുസ്തകം വായിക്കയും, ദൈവമന്ദിരത്തിൽ ദൈവാരാധനയിൽ ചേരുകയും, പറയപ്പെടുന്ന ദൈവവചനത്തെ കേൾക്കുകയും, അർപ്പിക്കപ്പെടുന്ന കുർബ്ബാനയിൽ ഓഹരിക്കാരനാകയും വേണം. എന്തുകൊണ്ടെന്നാൽ 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം(ഏവുക്കാറിസ്തീയാ കുർബ്ബാന)നുറുക്കുവാൻ കൂടി വന്നപ്പോൾ പൌലൂസ്.......അവരോടു പ്രസംഗിച്ചു........'' (അ. പ്ര. 20: 7) എന്നു് എഴുതിയിരിക്കുന്നപ്രകാരം സഭയുടെ പതിവായിരുന്നു എന്നു കാണുന്നു. (അ. പ്ര. 2. 42, 46, 47; 1 കോരി. 10: 17, 18 )

386. ചോ: ആഴ്ചവട്ടത്തിൽ കർത്താവിന്റെ നാൾ ഏതാകുന്നു?

ഉ: ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാകുന്ന ഞായറാഴ്ചതന്നെ.

387. ചോ: എന്നാൽ, എന്തുകൊണ്ടാണു് ഈ കല്പന ''ഏഴാം ദിവസം'' അതായതു് ശനിയാഴ്ച മുടക്കുവാൻ കല്പിക്കുന്നതു്?

ഉ: സൃഷ്ടിപ്രവൃത്തിയിൽനിന്നു് ദൈവം ആശ്വസിച്ച നാളായ ഏഴാംദിവസത്തെ ശുദ്ധീകരിപ്പാൻ ഇസ്രായേൽ മക്കളോടു കല്പിക്കപ്പെട്ടതുകൊണ്ടു്.

388. ചോ: എന്നാൽ എന്തുകൊണ്ടാണു് സഭ, നാം ആഴ്ചവട്ടത്തിലുള്ള ഒന്നാം ദിവസത്തെ ശുദ്ധീകരിപ്പാൻ നമ്മെ പഠിപ്പിക്കുന്നതു്?

ഉ: സൃഷ്ടിയുടെ ഒന്നാം ദിവസം ''വെളിച്ചം ഉണ്ടാകട്ടെ'' എന്നു ദൈവം കല്പിച്ചു. (ആദ്യ. 1: 3) ആ കല്പന മാലാകന്മാർ കേട്ടപ്പോൾ മാലാകന്മാരായ 'നാം പ്രകാശങ്ങളാകുന്നതുകൊണ്ടു' (സങ്കീ. 104. 4)

(എബ്രായ. 1: 7) നമ്മെ സൃഷ്ടിച്ചതും "വെളിച്ചം ഉണ്ടാകട്ടെ" എന്നു കല്പിച്ചവൻ തന്നെയായിരിക്കും എന്നു കരുതി ആ കല്പനയെ പുറപ്പെടുവിച്ചവനെ അവർ ആരാധിക്കുവാൻ (അന്നുതന്നെ ഒന്നാം ദിവസമായ ഞായറാഴ്ച) ആരംഭിച്ചതുകൊണ്ടും, നമ്മുടെ കർത്താവു് ഈ ദിവസത്തിൽ മരിച്ചവരിൽനിന്നു് എഴുന്നേറ്റതുകൊണ്ടുമത്രെ (മത്താ. 28: 1)

389. **ചോ:** അഞ്ചാം കല്പന ചൊല്ലുക?

**ഉ:** നിന്റെ കർത്താവായ ദൈവം നിനക്കു......ശേഷവും (3-ാം ഭാഗം)

390. **ചോ:** ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?

**ഉ:** എന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്കുകയും, അനുസരിക്കുകയും, അവരെ സഹായിക്കുകയും ചെയ്യേണം എന്നു ഞാൻ പഠിക്കുന്നു.

391. **ചോ:** ഇതിൽനിന്നു ഇത്രമാത്രമേ പഠിക്കുന്നുള്ളു?

**ഉ:** അല്ല. എന്നാൽ, എന്നെക്കാൾ പ്രായത്തിലോ, സ്ഥാനത്തിലോ, ബഹുമാനത്തിലോ വലിയവരായ സഭയുടെ വൈദികന്മാരേയും എന്റെ ഗുരുനാഥന്മാരേയും, സർക്കാരുദ്യോഗസ്ഥന്മാരേയും, ബഹുമാനിക്കയും, അനുസരിക്കുകയും, സഹായിക്കയും ചെയ്യേണം എന്നും ഞാൻ പഠിക്കുന്നു. (എബ്രാ. 13: 17; 1 കോരി. 16: 15, 16. 1 തെസ്സ. 5: 12 13; റോമ. 16: 1, 2; 13: 1—14)

392 **ചോ:** ആറാംകല്പന ചൊല്ലുക?

**ഉ:** നീ കൊല്ലരുതു്.

393 **ചോ:** ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?

**ഉ:** മറ്റൊരുത്തനെ കൊല്ലരുതു് എന്നു മാത്രമല്ല, എന്റെ ഹൃദയത്തിൽ പക, കോപം അസൂയ, കപടം, ദ്രോഹം എന്നിവ സംഗ്രഹിക്കാതേയും, നമ്മുടെ കർത്താവു് കല്പിച്ചിരിക്കുന്നപ്രകാരം (മത്താ. 5: 21 26, 38—48; റോ. 12: 16-21 മറ്റും) മറ്റൊരുത്തനെ വാക്കിനാലോ

പ്രവൃത്തിയാലോ, സൂത്രത്താലോ, കൌശലത്താലോ മററൊരുവിധത്തിലോ ഉപദ്രവിക്കാതേയും ഇരിക്കണം എന്നു ഞാൻ പഠിക്കുന്നു.

394. ചോ: ഏഴാം കല്പന ചൊല്ലുക?

ഉ: നീ വ്യഭിചാരം ചെയ്യരുതു്.

395. ചോ: വ്യഭിചാരം എന്നതു് എന്താകുന്നു?

ഉ: ഒരുത്തൻ തൻെറ ഭാൎയ്യയല്ലാത്ത മററൊരു സ്ത്രീയോടു സംസൎഗ്ഗം ചെയ്താൽ വ്യഭിചാരം ആകുന്നു സ്ത്രീയായാലും ഇപ്രകാരംതന്നെ. എന്തുകൊണ്ടെന്നാൽ "വിവാഹം എല്ലാററിലും മാനമുള്ളതും അവരുടെ കിടക്ക നിൎമ്മലവുമാകുന്നു" (എബ്രാ. 13: 4) എന്നാൽ "വേശ്യാദോഷക്കാരേയും വ്യഭിചാരികളേയും ദൈവം ന്യായം വിധിക്കും" (എബ്രാ 13: 4; 1 കോരി. 6: 9, 10 മററും)

396. ചോ: പിന്നെ ഈ കല്പനയിൽനിന്നു നാം എന്തു പഠിക്കുന്നു?

ഉ: എൻെറ ശരീരത്തെ കീഴടക്കുകയും, ശുദ്ധതയോടു സൂക്ഷിക്കുകയും, വിചാരത്തിലും സംസാരത്തിലും, പ്രവൃത്തിയിലും ശുദ്ധനായിരിക്കയും വേണം എന്നു് ഞാൻ പഠിക്കുന്നു.

397. ചോ: ഇതിൽനിന്നു ഇത്രമാത്രമേ പഠിക്കുന്നുള്ളു?

ഉ: അല്ല. എന്നാൽ ഈ വലിയ പാപത്തിൽനിന്നും, അതിനു അവസരമുണ്ടാക്കുന്ന ചീത്ത സംസാരം, കാഴ്ച, കാമനോട്ടം, മദ്യപാനം, കൊള്ളരുതാത്ത കൂട്ടായ്മ മുതലായവയിൽനിന്നും നമ്മോടു കല്പിക്കപ്പെട്ടിരിക്കുന്നപ്രകാരം (മത്താ. 5: 27–32; 1 കോരി 5: 9 – 12; 6: 12 – 19; 7: 1—9; ഗാലാ 5: 16 – 21) ഓടിപ്പോകേണം എന്നു് ഞാൻ പഠിക്കുന്നു.

398. ചോ: എട്ടാം കല്പന ചൊല്ലുക?

ഉ: നീ മോഷ്ടിക്കരുതു്.

399. ചോ: ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?

ഉ: ഞാൻ മോഷ്ടിക്കാതിരിപ്പാനും, മററുള്ളവരെ ചതിക്കയും, വഞ്ചിക്കയും, പുന്നാരിക്കയും, തെററിധരിപ്പിക്കയും, പിടിച്ചുപറിക്കയും ചെയ്യാതിരിപ്പാനും ഞാൻ പഠിക്കുന്നു

400. ചോ: ഇതിൽനിന്നു ഇനി എന്തെങ്കിലും പഠിക്കുന്നുവോ?

ഉ: ഉവ്വ്. എൻെറ സംസാരത്തിലും, എൻെറ എല്ലാ പ്രവൃത്തികളിലും സത്യവാനും, നീതിയുള്ളവനും ആകുകയും, കപടക്കാരൻ എന്നപോലെ എൻെറ ജോലിയാകട്ടെ, മററുള്ളവരുടെ ജോലിയാകട്ടെ, ചെയ്യാതിരിക്കയും, എൻെറതല്ലാത്തതിനെ സമ്പാദിക്കുവാൻ ശ്രമിക്കാതിരിക്കയും വേണം എന്നും ഞാൻ പഠിക്കുന്നു.

401. ചോ: ഒമ്പതാം കല്പന ചൊല്ലുക?

ഉ: നീ നിൻെറ കൂട്ടുകാരൻെറ നേരെ........ശേഷവും (4-ാംഭാഗം)

402 ചോ: ഈ കല്പനയിൽനിന്നു നീ എന്തു പഠിക്കുന്നു?

ഉ: ഞാൻ ഭോഷ്ക്ക്, അകൃത്യം, കളവ്, ചതി, എന്നിവയിൽനിന്നും മററുള്ളവരെ കുറിച്ച് കുററം പറയുകയോ, തമ്മിൽ ശത്രുക്കളാകുവാൻ ശ്രമിക്കുകയോ ചെയ്യുന്നതിൽ നിന്നും, മററുള്ളവരെ വാക്കുകൊണ്ടു് അപമാനിക്കുകയോ, ദുഃഖിപ്പിക്കുകയോ ചെയ്യുന്നതിൽനിന്നും എൻെറ നാവിനെ കീഴടക്കുകയും സൂക്ഷിക്കുകയും ചെയ്യേണം എന്നു് ഈ കല്പനയിൽനിന്നു ഞാൻ പഠിക്കുന്നു.

403 ചോ: പത്താം കല്പന ചൊല്ലുക?

ഉ: നീ നിൻെറ കൂട്ടുകാരൻെറ ഭവനത്തെ മോഹിക്കരുതു്........ശേഷവും (4-ാംഭാഗം)

404. ചോ: ഈ കല്പനയിൽനിന്നു നാം എന്തു പഠിക്കുന്നു?

ഉ: "മനുഷ്യർ നിങ്ങൾക്കു് ഏതുപ്രകാരം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നുവോ, അപ്രകാരം നിങ്ങളും അവർക്കു് ചെയ്വിൻ" (ലൂക്ക. 6: 31 മത്താ. 7: 12) എന്നു കർത്താവീശോമ്ശിഹാ കല്പിച്ചിരിക്കു

ന്നു. ആകയാൽ എന്റെ ഭവനത്തേയും ഭാൎയ്യയേയും എനിക്കുള്ള ഒന്നിനേയും ആരും മോഹിപ്പാൻ ഞാൻ ഇച്ഛിക്കുന്നില്ലാത്തതുകൊണ്ടു് എന്റെ കൂട്ടുകാരായ മനുഷ്യജാതിയിൽ ആരുടേയും ഭവനം, ഭാൎയ്യ, ദാസൻ, ദാസി, കാള, കഴുത, അവൎക്കുള്ള മററു യാതൊന്നിനേയും ഞാനും മോഹിക്കരുതു് എന്നു ഞാനും പഠിക്കുന്നു.

405. ചോ: ഇത്രമാത്രമേ പഠിക്കുന്നുള്ളു?

ഉ: അല്ല. എന്നാൽ എന്റെ കൂട്ടുകാരുടെ വസ്തുക്കളെ വഹിതമല്ലാത്ത വഴികളിൽ എടുക്കുകയോ, അവയെ എടുക്കാതിരുന്നാൽ എന്റെ മനസ്സിൽ സമാധാനം (വഞ്ചന സമാധാനം) ഉണ്ടാകുകയില്ല എന്നു വന്നാൽപോലും അവയെ എടുപ്പാൻ ശ്രമിക്കുകയോ ചെയ്യരുതു് എന്നും ഞാൻ പഠിക്കുന്നു.

406 ചോ: ഇനിയും നാം എങ്ങിനെ മോഹമുള്ളവരായി തീരാം?

ഉ: നാം എപ്പോഴും ഇടവിടാതെ സമ്പന്നന്മാരായി തീരുവാൻ നോക്കുകയും, നമുക്കുള്ള സമ്പത്തു നമ്മുടെ ഗുണത്തിന്നു മാത്രം ആവശ്യമാകുന്നു എന്നു് വിചാരിക്കുകയും ചെയ്യുന്നുവെങ്കിൽ തന്നെ.

407. ചോ നമ്മുടെ കൎത്താവു് ഈ പത്തു കല്പനകളെ ഏതു വാക്യങ്ങളിൽ അടക്കിയിരിക്കുന്നു?

ഉ: ഈ പത്തു കല്പനകൾ ദൈവത്തിന്നും അയല്ക്കാരന്നു നേരെയുള്ള മുറകൾ പഠിപ്പിക്കുന്നതുകൊണ്ടു് "പത്തു കല്പനകളുടെ സാര"ത്തിൽ അടക്കിയിരിക്കുന്നു.

408. ചോ: പത്തു കല്പനകളുടെ സാരം ചൊല്ലുക?

ഉ: "ഇസ്രായേലേ! കേൾക്ക; നമ്മുടെ ദൈവമായ കൎത്താവു് ഏക കൎത്താവാകുന്നു.........ശേഷവും (4_ാംഭാഗം)

### പന്ത്രണ്ടാം അദ്ധ്യായം.

# പ്രാൎത്ഥനയേയും, ഉപവാസത്തേയും, ധൎമ്മത്തേയും കുറിച്ച്.

## 1. പ്രാൎത്ഥന.

409. **ചോ:** പ്രാൎത്ഥന എന്നതു് എന്താകുന്നു?

**ഉ:** (1) ദൈവത്തിന്നു മഹത്വം കൊടുക്കൽ;

(2) നമുക്കും ശേഷമുള്ളവൎക്കും ആവശ്യമുള്ളവയുടെ യാചന;

(3) ദുഷ്ടനിൽനിന്നു വിടുവിക്കപ്പെടുന്നതിന്നുള്ള അപേക്ഷ എന്നീ കാൎയ്യങ്ങളെ കുറിച്ച് ദൈവത്തോടു ഉണൎത്തിക്കുന്ന വാക്യങ്ങൾ പ്രാൎത്ഥനയാകുന്നു.

410. **ചോ:** ദൈവം തന്നോടു യാചിക്കുന്ന എല്ലാവൎക്കും അനുഗ്രഹങ്ങൾ നൽകുമോ?

**ഉ:** ഉവ്വ്. "യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും. എന്തുകൊണ്ടെന്നാൽ യാചിക്കുന്ന എല്ലാവനും ലഭിക്കും, അന്വേഷിക്കുന്നവൻ കണ്ടെത്തും, മുട്ടുന്നവന്നു് തുറക്കപ്പെടുകയും ചെയ്യും" (മത്താ. 7: 7, 8) എന്നു കൎത്താവീശോ മ്ശീഹാ അരുളിചെയ്തിരിക്കുന്നു.

411. **ചോ:** നാം എങ്ങിനെ പ്രാൎത്ഥിക്കണം?

**ഉ:** നാം വിശ്വാസത്തോടും (മത്താ. 17: 20; 21: 21, 22 യോഹ. 14: 13 മറവം,) മടുത്തുപോകാതേയും (ലൂക്ക 18: 1; 1 നാളാ: 28: 9) നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടത്തിന്നു ഏൽപ്പിച്ചുകൊണ്ടും (മത്താ. 6: 10; 26: 39, 42, യോഹ 5: 30), പിതാവിനോടു നേരിട്ടും

(മത്താ. 6: 6, 9), പിതാവിനോട്ട ശ്ലീഹായുടെ നാമത്തിലും (യോഹ. 15: 16; 16: 23, 24), ശ്ലീഹായോട്ട തൻെറ നാമത്തിലും (യോഹ. 14: 13, 14), പരിശുദ്ധാത്മാവിനോട്ടം, അവൻ മൂലവും (യോഹ 14: 16, 17, 26; റോമ. 8: 26, 27; 1 കോരി. 14· 4, 15) പ്രാത്ഥിക്കേണ്ടതാകുന്നു

412. ചോ: നമുക്ക് എല്ലാ കാര്യങ്ങരംക്കും യാചിക്കവാൻ പാടുണ്ടോ?

ഉ: ഉവ്വ്. ദൈവത്തിൻെറ ഇഷ്ടത്തിന്നു വിരോധമല്ല എന്നു നാം അറിയുന്നുവെങ്കിൽ എല്ലാ കാര്യങ്ങരംക്കും യാചിക്കാം. “നിങ്ങരം ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു്; എന്നാൽ എല്ലാപ്പോഴും പ്രാത്ഥനയാലും, അപേക്ഷയാലും, സ്തോത്രത്താലും നിങ്ങളുടെ യാചനകരം ദൈവമുമ്പാകെ അറിയിക്കപ്പെടട്ടെ” എന്നു എഴുതിയിരിക്കുന്നുവല്ലോ. (ഫിലി. 4: 6.)

413 ചോ: ദൈവം നമ്മുടെ പ്രാത്ഥനയെ എപ്പോഴും കേരംക്കുന്നുവോ?

ഉ: ഉവ്വ്. വിശ്വാസത്തോട്ട പ്രാത്ഥിച്ചാൽ നാം പ്രതീക്ഷിച്ചിരിക്കുന്ന വിധത്തിൽ മറുപടി കിട്ടിയില്ലെങ്കിലും ദൈവം എപ്പോഴും നമ്മുടെ പ്രാത്ഥനകളെ കേരംക്കയും അവയാൽ നാം അനുഗ്രഹങ്ങരം അനുഭവിക്കയും ചെയ്യും; സത്യം (2 കോരി. 12: 7 _ 9)

414. ചോ: നാം മററുള്ളവക്കുവേണ്ടി പ്രാത്ഥിക്കുന്നതു വിഹിതമോ?

ഉ: “ആയതു് നമ്മുടെ രക്ഷിതാവായ ദൈവത്തിൻെറ മുമ്പാകെ നല്ലതും പ്രസാദകരവുമാകുന്നു” (1 തിമോ. 2: 3, 1, 2) എന്നു വിശുദ്ധ മാർ പൌലൂസ് ശ്ലീഹാ പറയുന്നു. നമ്മെ പകക്കുന്നവക്കുവേണ്ടിയും പ്രാത്ഥിപ്പാൻ (മത്താ. 5 43—48) ഈശോകത്താവു് അരുളിച്ചെയ്തിരിക്കുന്നു. “എന്നാൽനിങ്ങരംക്ക രോഗശാന്തിപ്രാപിക്കേണ്ടതിന്നു തമ്മിൽ

തമ്മിൽ നിങ്ങളുടെ പിഴകളെ ഏററുപറഞ്ഞു് ഒരുവന്നു വേണ്ടി ഒരുവൻ പ്രാത്ഥിപ്പിൻ'' എന്നു മാർ യാക്കോവു് ശ്ലീഹായും എഴുതിയിരിക്കുന്നു. (യാക്കോ. 5: 16)

415. ചോ: നമ്മുടെ കർത്താവിൻെറ പ്രാത്ഥന ചൊല്ലുക?

ഉ: സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ!........ ശേഷവും (1-ാം ഭാഗം)

416. ചോ: ഈ പ്രാത്ഥന എങ്ങിനെ വിഭജിക്കപ്പെട്ടിരിക്കുന്നു?

ഉ: (1) ''സ്വർഗ്ഗത്തിലുള്ളവനായ........ഭൂമിയിലും ആകട്ടെ'' ദൈവത്തിന്നു മഹത്വം കൊടുക്കൽ ആകുന്നു.

(2) ''ഞങ്ങളുടെ ആവശ്യത്തിന്നുള്ള........ക്ഷമിക്കുകയുംചെയ്യേണമേ'' നമുക്കും ശേഷമുള്ളവക്കും ആവശ്യമുള്ളവയുടെ യാചന തന്നെ.

(3) ഞങ്ങളെ പരീക്ഷയിലേക്കു....... ഞങ്ങളെ വിടുവിക്കേണമേ........നിനക്കുള്ളതാകുന്നു; ആമീൻ'' ദുഷ്ടനിൽനിന്നു വിടുവിക്കുന്നതിന്നുള്ള അപേക്ഷയാകുന്നു.

417. ചോ: ഇനി പ്രാത്ഥനയെ വേറൊരു വിധത്തിൽ ഭാഗിക്കാമോ?

ഉ ദൈവത്തിൻെറ പത്തു കല്പനകളുടെ ആത്മീകമായ ദൃഷ്ടാന്തത്തിൽ വിഭാഗിക്കാം:—

(1) സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ! നിൻെറ നാമം പരിശുദ്ധമാക്കപ്പെടട്ടെ.

(2) നിൻെറ രാജ്യം വരേണമേ,

(3) നിൻെറ ഇഷ്ടം ആകട്ടെ.

(4) സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും.

(5) ഞങ്ങളുടെ ആവശ്യത്തിന്നുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരിക.

(6) ഞങ്ങളുടെ കടങ്ങളെ ഞങ്ങളോടു ക്ഷമിക്കുക.

(7) ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ.

(8) ഞങ്ങളെ പരീക്ഷയിലേക്കു് പ്രവേശിപ്പിക്കുകയും ചെയ്യരുതേ
(9) എന്നാൽ ദുഷ്ടനിൽനിന്നു് ഞങ്ങളെ വിടുവിക്കേണമേ.
(10) എന്തുകൊണ്ടെന്നാൽ രാജ്യവും, ശക്തിയും, മഹത്വവും എന്നന്നേക്കും നിനക്കുള്ളതാകുന്നു; ആമീൻ.

418. ചോ: നമ്മുടെ കടങ്ങളെ നമ്മോടു ക്ഷമിക്കുവാനായിട്ടു യാചിക്കുന്നതിന്നു മുമ്പു് നാം എന്തു ചെയ്‌വാൻ കടക്കാരാകുന്നു?

ഉ: നമ്മുടെ കർത്താവു് പഠിപ്പിച്ചപ്രകാരം നമ്മോടു് തെററുചെയ്തവരോടു നാം ക്ഷമിക്കണം. (മത്താ. 6: 14: 15; മർക്കൊ. 11: 25, 26; അഫി. 4: 32; കൊലൊ. 3, 13)

419. ചോ: ദിവസേന എത്ര പ്രാവശ്യം പ്രാർത്ഥിക്കണം?

ഉ: നാം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ സ്നേഹത്തിന്നു് അതിരില്ലാത്തതുകൊണ്ടു പ്രാർത്ഥനക്കും അതിരില്ലാതിരിക്കണം. അതായതു് ഇടവിടാതെ പ്രാർത്ഥിക്കുന്നവരായിരിക്കണം. (റോമ. 12: 12; ഫിലി. 4: 6; അഫി. 6: 18: 1 തെസ്സ 5: 17; ലൂക്ക. 18: 1; അ. പ്ര. 2: 42; 12: 5 മററും.)

420. ചോ: അങ്ങിനെ ആയാൽ വേറൊരു പ്രവൃത്തി ചെയ്യാൻ പാടില്ലല്ലോ?

ഉ: അങ്ങിനെ മൊഴിക്കുമൊഴിയായി എടുത്താൽ പാടില്ലാത്തതാകുന്നു; എന്നാൽ നാം എല്ലാപ്പോഴും വിചാരത്തിലും സംസാരത്തിലും, പ്രവൃത്തിയിലും എല്ലാം ദൈവസന്നിധിയിലെന്നപോലെ ജീവിക്കുന്നവരായിരിക്കണം എന്നു അർത്ഥമാകുന്നു.

421. ചോ: പിന്നെ പ്രാർത്ഥനക്കു പ്രത്യേക സമയമില്ലേ?

ഉ: ഉണ്ടു് പണ്ടു ഏഴുപ്രാവശ്യം (സങ്കീ 119: ശീൻ. 164) പതിവായിരുന്നു. എന്നാൽ ഈ ഏഴു പ്രാവശ്യം സഭയുടെ പൊതുപിതാക്കന്മാർ മുനികൾക്കും സന്യാസകൾക്കും നിശ്ചയിച്ചു; എങ്കിലും, ലൌകിക ദൈവഭക്തന്മാ

രായ പട്ടക്കാരും സത്യവിശ്വാസികളും പ്രാൎത്ഥനയോടുള്ള പ്രിയംകൊണ്ടു് ഈ പതിവു് അനുസരിച്ചുവന്നു എന്നാൽ അവരുടെ പിൻഗാമികളായ പിതാക്കന്മാർ, ലൌകികന്മാരുടെ കൂട്ടം എല്ലാം തങ്ങളുടെ പ്രവൃത്തികളുടെ പെരുപ്പം കൊണ്ടും, പ്രാൎത്ഥനയ്ക്കുള്ള ആഗ്രഹം തണുത്തുപോയതുകൊണ്ടും, ഈ ശുശ്രൂഷ ക്രമമായി നടത്തുന്നില്ല എന്നു കണ്ടപ്പോൾ ഏഴിന്നു പകരം നാലു പ്രാവശ്യം സ്ഥിരമാക്കി:—
(1) വൈകുന്നേരത്തെ പ്രാൎത്ഥന (2) കിടക്കംമുമ്പുള്ള പ്രാൎത്ഥന (3) രാത്രി പ്രാൎത്ഥന (4) കാലത്തെ പ്രാൎത്ഥന.

422 ചോ: ഈ നാലുപ്രാവശ്യം സ്ഥിരമായിട്ടു നാം ഉപയോഗിക്കേണ്ടതാകുന്നുവോ?

ഉ: നാം ഉപയോഗിക്കേണ്ടതാകുന്നുവെങ്കിലും, അത്മേനികൾക്കു് രാത്രി പ്രാൎത്ഥന നിർബ്ബന്ധമല്ല.

423 .ചോ: ഈ മൂന്നു പ്രാവശ്യമുള്ള പ്രാൎത്ഥനകളുടെ ക്രമവും സമയവും ഉദ്ദേശവും ഏവയാകുന്നു?

ഉ: (1) ആദ്യമുള്ളതു കാലത്തെ പ്രാൎത്ഥനയും അതിന്റെ സമയം പ്രഭാതവുമാകുന്നു. എന്നാൽ ആശ്വാസത്തിന്നു മുമ്പു പ്രയത്നമാകുന്നതുകൊണ്ടു് ആത്മേനികൾ തങ്ങളുടെ വേലയ്ക്കു പോകുന്നതിനുമുമ്പു് ശക്തിപ്പെട്ടവാനും, തങ്ങളുടെ ജോലി മുഖാന്തരം അവരുടെ ആത്മാക്കളെ മുറിപ്പാനും പാപക്കണിയിൽ അവരെ പിടിയ്ക്കുവാനും ആയിട്ടു് "പകൽ പറക്കുന്ന അസ്ത്രം ഉച്ചനേരത്തു് അങ്ങുംമിങ്ങും ചുററി നടക്കുന്ന അരൂപി" (സങ്കീ. 91: 5, 6) ആകുന്ന പിശാചിന്റെ ഉപദ്രവങ്ങളിൽനിന്നു രക്ഷിക്കപ്പെട്ടവാനുമായിട്ടു് അവർ പ്രാൎത്ഥിക്കുന്നു.

(2) രണ്ടാമതു് അത്മേനികൾക്കു് വൈകുന്നേരത്തെ പ്രാൎത്ഥനയാകുന്നു. അതിന്റെ സമയവും സൂൎയ്യാസ്തമനത്തിന്നു മുമ്പാകുന്നു ഇതിൽ, പകലിൽ നമ്മുടെ ജീവൻ സൂക്ഷിച്ചതിന്നുവേണ്ടി നന്ദി പറകയും, പകൽചെയ്ത തെററുകൾ, കുററ

ങ്ങളും പാപങ്ങളും മുതലായവയുടെ മോചനത്തിന്നായി യാചിക്കയും, വരുന്ന രാത്രിയിൽ നമ്മുടെ ആശ്വാസത്തിന്നു വേണ്ടി അപേക്ഷിക്കയും, "രാത്രിയിലെ ഭയം..... ഇരുട്ടിൽ സഞ്ചരിക്കുന്ന പകരുന്ന വ്യാധി"യിൽനിന്നും (സങ്കീ. 91: 5, 6) വിടുവിക്കപ്പെടുവാനായിട്ട് പ്രാർത്ഥിക്കയും ചെയ്യുന്നു. (3) മൂന്നാമതു്, അത്താഴത്തിന്നു് ശേഷമുള്ള പ്രാർത്ഥന; അല്ലെങ്കിൽ കിടക്കും മുമ്പുള്ള പ്രാർത്ഥനയാകുന്നു. നമ്മുടെ സ്വപ്നങ്ങൾ, നാം പകൽ പ്രവർത്തിക്കയോ, കാണുകയോ, കേൾക്കയോ ചെയ്തവയിൽ ആകാതിരിപ്പാനും സത്യവിശ്വാസികൾ എന്നപോലെ ജീവിതം കഴിപ്പാനുമായി ഇഹ സമയത്തിൽ നാം ചെയ്ത പാപങ്ങളെ ഓർത്തു് നമ്മുടെ കനിവുള്ള കർത്താവായ ദൈവത്തോടു കുററങ്ങളുടെ മാപ്പിന്നു യാചിക്കുകയും, നമ്മുടെ മരണത്തെ ഓർക്കുകയും, നാം ജീവിച്ചുവെങ്കിൽ ഇനി പാപം ചെയ്കയില്ലെന്നു ദൈവത്തോടു വാഗ്ദത്തം ചെയ്കയും, ദൈവത്തിന്റെ വിധിനാളെപ്പററി വിചാരിക്കുകയും വേണം.

## 2. ഉപവാസം.

424. ചോ: സഭ എന്തുകൊണ്ടാണു് നാം ഉപവസിക്കേണമെന്നു പഠിപ്പിക്കുന്നതു്?

ഉ: "........മണവാളൻ (അതായതു് മ്ശീഹാ) അവരിൽനിന്നു എടുക്കപ്പെടും നാളുകൾ വരുന്നു". അപ്പോൾ അവർ ഉപവസിക്കും (മത്താ. 9: 15) എന്നു് നമ്മുടെ കർത്താവു് അരുളിച്ചെയ്തു.

425. ചോ: നാം ഉപവസിക്കുന്നതുകൊണ്ടു് എന്താവശ്യമാകുന്നു?

ഉ: എപ്പോഴും നമ്മുടെ പാപങ്ങളെ ഓർക്കുകയും, അവയിൽനിന്നു സത്യമനസ്താപത്തോടെ തിരിയുകയും ചെയ്വാ

നായിട്ട്. "ആത്മാവു് തിന്മകളുടെ ദുർവ്വിചാരങ്ങളിൽനിന്നു വിലക്കപ്പെടുന്നില്ലെങ്കിൽ ഭക്ഷണത്തിൽനിന്നുള്ള ഉപവാസം വ്യർത്ഥമാകുന്നു" എന്നു് 'ഹൂദ്രാ'യിൽ എഴുതീട്ടുണ്ടു്.

426 ചോ: നാം ആഹാരത്തിൽനിന്നു മാത്രമേ ഉപവസിക്കേണ്ടതുള്ളു?

ഉ: അല്ല. മ്ശിഹായുടെ നേരെയുള്ള നമ്മുടെ സ്നേഹം നിമിത്തം പലവിധത്തിൽ നാം നമ്മെത്തന്നെ ത്യജിക്കണം; അതായതു് ധർമ്മം കൊടുക്കുക, പലിശ ഉപേക്ഷിക്കുക, നമ്മെത്തന്നെ താഴ്ത്തുക, ഉറക്കമൊഴിച്ചു് കണ്ണുനീരോടെ പ്രാർത്ഥിക്കുക, വേദപുസ്തകം വായിക്കുക ഇത്യാദി സൽപ്രവൃത്തികൾ ചെയ്യേണം

427. ചോ: ഇപ്രകാരം ചെയ്യാൻ നമ്മുടെ കർത്താവു് എങ്ങിനെ പഠിപ്പിച്ചു?

ഉ: അവന്റെ ജീവൻ മുഴുവനും സ്വയത്യാഗം ആയിരുന്നു (ഫീലി 2. 3 – 9) അവൻ നമ്മുടെ മുൻഗാമിയാകുന്നു എന്നു മാത്രമല്ല, എന്റെ പിന്നാലെ വരുവാൻ ഇച്ഛിക്കുന്നവർ തന്നെത്താൻ ത്യജിച്ചു് തന്റെ ക്രൂശിനെ എടുത്തു് എന്റെ പിന്നാലെ വരട്ടെ" എന്നു കല്പിക്കയും ചെയ്തിരിക്കുന്നു (മത്താ. 16: 24)

428. ചോ: ഈ കാര്യത്തെ സംബന്ധിച്ചു് വിശുദ്ധ മാർ പൌലൂസ് ശ്ലീഹാ എന്തു പറയുന്നു?

ഉ: "പക്ഷേ മററുള്ളവരോടു പ്രസംഗിച്ച ഞാൻതന്നെ തള്ളപ്പെട്ടുപോകാതിരിപ്പാൻ, എന്റെ ശരീരത്തെ ഞാൻ ദണ്ഡിപ്പിക്കുകയും, അടിമയാക്കുകയും ചെയ്യുന്നു" എന്നു് അവൻ പറയുന്നു. (1 കോരി 9: 27, 25, 26)

429. ചോ: ഉപവാസദിവസങ്ങൾ ഏവയാകുന്നു?

ഉ: ഉപവാസദിവസങ്ങൾ വളരെയുണ്ടു്. ഇരുപത്തഞ്ചു നൊയമ്പു് (സൂബോറ), മൂന്നു നൊയമ്പ് (നീനവേക്കാരുടെ), അമ്പതുനൊയമ്പു (വലിയ നൊയമ്പു്), ശ്ലീ

ഹന്മാരുടെ നൊയിമ്പ് (അമ്പതു ദിവസം പന്തിക്കൊസ്ത മുതൽ), ഈലിയ നബീയയുടെ നൊയിമ്പ് (അമ്പതു ദിവസം), മാർത്ത്മറിയത്തിന്റെ നൊയിമ്പ് (പതിനഞ്ചു ദിവസം) ഇവ ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ള നൊയിമ്പിനു പുറമെയാകുന്നു.

430. ചോ: ഈ നൊയിമ്പുകളെല്ലാം എല്ലാവരും നോല്ക്കേണ്ടതാകുന്നുവോ?

ഉ: നിയമപ്രകാരം കല്പിക്കപ്പെട്ട കർത്താവിന്റെ (വലിയ) നൊയിമ്പും മൂന്നു നൊയിമ്പും ഒഴികെ ബാക്കിയുള്ളവ നിർബ്ബന്ധമല്ല. എന്നാൽ സൂബാറയുടെ ദിവസങ്ങളും (25 നൊയിമ്പ്) നിയമത്തിൽ ഉൾപ്പെട്ടപോലെ പൊതുസഭ ആചരിച്ചുപോരുന്നതുകൊണ്ട് അതിനെ ലംഘിക്കുന്നതു് അത്ര നല്ലതല്ല.

431. ചോ: പ്രായാധിക്യമുള്ളവർക്കും രോഗികൾക്കും നൊയിമ്പു നോല്ക്കേണ്ടതിൽനിന്നു വിമുക്തരാകുവാൻ കഴിയുമോ?

ഉ: ഉണ്ട്. എന്നാൽ സഭാമേലദ്ധ്യക്ഷനെ കണ്ടു താങ്കൾക്ക് പറയുവാനുള്ള കാരണങ്ങളെ ബോധിപ്പിച്ചതിന്റെ ശേഷം അനുവാദപ്രകാരം നൊയിമ്പിൽനിന്നു് ഒഴിവാകുന്നതും സുഖക്കേടു മാറിയതിന്റെ ശേഷം ഏതു നൊയിമ്പിൽനിന്നു് ഒഴിവായി കിട്ടിയോ അതിന്റെ ഇരട്ടി ദിവസം പിന്നീടു നിവൃത്തിയുണ്ടെങ്കിൽ നൊയിമ്പ് അനുഷ്ടിക്കേണ്ടതാകുന്നു.

432. ചോ: നൊയിമ്പുകാലത്തിൽ എന്തു ഭക്ഷിക്കണം?

ഉ മാംസം, മത്സ്യം, പാല്, മുട്ട, നെയ്യ് ഈ മാതിരിയുള്ള ഗുരുഭക്ഷണങ്ങൾ വിലക്കപ്പെട്ടിട്ടുണ്ട്; എന്നാൽ പച്ചക്കറി സാമാനങ്ങൾ എല്ലാം ഉപയോഗിക്കാം.

433. ചോ: സാക്ഷാൽ നൊയിമ്പ് എങ്ങിനെ നോല്ക്കേണ്ടതാകുന്നു?

ഉ: നൊയിമ്പിലുള്ള ഞായറാഴ്ച ദിവസങ്ങൾ ഒഴികെ ദിവസേന ഒരു നേരം മാത്രം പച്ചക്കറി സാമാനങ്ങൾ കഴിക്കേണ്ടതാകുന്നു.

434. ചോ: ബുധനാഴ്ചയും വെള്ളിയാഴ്ചയുമുള്ള നൊയിമ്പ് എങ്ങിനെയാകുന്നു?

ഉ: ഈ രണ്ടു ദിവസങ്ങളിൽ ഭക്ഷണത്തിൽനിന്നു മാംസം വജ്ജിക്കണം എന്നു ശ്ലീഹന്മാരുടെ കാനോനകളിൽ എഴുതിയിരിക്കുന്നു. എന്നാൽ പൊതുസഭ ഈ രണ്ടു ദിവസങ്ങളിലും നെയ്യ്, പാൽ മുതലായവ നിയമപ്രകാരമല്ലെങ്കിലും പതിവായി ഉപേക്ഷിച്ചുവരുന്നു.

435. ചോ: എന്തുകൊണ്ടു നാം ബുധനാഴ്ചയും വെള്ളിയാഴ്ചയും നൊയിമ്പ് നോല്ക്കുന്നു?

ഉ: ബുധനാഴ്ച യൂദന്മാരും, ഈഹ്ഹദസ്കർയോത്തയും നമ്മുടെ കർത്താവായ ഈശോമ്ശീഹായെ പിടിച്ചുകൊല്ലുവാൻ ആലോചിച്ചു സ്ഥിരപ്പെടുത്തി (ലൂക്ക 22: 1-6) വെള്ളിയാഴ്ച, ബുധനാഴ്ചയിലെ നിശ്ചയപ്രകാരം പ്രവൃത്തിക്കയും ചെയ്തു (ലൂക്ക 22: 66—23: 56) ഇങ്ങിനെ ദുഃഖകരമായതുകൊണ്ട് നാം ഉപവസിക്കുന്നു.

## 3. ധർമ്മം

436. ചോ: ധർമ്മം എന്നതു് എന്താകുന്നു?

ഉ: ധർമ്മം എന്നതു് ദരിദ്രന്മാർ, നിഗ്ഗതികൾ, അനാഥന്മാർ, വിധവകൾ, ഞെരുക്കപ്പെട്ടവർ, നിർബ്ബന്ധിക്കപ്പെട്ടവർ, ഇവരെല്ലാവരേയും ഏതെങ്കിലും വിധത്തിൽ പണത്താലോ, ഭക്ഷണത്താലോ, അവരുടെ ആവശ്യങ്ങൾക്ക സഹായം ചെയ്കയും; എന്നുതന്നെയല്ല, നമ്മുടെ സമ്പാദ്യത്തിൽനിന്നു ഒരു ഭാഗം ദൈവമഹത്വത്തിന്നും പരോപകാരപ്രവൃത്തികൾക്കും പ്രതിഷ്ഠിക്കുകയും ചെയ്യുന്നതാകുന്നു.

437. ചോ: "ദൈവമഹത്വത്തിന്നു പ്രതിഷ്ഠിക്കുക" എന്നതു് എന്താകുന്നു?

ഉ: സത്യമതത്തെ കുറിച്ചുള്ള ദാനങ്ങൾ ആകുന്നു അതായതു പള്ളികൾ സ്ഥാപിക്കൽ; അവസ്ഥ സാമാനങ്ങളും പണവും കൊടുക്കൽ; ദൈവത്തിന്റെ ശുശ്രൂഷയിൽ വിശ്വാസികളുടെ ആവശ്യങ്ങളെ നടത്തുന്നവരോ, പുറജാതികളുടെ ഇടയിൽ നമ്മുടെ ശ്ലീഹായ്ക്കടുത്ത സത്യമതത്തെ പഠിപ്പിക്കുന്നവരോ, ആയ സഭയിലുള്ള അപ്പിസ്തോലന്മാർ, കശീശന്മാർ, ശംശാനന്മാർ എന്നിവരുടെ ആവശ്യങ്ങളെ തികച്ചു കൊടുക്കൽ ഇവയാകുന്നു "വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനാകുന്നുവല്ലോ" (ലൂക്ക 10: 7; 1 തിമൊ. 5: 17) എന്നു എഴുതിയിരിക്കുന്നു. "ഞങ്ങൾ ആത്മീകമായവയെ നിങ്ങളിൽ വിതച്ചു എങ്കിൽ, നിങ്ങളിൽനിന്നു ജഡമായവയെ കൊയ്താൽ വലിയ കാര്യമോ?" (കോരി. 9: 11, 13, 14) എന്നു പൌലൂസ് ശ്ലീഹാ സ്ഥിരപ്പെടുത്തുകയും ചെയ്യുന്നു.

438 ചോ: സഭയ്ക്കും, അതിന്റെ ഇടയന്മാരും ശുശ്രൂഷകന്മാരുമായ അപ്പിസ്തോലന്മാൎക്കും, കശീശന്മാൎക്കും, ശംശാനന്മാൎക്കും കൊടുക്കുന്ന ദാനങ്ങൾ വേദപുസ്തകത്തിൽ ഇനി ഏതു യോഗ്യനാമങ്ങളാൽ വിളിക്കപ്പെടുന്നു?

ഉ: 'ചിലവു', തോട്ടത്തിന്റെ ഫലം', 'ആട്ടിൻകൂട്ടത്തിന്റെ പാലു' (കോരി. 9: 7, 14: 2 കോരി. 11; 8, ഫിലി 4: 17) 'വിശുദ്ധന്മാൎക്കുവേണ്ടിയുള്ള ധൎമ്മം' (1: കോരി. 16: 1; അ പ്ര. 24: 17.) 'കൃപാഫലം' (1 കോരി. 16: 3) 'വിശുദ്ധന്മാൎക്കുവേണ്ടിയുള്ള ശുശ്രൂഷ', 'അനുഗ്രഹം', 'നീതിയുടെ വിളവു', 'വിശുദ്ധന്മാരുടെ കുറവുകൾ', ദൈവത്തിന്റെ പറഞ്ഞുകൂടാത്ത ദാനം' (2 കോരി 9: 1, 5, 6, 10, 12, 15) 'ഞെരുക്കത്തിൽ കൂട്ടായ്മ', 'ആവശ്യം', 'സൌരഭ്യവാസന', 'ദൈവത്തിന്നു പ്രസാദമുള്ള ഇഷ്ടബലി' (ഫിലി. 4: 14, 16, 18.) ദരിദ്രന്മാരോടുള്ള കൂട്ടായ്മയും നന്മയും' (എബ്രാ. 13: 16 ) എന്നും

മററം. "എന്തുകൊണ്ടെന്നാൽ ഈ വക ബലികളാൽ മനുഷ്യർ ദൈവത്തെ പ്രസാദിപ്പിക്കുന്നു" (എബ്ര. 13: 16) എന്നു് എഴുതിയിരിക്കുന്നുവല്ലോ.

439. **ചോ:** നാം എങ്ങിനെ ധർമ്മം കൊടുക്കേണമെന്നു നമ്മുടെ കർത്താവു് നമ്മെ പഠിപ്പിക്കുന്നു?

**ഉ:** "മനുഷ്യരാൽ കാണപ്പെടേണ്ടതിന്നു നിങ്ങളുടെ ധർമ്മത്തെ അവർക്കു മുമ്പാകെ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ........എന്നാൽ നീ ധർമ്മം ചെയ്യുമ്പോൾ നിൻെറ വലങ്കൈ ചെയ്യുന്നതു് എന്തു് എന്നു് നിൻെറ ഇടങ്കൈ അറിയരുതു്. നിൻെറ ധർമ്മം രഹസ്യത്തിലായിരിക്കേണ്ടതിന്നു തന്നെ; രഹസ്യത്തിൽ കാണുന്ന നിൻെറ പിതാവു് നിനക്കു് പരസ്യമായി (അവൻ) പ്രതിഫലം തരും" എന്നു് പറഞ്ഞു പഠിപ്പിക്കുന്നു (മത്താ. 6: 1, 3, 4)

440. **ചോ:** ധർമ്മം എന്നതു് ധനികന്മാർ മാത്രമേ കൊടുപ്പാൻ ആവശ്യമുള്ളു?

**ഉ:** അല്ല; നാം എല്ലാവരും ധനികന്മാരായിരുന്നാലും, ദരിദ്രന്മാരായിരുന്നാലും നമുക്കു കഴിവുള്ള വിധത്തിൽ കൊടുക്കണം. രണ്ടു പൈസക്കു ശരിയായ രണ്ടു കാശു ദൈവാലയത്തിലുള്ള ഭണ്ഡാരത്തിലിട്ട ദരിദ്രയായ വിധവ "എല്ലാ മനുഷ്യരേക്കാളും അധികം ഇട്ടു" എന്നു് നമ്മുടെ കർത്താവു് അരുളിചെയ്തു. (മാർക്കൊ. 12: 42, 43)

441. **ചോ:** പ്രാർത്ഥന, നൊയമ്പു്, ധർമ്മം എന്നിവ ഏവയുടെ വിരോധമാകുന്നു.

**ഉ:** ജഡമോഹത്തിൻേറയും, കണ്മോഹത്തിൻേറയും ജീവനത്തിൻെറ വമ്പിൻേറയും വിരോധമാകുന്നു.

(1 യോഹ 2:16.)

സമാപ്തം.

2265

# പ്രാൎത്ഥനകൾ.

---

(1)

ഞങ്ങളുടെ കൎത്താവും ദൈവവുമായുള്ളോവേ! ദൈവീകവും ജീവിപ്പിക്കുന്നതുമായ നിന്റെ കല്പനകളുടെ മധുരമുള്ള സ്വരത്തെ ശ്രദ്ധയോടെ കേൾക്കുന്നതിന്നും മനസ്സിലാക്കുന്നതിന്നുമായി ഞങ്ങളുടെ ഉള്ളിന്ദ്രിയങ്ങളെ പ്രകാശിപ്പിക്കുകയും, ഞങ്ങളുടെ ആത്മശരീരങ്ങൾക്കു് ഉതകുന്ന ഗുണങ്ങളായ സ്നേഹം പ്രത്യാശ, രക്ഷ എന്നിവയെ നിന്റെ കരുണയാലും കൃപയാലും അവയിൽനിന്നു് പെറുക്കി എടുക്കുവാനും, ഞങ്ങൾ ഇടവിടാതെ എല്ലായ്പോഴും നിനക്കു് സ്തോത്രം പാടേണ്ടുന്നതിന്നും ഞങ്ങൾക്കു നല്കുകയും, ചെയ്യുമാറാകേണമേ; എന്നന്നേക്കും സൎവ്വനാഥനായ പിതാവും പുത്രനും റൂഹാദ്കുദ്ശായും ആയുള്ളോവേ! ആമീൻ.

(2)

കൎത്താവേ! ഞങ്ങളുടെ ജീവകാലം മുഴുവനും ഞങ്ങൾ നിന്റേതാകുവാനും, നിന്നെ ഭയപ്പെടുവാനും, നിന്റെ വചനത്തിങ്കൽ നടുങ്ങുവാനും, നിന്റെ ന്യായവിധിയിൽനിന്നു് വിറെക്കുവാനും, നിന്റെ കല്പനകളെ സൂക്ഷിക്കുവാനും, നീതിയുടെ സൽപ്രവൃത്തികളാൽ നിന്റെ ദൈവത്വത്തെ പ്രസാദിപ്പിപ്പാനും ഞങ്ങൾക്കു് നല്കുമാറാകേണമേ! സൎവ്വനാഥനായ പിതാവും പുത്രനും റൂഹാദ്കുദ്ശായുമായുള്ളോവേ! ആമീൻ.

434

# മ്ശീഹായ്ക്കടുത്ത പഠിപ്പ്.

/268·434
HI

മാർ തിമോഥിയൂസ് മെത്രാപ്പോലീത്ത

വില 60 പൈസ.

മാർ നർസൈ പ്രസ്സ്, തൃശ്ശൂർ.